Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ഇടവം 26 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജൂൺ 9 | ലക്കം 40

## രാഷ്ട്രഭാഷാഭ്യസനം

(റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു്)

[അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വാർഷികസമ്മേളനത്തോടനുബന്ധിച്ചുള്ള സാഹിത്യസമ്മേളനത്തിൽ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ചെയ്ത അദ്ധ്യക്ഷപ്രസംഗം.]

ജനതതിയുടെ ആശയാദർശരൂപവൽക്കരണത്തിൽ സാഹിത്യത്തിനുള്ള സ്വാധീനശക്തി നല്ലപോലെ മനസ്സിലാക്കി, കോൺഗ്രസ്സ് വാർഷികങ്ങളിൽ സാഹിത്യസമ്മേളനങ്ങൾക്കും സ്ഥാനമനുവദിക്കുകയും, പ്രബന്ധമത്സരം, കവിതാമത്സരം, പ്രസംഗമത്സരം തുടങ്ങിയവ നടത്തി യുവജനങ്ങളുടെ സാഹിത്യവാസനയെ പ്രബുദ്ധമാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന കോൺഗ്രസ്സ് ഭാരവാഹികൾ തികച്ചും അഭിനന്ദനാർഹരത്രെ. പുരാതനകാലങ്ങളിൽ സംസ്കൃതസാഹിത്യവും അനന്തരകാലങ്ങളിൽ മലയാളസാഹിത്യവും തഴച്ചുവളർന്നിട്ടുള്ളതു രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും പരിലാളനത്തിൻെറ തണലിലാണു്. താദൃശമായ പരിലാളനയും സംരക്ഷണവും സാഹിത്യത്തിനു ഇന്നു ലഭിക്കുന്നില്ല. പകരം സർവ്വകലാശാലകളുടെയും മററു പൊതുസംഘടനകളുടെയും സഹായഹസ്തമാണു് ഇന്നു സാഹിത്യകാരന്മാർക്കു് ആലംബമായിട്ടുള്ളതു്. ഏതന്ന്യായത്താൽ, ഒരു സാമുദായികസംഘടനയായ കത്തോലിക്കാ കോൺഗ്രസിനു കത്തോലിക്കാ സാഹിത്യത്തെ പോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കടമ അനുക്തസിദ്ധമായിരിക്കുന്നു. ഈ കടമ കോൺഗ്രസ്സ് യഥാശക്തി നിർവ്വഹിച്ചുവരുന്നുണ്ടെന്നു കാണുന്നതു് ചാരിതാർത്ഥ്യജനകമാണു്.

### ഭാഷാശുദ്ധി

ഒന്നാമതായി കത്തോലിക്കാസാഹിത്യത്തെ ശുദ്ധിചെയ്യുന്നതിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. നമ്മുടെ അച്ചടിശാലകളിൽനിന്നു പുറത്തുവരുന്ന പല ഗ്രന്ഥങ്ങളിലും അച്ചടിപ്പിശകുകളും മററു സ്ഖലിതങ്ങളും സുലഭമാണു്. അനവധാനത മാത്രമല്ല അജ്ഞതക്കൂടി അവയ്ക്കു നിദാനമായിരിക്കുന്നു. സന്ധിസമാസങ്ങളെപ്പററി സമഗ്രമായ ജ്ഞാനം സിദ്ധിച്ചിട്ടുള്ളവർക്കുമാത്രമേ നിർദ്ദോഷമായ ഭാഷ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളു. ആകയാൽ ഗ്രന്ഥങ്ങൾ മുദ്രണാലയങ്ങളിൽനിന്നു പുറത്തു വിടുന്നതിനുമുമ്പു നല്ല ഭാഷാജ്ഞാനമുള്ള പണ്ഡിതന്മാരെക്കൊണ്ടു അവ പരിശോധിപ്പിക്കേണ്ടതാണു്. കത്തോലിക്കാമതഗ്രന്ഥങ്ങൾ മാത്രമല്ല മേല്പ്പറഞ്ഞ ന്യൂനതയ്ക്കു വിധേയമായിരിക്കുന്നതു്. ഗവമ്മെൻറിൻെറ മേൽനോട്ടത്തിൽ നിർമ്മിക്കപ്പെട്ടവയോ ഗവമ്മെണ്ടംഗീകരിച്ചിട്ടുള്ളവയോ ആയ പാഠപുസ്തകങ്ങളിൽപ്പോലും വ്യാകരണദുഷ്ട്യാ തെററായ പ്രയോഗങ്ങൾ ഉണ്ടെന്നു ഭാഷാദ്ധ്യാപകന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്. എങ്ങനെ ആയാലും, ഈ വിഷയത്തിൽ ഗ്രന്ഥകാരന്മാരുടെയും, പത്രലേഖകന്മാരുടെയും, മുദ്രണാലയാധികൃതരുടെയും ശ്രദ്ധ പതിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

### സംസ്കൃത ഭാഷാഭ്യസനം

നിർദ്ദോഷമായ ഭാഷ പ്രയോഗിക്കുന്നതിനു സംസ്കൃതഭാഷാജ്ഞാനം "അനുപേക്ഷണീയ"മാണെന്നു പറഞ്ഞാൽ എവരും ആ അഭിപ്രായത്തോടു് യോജിച്ചെന്നു വരികയില്ല. എന്നാലതു് "അതിപ്രയോജനകര"മാണെന്നെങ്കിലും എവരും സച്ഛതിച്ചേ മതിയാവൂ. സംസ്കൃതഭാഷാഭ്യസനത്തിൽ ക്രിസ്ത്യാനികൾ പൊതുവെ വിമുഖരായിട്ടാണിരുന്നിട്ടുള്ളതു്. ഈ പരാങ്മുഖതനിമിത്തമല്ലായിരുന്നെങ്കിൽ ക്രിസ്ത്യാനികൾക്കു സാഹിത്യലോകത്തു ഇന്നത്തേതിനെക്കാൾ സമുന്നതമായ ഒരു സ്ഥാനം കൈവരുമായിരുന്നു. ആർഷസംസ്കാരത്തിൻെറ നിദർശനമാണു സംസ്കൃതഭാഷ. എത്ര അനർഘങ്ങളായ തത്വചിന്താരത്നങ്ങളാണു് ഉപനിഷത്തുകളിലും മററു വേദാന്തഗ്രന്ഥങ്ങളിലും കാവ്യനാടകാദിസാഹിത്യകൃതികളിലും മറഞ്ഞുകിടക്കുന്നതു്. ക്രൈസ്തവ തത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും പോഷണത്തിനുപകരിക്കുന്ന ചിന്താശകലങ്ങൾ മാത്രമല്ല, ശബ്ദങ്ങളും ശൈലികളും കൂടി സംസ്കൃതസാഹിത്യത്തിൽനിന്നു ലഭിക്കുന്നതാണു്. അല്ലെങ്കിൽത്തന്നെ കൈരളിക്കു താങ്ങും തണലുമായി നിന്നിട്ടുള്ളതു സർവ്വപ്രധാനമായും ഗൈർവ്വാണിയാകയാൽ സംസ്കൃതഭാഷാജ്ഞാനംകൂടാതെ, ഭാഷാസാഹിത്യത്തിൽ വ്യുല്പത്തി സമ്പാദിക്കുക സാദ്ധ്യമല്ലല്ലോ.

തിരുവിതാംകൂർ സംസ്ഥാനത്തു് സംസ്കൃതസ്കൂളുകളുടെ എണ്ണം ഒരുകാലത്തു മുപ്പതിലധികമായിരുന്നെന്നും ഇപ്പോൾ അവയുടെ എണ്ണം മൂന്നോ നാലോ ആയി കുറഞ്ഞിരിക്കുന്നുവെന്നും ഈയിടെ ഒരു യോഗത്തിൽ ഒരു പ്രാസംഗികൻ പ്രസ്താവിച്ചു കേൾക്കുകയുണ്ടായി. ആംഗ്ലേയർ ആർഷഭാരതത്തെ വിട്ടുപേക്ഷിച്ചിരിക്കുന്ന ഇത്തരുണത്തിൽ സംസ്കൃതപാഠശാലകൾ ആംഗ്ലേയപാഠശാലകളായി രൂപംപ്രാപിക്കുക ഒരു വിരോധാഭാസമായി തോന്നിയേക്കാമെങ്കിലും, അതു യഥാർത്ഥമായ ഒരു വസ്തുതയാണെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ അതേസമയംതന്നെ സംസ്കൃതപഠനത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു ശ്രമവും നടക്കുന്നുണ്ടു്. അടുത്തകാലത്തു ഇൻഡ്യൻ പ്രസിഡണ്ടു് ഏതത്സംബന്ധമായ ഒരു പ്രസ്താവന നടത്തിയതു പത്രങ്ങളിൽ എല്ലാവരും വായിച്ചിരിക്കും. സാധാരണ ജീവിതവുമായി അലിഞ്ഞുചേരാത്ത ഒരു ഭാഷയ്ക്കു ബഹുജനാദരവു സമാർജ്ജിക്കുക സാദ്ധ്യമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ വിദ്യാലയങ്ങളിൽ ഒരുപഭാഷയെന്നോണമോ, ഇതരരംഗങ്ങളിൽ ഒരു "ഹോബി"യെന്നോണമോ അഭ്യസിക്കുവാൻ കുറേപ്പേർക്കെങ്കിലും കഴിഞ്ഞേക്കും. ഈ വിഷയത്തിൽ ക്രിസ്ത്യാനികൾ ഒരു പ്രബുദ്ധമനോഭാവം പ്രദർശിപ്പിക്കുന്നതു ഉചിതമായിരിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊള്ളട്ടെ.

### രാഷ്ട്രഭാഷാഭ്യസനം

സംസ്കൃതഭാഷാഭ്യസനം സംബന്ധിച്ചു് നാമേതുനില അവലംബിച്ചാലും പ്രായോഗികജീവിതത്തെ അതു സാരമായി ബാധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ രാഷ്ട്രഭാഷയായ ഹിന്ദിയുടെ സ്ഥിതി ഇതിൽനിന്നു വ്യത്യസ്തമാണു്. രാഷ്ട്രീയകേന്ദ്രങ്ങളിലും വിദ്വൽസദസ്സുകളിലും മാത്രമല്ല, അനുദിനജീവിതത്തിൻെറ വ്യവ



വിദ്യാർത്ഥികളുടെ മാതൃകയായ വി. ഡോമിനിക്കു് സാവിയോ

(വിശുദ്ധപദപ്രഖ്യാപനം—1954 ജൂൺ 18)

ഹാരമണ്ഡലങ്ങളിലും ചന്തസ്ഥലങ്ങളിലും പൊതുനിരത്തുകളിലും ഹിന്ദി അചിരേണ പ്രാമുഖ്യം കരസ്ഥമാക്കുന്നതായിരിക്കും. ആകയാൽ, പ്രസ്തുതഭാഷയിൽ വ്യുല്പത്തിസമ്പാദിക്കാത്തവൻ ജീവിതസമരത്തിൽ വിജയംവരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. ഏവംവിധം പുരോഗമനാത്മകമായ ഒരു വീക്ഷണകോണത്തിൽനിന്നു നോക്കുമ്പോൾ, രാഷ്ട്രഭാഷാഭ്യസനം നമ്മുടെ അനുപേക്ഷണീയമായ ഒരു കർത്തവ്യമാണെന്നു കാണുവാൻ പ്രയാസമില്ല. ഈ വിഷയത്തിൽ, നാം യാതൊരു കാരണവശാലും പിന്നിൽ കിടക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം രാഷ്ട്രീയമായും സാമ്പത്തികമായും ഭാസുരമായ ഒരു ഭാവി നമുക്കുണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. നമ്മുടെ ബാലികാബാലന്മാർ വിദ്യാലയങ്ങളിൽ ഹിന്ദി പഠിക്കുവാൻ നിർബ്ബന്ധരായിരിക്കുന്നു. എന്നാൽ അവരുടെ ഉത്സാഹത്തിന്റെയും അവരുടെ മാതാപിതാക്കന്മാരുടെ പ്രോത്സാഹനത്തിന്റെയും കുറവുനിമിത്തം ഈ വിഷയത്തിൽ അവർ താരതമ്യേന മന്ദഗതിയിൽ പുരോഗമിക്കുന്നതായിട്ടാണറിവ്. അവർക്ക് വേണ്ടത്ര പ്രചോദനവും പ്രോത്സാഹനവും നൽകുവാൻ മാതാപിതാക്കന്മാരെയും രക്ഷാകർത്താക്കളെയും ആഹ്വാനം ചെയ്തുകൊള്ളട്ടെ.

വിദ്യാർത്ഥികൾ മാത്രമല്ല, വിദ്യാലയജീവിതം ഉപേക്ഷിച്ച് വീട്ടുകാര്യങ്ങളിലും ഇതരജീവിതവ്യവഹാരങ്ങളിലും ഏർപ്പെട്ട് കൃത്യാന്തരബഹുലരായി കഴിഞ്ഞുകൂടുന്നവരും തങ്ങളുടെ ഒഴിവുസമയം ഹിന്ദിഭാഷാഭ്യസനത്തിൽ ചെലവഴിക്കുന്നത് അത്യന്തം അഭിലഷണീയമായിരിക്കും. ഏതൊരുവനും ആയുഷ്കാലം മുഴുവൻ ഒരു വിദ്യാർത്ഥിയായി കഴിച്ചുകൂട്ടേണ്ടതാണ്. നമ്മുടെ ബുദ്ധിപരമായ കഴിവുകളെ സദാപി ഉപയോഗിച്ചു കൊണ്ടിരിക്കാത്തപക്ഷം അവയ്ക്കു തുരുമ്പുപിടിക്കുന്നതാണ്; അവ ചൈതന്യരഹിതങ്ങളാകുന്നതാണ്. നമ്മുടെ ബുദ്ധിക്കും കാർമ്മശക്തിക്കും പണികൊടുക്കുന്നതിനു് പററിയൊരു മാർഗ്ഗമാണ് നൂതനഭാഷാഭ്യസനം. ആകയാൽ മദ്ധ്യവയസ്കർക്കും വയോവൃദ്ധർക്കുപോലും രാഷ്ട്രഭാഷ അഭ്യസിക്കുവാൻ സാധിക്കുമെന്നും, അവരുടെ പ്രായം അതിനു് ഒരു തടസ്സമല്ലെന്നും ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. കാലവിളംബമെന്യേ, പണ്ഡിതസദസ്സുകളിൽ നടക്കുന്ന പ്രസംഗങ്ങളെല്ലാം രാഷ്ട്രഭാഷയിലായിരിക്കും. തദവസരങ്ങളിൽ നവോഢാസമാനം സങ്കോചവും സംഭ്രമവും പ്രദർശിപ്പിക്കാൻ ഇടവരാതിരിക്കണമെങ്കിൽ, യുവസഹോദരന്മാരാൽ പരാജിതരാക്കപ്പെടാതിരിക്കണമെങ്കിൽ, പ്രായത്തെ അവഗണിച്ചുകൊണ്ട് ഏവരും ഹിന്ദിപഠിക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കേണ്ടതാണ്.

### പാഠ്യപുസ്തകനിർമ്മാണം

രാഷ്ട്രീയമായി മാത്രമല്ല, വിദ്യാഭ്യാസപരമായും നാമിന്നൊരു പരിവർത്തനദശയിലെത്തിയിരിക്കുകയാണ്. പഴയ ആശയങ്ങൾക്കു മാററം ഭവിച്ചിട്ടുണ്ട്; ചിരപ്രതിഷ്ഠിതങ്ങളായ ആദർശങ്ങൾക്കു കോട്ടംതട്ടിയിട്ടുമുണ്ട്. നവീനാശയങ്ങളും ആദർശങ്ങളും ധാരാളം ഇറക്കുമതി ചെയ്യപ്പെട്ടുവരുന്നു. അവ പത്രമാസികകളിലും പാഠ്യപുസ്തകങ്ങളിലും കടന്നുപററുവാൻ പരമാവധി പരിശ്രമം ചെയ്തുവരുന്ന ഒരു കാലമാണിത്. സനാതനതത്വങ്ങളെ മുറുകെപ്പിടിക്കുകയും ധാർമ്മികപ്രമാണങ്ങളെ ആദരിക്കുകയും ചെയ്യാത്ത പാഠ്യപുസ്തകങ്ങൾ ബാലികാബാലന്മാരുടെ സത്സ്വഭാവരൂപവൽക്കരണത്തിനു കണ്ടകോടാലികളായിപ്പരിണമിക്കുമെന്നു നിസ്സന്ദേഹം പറയാവുന്നതാണ്. പലപ്പോഴും നല്ല പാഠ്യപുസ്തകങ്ങളുടെ അഭാവം നിമിത്തമായിരിക്കാം അബദ്ധജടിലമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കൃതികൾ പാഠ്യപുസ്തകങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നത്. അവയുടെ സ്ഥാനത്ത് നല്ല പുസ്തകങ്ങൾ നമുക്കു ചൂണ്ടിക്കാണിക്കുവാനുള്ള പക്ഷം ഈ വിപത്തിനെ കുറെയേറെ തടയുവാൻ സാധിക്കും. ആകയാൽ പരിചയസമ്പന്നരായ കത്തോലിക്കാ അദ്ധ്യാപകന്മാർ പാഠ്യപുസ്തകരചനയിൽ വർദ്ധമാനമായ താല്പര്യം പ്രദർശിപ്പിക്കുന്നതു സമുചിതമായിരിക്കും. സാമ്പത്തികദൃഷ്ട്യാ അതു നല്ലൊരാദായമായിരിക്കുന്നതിനു പുറമെ, ധാർമ്മികദൃഷ്ട്യാ അതു നല്ലൊരു സേവനകൃത്യവുമായിരിക്കും. ശ്രീ കെ. ഇ. ജോബ് തുടങ്ങിയുള്ള ചുരുക്കം ചില അദ്ധ്യാപകന്മാർ ഏതദ്വിഷയത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുണ്ടെന്ന വസ്തുത ഇത്തരുണത്തിൽ സ്മരണീയമായിരിക്കുന്നു.

### സംഘടിതശ്രമം

ക്രിസ്ത്യാനികൾ അഭിമാനംകൊള്ളാവുന്ന ഒരു വസ്തുത ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സന്മാർഗ്ഗികദൃഷ്ട്യാ സംശുദ്ധമായ, ആദർശയോഗ്യമായ സാഹിത്യം രചിക്കുന്നതിൽ ക്രിസ്ത്യാനികൾ പൊതുവേയും കത്തോലിക്കർ പ്രത്യേകിച്ചും ജാഗരൂകരായിരുന്നിട്ടുണ്ട്. നാമമാത്രക്രിസ്ത്യാനികളും നാമമാത്രകത്തോലിക്കരും മററുവിധത്തിൽ വർത്തിച്ചിട്ടുണ്ടാകും. എന്നാലൊരു യഥാർത്ഥക്രിസ്ത്യാനി, യഥാർത്ഥ കത്തോലിക്കൻ മ്ലേച്ഛമായ സാഹിത്യരചനയിൽ, ഗ്രന്ഥപക്ഷങ്ങളെ അശ്ലീലങ്ങളായ വിവരങ്ങൾകൊണ്ടും വർണ്ണനകൾകൊണ്ടും മലീമസമാക്കുന്നതിൽ പരാങ്മുഖനായിരിക്കും. ഈ മനോഭാവത്തോടുകൂടിയ ഗ്രന്ഥകാരന്മാർ ഇതരസമുദായങ്ങളിലും ഉണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാത്തതാണ്. ഇന്നു സാഹിത്യലോകത്തു ദൃശ്യമാകുന്ന അശ്ലീലതയ്ക്കും വിപ്ലവാസക്തിക്കുമെതിരായി തൂലികാസമരം ചെയ്തുവരുന്ന ഹൈന്ദവസാഹിത്യകാരന്മാർ പലരുമുണ്ട്. ഏവംവിധം സനാതനതത്വങ്ങളെയും മനുഷ്യത്വത്തിനു് മാററുകൂട്ടുന്ന സംസ്കാരസമ്പത്തിനെയും സമാദരിക്കുന്ന ഏവരുമൊരുമിച്ച് കൈരളീസേവനം നിർവ്വഹിക്കുവാൻ സന്നദ്ധതയുള്ള യുവതീയുവാക്കന്മാർ നമ്മുടെ സമുദായത്തിലും ധാരാളമുണ്ടാകുവാൻവേണ്ടി നമുക്കു ജഗദീശനെ പ്രാർത്ഥിക്കാം. ഐക്യബോധത്തോടും ശുഭാപ്തിവിശ്വാസത്തോടുംകൂടി അവർ പുരോഗമിക്കട്ടെ. അവർക്കുവേണ്ട ഒത്താശകൾ സമുദായനേതാക്കന്മാരും സാഹിത്യഭക്തരും ചെയ്തുകൊടുക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

# സ്വാതന്ത്ര്യവും വൈദികാധികാരവും

(ഏ വി. തോമസ്, ബോംബെ)

ഏതാനും കൊല്ലം മുമ്പ് ഇററലിയിലെ പൊതുതിരഞ്ഞെടുപ്പിൽ മാർപ്പാപ്പാ തിരുമേനി ഇടപെടുകയുണ്ടായി. അന്നു് കമ്മ്യൂണിസ്റ്റുകാർ ഇററലിയിലെ ഭരണകൂടം പിടിച്ചെടുക്കുമെന്നു് വലുതായ ഭയമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടുചെയ്യുന്നവർ സഭാഭ്രഷ്ടിനു വിധേയരാകുമെന്നു് മാർപ്പാപ്പാ പ്രസ്താവിച്ചു. കേരളത്തിലെ കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് വോട്ടുചെയ്യരുതെന്നു് കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങൾവഴിയായും മററും സ്വജനങ്ങളെ ഉൽബോധിപ്പിച്ചു. ഇതെല്ലാം രാഷ്ട്രീയകാര്യങ്ങളിലും, അതിലും ഉപരിയായി, മനുഷ്യസ്വാതന്ത്ര്യത്തിലും ഉള്ള വൈദികാധികാരികളുടെ കൈകടത്തലായി ചിലർ വ്യാഖ്യാനിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ മാർക്സിയൻ പ്രചരണങ്ങളിൽ വിശ്വസിച്ചു മതിമയങ്ങിയ പല കത്തോലിക്കരും അവർ അധികാരത്തിൽ വന്നാൽ തങ്ങൾക്കു പാർക്കുന്നതിനും കൃഷിചെയ്യുന്നതിനും സ്വന്തമായി ഭൂമി ലഭിക്കുമെന്നും തങ്ങളുടെ സാമ്പത്തികനില മെച്ചമാകുമെന്നും വിചാരിച്ചു. അതിനാൽ തങ്ങളുടെ വോട്ടുകൊടുത്തു് കമ്മ്യൂണിസ്റ്റുപാർട്ടിയെ അധികാരത്തിൽ കൊണ്ടുവരുന്നതിനു് അവർ ആഗ്രഹിച്ചു. ഇവരിൽ പലരും വളരെ നല്ല കത്തോലിക്കരായിരുന്നു. കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടുചെയ്യരുതെന്നുള്ള മാർപ്പാപ്പായുടെ ഔദ്യോഗികമായ കല്പന ഒരു വശത്തും കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വന്നാൽ തങ്ങളുടെ സാമ്പത്തികനില മെച്ചമാകുമെന്നുള്ള വിചാരംകൊണ്ടു് പാർട്ടിക്കു് വോട്ടുചെയ്യുന്നതിനുള്ള ആഗ്രഹം മറുഭാഗത്തും അവരെ അഭിമുഖീകരിച്ചു. താദൃശഘട്ടത്തിൽ ഒരു കത്തോലിക്കൻ എന്താണു ചെയ്യേണ്ടതു്? മാർപ്പാപ്പായുടെ കല്പന അനുസരിക്കണം; ഇററാല്യൻ കത്തോലിക്കരിൽ വലിയ പങ്കും അങ്ങനെ ചെയ്തു.

ഇങ്ങനെയുള്ള ഘട്ടങ്ങൾ വളരെ അപൂർവ്വമായിട്ടേ ഉണ്ടാകാറുള്ളൂ. ആദ്ധ്യാത്മികവ്യവസ്ഥിതി ഭൗതികവ്യവസ്ഥിതിക്കു് ഉപരിയായതുകൊണ്ടു് വൈദികാധികാരം, വിശിഷ്യാ മാർപ്പാപ്പായുടെ അധികാരം, മറെറല്ലാ അധികാരങ്ങൾക്കും അതീതമാണെന്നു് കത്തോലിക്കാ വിശ്വാസത്തിന്റെയും ധാർമ്മികപ്രമാണങ്ങളുടേയും പ്രാഥമികതത്വങ്ങൾ എങ്കിലും ഗ്രഹിച്ചിട്ടുള്ളവർക്കു് അറിയാം. അതിനാൽ സ്വന്തം തീരുമാനങ്ങളും വൈദികനിർദ്ദേശങ്ങളും തമ്മിൽ പൊരുത്തമില്ലെന്നു കാണുന്ന ഘട്ടങ്ങളിൽ ഒരു കത്തോലിക്കൻ നൈസർഗ്ഗികമെന്നോണം വൈദികശാസനത്തിനു വിധേയനാകുന്നു. അതുപോലെതന്നെ മാനുഷികവും ഭൗതികവും ആയ കല്പനകൾ വൈദികശാസനങ്ങൾക്കു വിരുദ്ധമെന്നു തോന്നുന്ന ഘട്ടങ്ങളിലും ഒരു കത്തോലിക്കൻ വൈദികാധികാരത്തിനു വിധേയനാകുന്നു. “ആദ്ധ്യാത്മികപരമാധികാരം” (Primacy of the Spiritual) എന്നു മരിറെറയിൻ പറയുന്ന തത്വത്തിനു് അനുയോജ്യമായിട്ടാണു് കത്തോലിക്കാ മനസ്സാക്ഷി സാധാരണ പ്രവർത്തിക്കുന്നതു്.

### മാർപ്പാപ്പായുടെ ഇടപെടൽ

തികച്ചും ആദ്ധ്യാത്മികമായതിനു പുറമെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ഭൗതികപ്രശ്നങ്ങളിൽ മാർപ്പാപ്പാമാർ ഇടപെടാറുണ്ടു്. അങ്ങനെ ചെയ്യുന്നതു് ഈ പ്രശ്നങ്ങളെ കേവലം ഭൗതികനിലയിൽ വീക്ഷിച്ചുകൊണ്ടല്ല, പ്രത്യുത ഇവ ആദ്ധ്യാത്മികങ്ങളെ ബാധിക്കുന്ന ഘട്ടങ്ങളിൽ മാത്രമാണു്; അതായതു് മനുഷ്യന്റെ നിത്യരക്ഷയെ സംബന്ധിച്ച കാര്യങ്ങളെ ഇവ സ്പർശിക്കുമ്പോൾ മാത്രമാണു്. ഇതു് ഏതെങ്കിലും വിധത്തിലുള്ള ഭൗതികനന്മയെ ഉദ്ദേശിച്ചല്ല, പ്രത്യുത പാപത്തെ അപലപിക്കുകയോ ഒഴിച്ചുവയ്ക്കുകയോ ചെയ്യുന്നതിനു മാത്രമാണു്; ഭൗതികപ്രശ്നങ്ങളുമായുള്ള ബന്ധത്തിൽ ആത്മാക്കളുടെ രക്ഷയേയും സഭയുടെ സ്വാതന്ത്ര്യത്തേയും സംരക്ഷിക്കുന്നതിനു വേണ്ടിയാണു് ഇങ്ങനെ ചെയ്യുന്നതു്. ഇതിനു് സാധാരണ “പരോക്ഷമായ അധികാരം” (indirect power) ഉപയോഗിച്ചുള്ള ഇടപെടൽ എന്നു പറയുന്നു.

ഈ അധികാരം ആദ്ധ്യാത്മികാധികാരത്തിൽനിന്നും വ്യതിരിക്തമായ ഒന്നല്ല; പ്രത്യുത ആദ്ധ്യാത്മികാധികാരത്തിന്റെ ഭൗതികങ്ങളുടെമേലുള്ള പ്രയോഗം മാത്രമാണു്. ഇങ്ങനെ പ്രയോഗിക്കുന്നതു് ഭൗതികമായ ഏതെങ്കിലും താല്പര്യത്തിനു വേണ്ടിയല്ല, പിന്നെയോ ഭൗതികസാഹചര്യങ്ങളിൽ അന്തർഭവിച്ചിട്ടുള്ള അഭൗതികവും ആദ്ധ്യാത്മികവും ആയ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു്. “പരോക്ഷമായ അധികാര”ത്തെ സംബന്ധിച്ചു് പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ട സംഗതിയാണിതു്.

ഭൗതികങ്ങളിലുള്ള സഭയുടെ താദൃശമായ ഇടപെടലുകൾക്കുള്ള സർവ്വപ്രധാനവും—ഏകവും—ആയ കാരണം പാപഹേതു (ratione peccati) ആണു്. പ്രധാനമായ ആദ്ധ്യാത്മികനന്മകൾക്കു സാരമായ ഭീഷണിയുണ്ടാകുന്ന ഘട്ടങ്ങളിൽ മാത്രമേ സഭയ്ക്കു് ഇങ്ങനെ ഇടപെടുന്നതിനുള്ള അധികാരവും ചുമതലയും ഉള്ളുവെന്നാണു് കത്തോലിക്കാ പ്രബോധനം. ഈ അധികാരവും ചുമതലയും സഭയ്ക്കു നിഷേധിക്കുന്നതു് രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ധാർമ്മികമൂല്യങ്ങൾ രാഷ്ട്രത്തിന്റെമാത്രം കാര്യമാണെന്നു വാദിക്കുന്നതിനു സമമാണു്. അപ്പോൾ ധാർമ്മികവും ആദ്ധ്യാത്മികവുമായ കാര്യങ്ങൾ രാഷ്ട്രത്തിന്റെ പൂർണ്ണനിയന്ത്രണത്തിലാകുന്നു. ഇതു് “ഭൗതികവാദ”മാണു്. ഭൗതികം ആദ്ധ്യാത്മികത്തിനു് ഉപരിയാണെന്നു പറയുന്ന തെററായ വാദഗതിയാണിതു്.

പ്രധാനമായ ആദ്ധ്യാത്മികനന്മകൾക്കു ഭീഷണിയുണ്ടോയെന്നു നിർണ്ണയിക്കുന്നതു് ആരാണെന്ന പ്രശ്നം ഇത്തരുണത്തിൽ ഉത്ഭവിക്കുന്നു. മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിലുള്ള അദ്ധ്യാപനസഭയാണിതു നിർണ്ണയിക്കുന്നതു്. കാരണം ഭൗതികപ്രശ്നങ്ങളും ആദ്ധ്യാത്മികമായ നമ്മുടെ പരമാന്ത്യവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കുന്നതിനുള്ള കഴിവു് സഭയ്ക്കു മാത്രമേയുള്ളൂ. നമ്മെ ആദ്ധ്യാത്മികമായ പരമാന്ത്യത്തിലേക്കു നയിക്കുന്നതു സഭയുടെ കർത്തവ്യമാണല്ലോ.

### പ്രധാന നിദാനം

രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളിൽ മാർപ്പാപ്പാമാർ ഇടപെടുന്നതു് ആദ്ധ്യാത്മികങ്ങൾക്കു് ഭൗതികങ്ങളുടെ മേലുള്ള അധികാരവും ആധിപത്യവും മൂലമാണെന്നു് ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു. ഈ അധികാരത്തിന്റെ പ്രയോഗത്തിൽ സ്ഥലകാലങ്ങൾക്കനുസൃതമായി വ്യത്യാസങ്ങൾ വന്നിട്ടുണ്ടെങ്കിലും ഇതു പ്രയോഗിക്കുന്നതിനുള്ള അവകാശത്തിനു യാതൊരു ന്യൂനതയോ ഭംഗമോ വന്നിട്ടില്ല. ലോകത്തിന്റെ അവസാനത്തോളം സഭയ്ക്കു് ഈ അവകാശം ഒരിക്കലും ഉപേക്ഷിക്കാൻ നിവൃത്തിയില്ലെന്നു് കത്തോലിക്കാ ഗ്രന്ഥകാരന്മാർ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ധാർമ്മികമായ പ്രശ്നങ്ങളെ സ്പർശിക്കാത്തപ്പോൾ സഭ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളിൽ ഒരിക്കലും ഇടപെടുന്നില്ല. അങ്ങനെ ഇടപെടാനുള്ള അവകാശമോ ചുമതലയോ തനിക്കുണ്ടെന്നു സഭ ഭാവിക്കുന്നുമില്ല. അതിനാൽ ഒരുത്തനു് തന്റെ രാജ്യത്തോടുള്ള ന്യായാനുസൃതമായ ഭക്തി സഭയോടുള്ള ഭക്തിക്കു് ഒരിക്കലും വിരുദ്ധമല്ല. സഭയോടുള്ള ഭക്തി സ്വരാജ്യത്തോടുള്ള ഭക്തിയിൽനിന്നും യാതൊരുത്തനേയും അക


## ദാറിയൻറ് സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം

ബ്രാഞ്ചുകൾ:—

| | | | |
|---|---|---|---|
| ഈരാററുപേട്ട | കോട്ടയം | പാലാ | പിറവം |
| എറണാകുളം | കൂട്ടിക്കൽ | പാമ്പാടി | പൂവരണി |
| എരുമേലി | കോതമംഗലം | വൈക്കം | തൊടുപുഴ |
| കാളകെട്ടി | കുമരകം | വ. പറവൂർ | തിരുവല്ല |

പുരോഗമനപത്രിക

| വർഷം | പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽമൂലധനവും | ആകെ പ്രവർത്തക മൂലധനം | ആദായവീതം |
|---|---|---|---|
| ഡിസമ്പർ | | | |
| ” 1945 | 1,36,400 | 11,53,400 | 2½ % |
| ” 1948 | 2,71,800 | 33,93,400 | 4 % |
| ” 1950 | 3,34,500 | 73,26,500 | 4 % |
| ” 1952 | 4,63,000 | 94,50,000 | 4 % |
| ” 1953 | 5,01,000 | 1,02,14,000 | 4 % |

# വിശുദ്ധനായ വിദ്യാർത്ഥി

(ജെ. സി. അൾമെയ്ഡ)

"ബാലനായ ഡോമിനിക്ക് സാവിയോ, തന്റെ പതിനഞ്ചാമത്തെ വയസ്സിലെന്നപോലെ നാലാമത്തെ വയസ്സിലും തന്റെ വാസസ്ഥലങ്ങളായ മുരിയാൾഡോ, കാസ്സൽനോവോ, മൊന്തീനിയോ, ടൂറിൻ എന്നീ സ്ഥലങ്ങളിൽ ഒരു ലില്ലിപ്പുഷ്പംപോലെ ദൈവഭക്തിയുടേയും പരിശുദ്ധിയുടേയും സൗരഭ്യം നിരന്തരം പരത്തിയിരുന്നു. ആ ബാലൻ സലേഷ്യൻസഭയുടെ അഭിമാനഭാജനവും നമ്മുടെ ബാലികാബാലന്മാർക്കു സുകൃതജീവിതത്തിലേക്കുള്ള ഉത്തമനായ മാർഗ്ഗദർശിയുമാകുന്നു. ആപത്തുകളുടെ മദ്ധ്യത്തിൽ പുണ്യജീവിതം നയിക്കേണ്ടതെങ്ങനെയെന്നും, സന്തോഷഭാവത്തോടൊപ്പം ഗൗരവവും, മൗനത്തോടൊപ്പം പരമാർത്ഥതയും, വിനയത്തോടൊപ്പം മഹത്വവും, ബാഹ്യജീവിതത്തിലെ വിവിധാദ്ധ്വാനങ്ങളോടൊപ്പം ദൈവൈക്യത്തിലുള്ള ആന്തരികജീവിതവും സംയോജിപ്പിക്കേണ്ടതെങ്ങനെയെന്നും, ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടവരായും അനന്തരതലമുറകളുടെ സ്നേഹസ്മരണകൾക്കർഹരായും ജീവിക്കേണ്ടതെങ്ങനെയെന്നും, നമ്മുടെ ബാലികാബാലന്മാർ ഡോമിനിക്ക് സാവിയോയിൽനിന്നു പഠിക്കട്ടെ" എന്നാണ് അത്യുന്നത കർദ്ദിനാൾ പാറോക്കി തിരുമനസ്സുകൊണ്ടു് ഡോമിനിക്കിന്റെ മരണത്തിന്റെ 50-ാം വാർഷികം ആഘോഷിച്ച അവസരത്തിൽ പ്രഖ്യാപിച്ചതു്.

പുണ്യചരിതനായ ഈ ബാലൻ 1842 ഏപ്രിൽ 2-ാംനു ഇററലിയിൽ ടൂറിൻ നഗരത്തിലുള്ള റീവാ എന്ന സ്ഥലത്തു ഒരു പാവപ്പെട്ട ഇരുമ്പുപണിക്കാരനായ കാർലോസ് സാവിയോ, ഗയാത്തോ ബ്രിജീത്ത എന്നീ ദമ്പതിമാരിൽനിന്നു പിറന്നു. ഉത്തമമായ ഒരു കത്തോലിക്കാ കുടുംബമായിരുന്നു സാവിയോഗൃഹം. തദനുസരണമായ ശിക്ഷണം ബാലനു ലഭിച്ചു. നാലുവയസ്സായപ്പോഴേക്കും അനുദിനജപങ്ങളെല്ലാം ബാലൻ ഹൃദിസ്ഥമാക്കുകയും ഭക്തിപൂർവ്വം അവയെ അനുദിനം ഉരുവിടുകയുംചെയ്തു. അന്നത്തെ രീതിയനുസരിച്ചു പതിനൊന്നു വയസ്സിലാണു സാധാരണ കുട്ടികൾ ആദ്യദിവ്യകാരുണ്യസ്വീകരണത്തിനു അനുവദിക്കപ്പെടുക. എന്നാൽ ഡോമിനിക്കിന്റെ അസാധാരണമായ ബുദ്ധിശക്തിയേയും ഭക്തസ്വഭാവത്തേയും പരിഗണിച്ച് ഏഴുവയസ്സായപ്പോൾ ആ മഹാകർമ്മത്തിൽ ഭാഗഭാക്കാകുന്നതിനു് അംഗീകാരം സിദ്ധിച്ചു. ആ പിഞ്ചുബാലൻ അതീവഭക്തിപൂർവ്വം പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തുകയും ദിവ്യഈശോയുമായുള്ള ഐക്യത്താൽ ഭക്ത്യുജ്ജ്വലമായ തന്റെ ജീവിതം ശോഭനമായി തുടരുകയുംചെയ്തു. "എന്റെ മകനെ, നീ ഒന്നും പേടിക്കേണ്ട. നീ എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ഞാൻ ക്ഷമിച്ചിരിക്കുന്നു. ദൈവം നിന്നെ എന്നെന്നും അവിടുത്തെ അനുഗ്രഹത്തിൽ കാത്തുകൊള്ളുന്നതിനു നീ അപേക്ഷിക്കുക. കൂടാതെ, നിന്റെ അപ്പനുവേണ്ടിയും എനിക്കുവേണ്ടിയും നീ ഈശോയോടപേക്ഷിക്കണം" എന്നായിരുന്നു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു അനുമതിയും അനുഗ്രഹവും വാങ്ങുന്നതിനു് അമ്മയുടെ മുമ്പിൽ മുട്ടുകുത്തിയ തന്റെ ഓമനസുതനോടു് സാദ്ധ്വിയായ മാതാവു് ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു പറഞ്ഞതു്.

ഡോമിനിക്കിനു രണ്ടുവയസ്സായപ്പോൾ സാവിയോകുടുംബം റീവായിൽനിന്നു മുരിയാൾഡോ ഗ്രാമത്തിലേക്കു മാറിത്താമസിച്ചു. അവിടെയുള്ള ഗ്രാമീണവിദ്യാലയത്തിലാണു് ബാലൻ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചതു്. അനന്തരം രണ്ടുനാഴികയിലധികം ദൂരമുള്ള കാസൽനോവോയിൽ ഉപരിവിദ്യാഭ്യാസം തുടർന്നു. സ്വതവെ ക്ഷീണഗാത്രനായിരുന്ന ഡോമിനിക്കിനു് ഇതു വളരെ ക്ലേശകരമായ അദ്ധ്വാനമായിരുന്നു. കുടുംബത്തിലെ ദരിദ്രാവസ്ഥയിൽ മററു സൗകര്യങ്ങളൊന്നും ഉണ്ടാക്കുന്നതിനു് അദ്ദേഹത്തിന്റെ പിതാവിനു സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ടു് വൈമനസ്യത്തോടെയെങ്കിലും മകന്റെ ആഗ്രഹത്തെ അവർ അനുകൂലിക്കുകതന്നെ ചെയ്തു. കാസൽനോവോ ഇടവകദേവാലയത്തിലായിരുന്നു ഡോമിനിക്കിന്റെ ആദ്യകുർബാന സ്വീകരണം. 1852ൽ സാവിയോ കുടുംബം മൊന്തീനിയോ എന്ന സ്ഥലത്തേക്കു താമസംമാററി. അവിടെയാണു് ഡോമിനിക്കു് പിന്നീടു പഠനം തുടർന്നതു്. ഒരു വൈദികനായിത്തീരണമെന്നുള്ള അതീവാഗ്രഹം ഈ പുണ്യബാലനിൽ അതിശക്തിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു. സാമ്പത്തികമായും ആരോഗ്യപരമായും നിരവധി പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടിരുന്നു എങ്കിലും അവസാനം 13-ാമത്തെ വയസ്സിൽ ഡോമിനിക്കു് ടൂറിനിലുള്ള സലേഷ്യൻ ആശ്രമത്തിൽ ചേർന്നു. അവിടെയാണു് വിശുദ്ധ ഡോൺബോസ്കോയുടെ ശിഷ്യനാകുന്നതിനു് അദ്ദേഹത്തിനു ഭാഗധേയം സിദ്ധിച്ചതു്.

മൊന്തീനിയോയിൽ ഡോമിനിക്കിന്റെ ഗുരുവായിരുന്ന ഫാദർ ജോസഫ് കുലിയേരോയാണു് വൈദികാന്തസ്സിലേക്കുള്ള ദൈവവിളിയെപ്പററി ആദ്യം സംസാരിച്ചതു്. അവിടത്തെ പഠനം അവസാനിച്ചയവസരത്തിൽ അദ്ദേഹം ഡോമിനിക്കിനോടു ചോദിച്ചു: "നിനക്കു ഉപരിവിദ്യാലയത്തിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹമുണ്ടോ?"

ഡോമിനിക്ക്: "വിദ്യാലയത്തിലോ? മനസ്സുണ്ട്. എന്നാൽ പണമില്ലല്ലോ."

ഫാദർ: "പണത്തിന്റെ കാര്യം ദൈവം നിവൃത്തിച്ചാലോ?"

ഈ സംഭാഷണം ഡോമിനിക്കിനു് ഒരു പുതിയ പ്രത്യാശാകിരണമായിരുന്നു. ഫാദർ ജോസഫ് ഡോമിനിക്കിനെപ്പററി ടൂറിനിൽ സലേഷ്യൻ ഓററ്ററി സമാരംഭിച്ചുനടത്തിയിരുന്ന ഡോൺബോസ്കോയോടു സംസാരിക്കുകയും അങ്ങനെ സലേഷ്യൻസഭയിൽ ചേരുന്നതിനുള്ള മാർഗ്ഗം തുറന്നുകിട്ടുകയും ചെയ്തു. ഡോമിനിക്കു 1854 ലാണു് മുരിയാൾഡോയിൽ വന്നിരുന്ന ഡോൺബോസ്കോയ്ക്കു പരിചയപ്പെടുത്തപ്പെട്ടതു്. ബാലനുമായി ആ അവസരത്തിൽ നടന്ന ഒരു സംഭാഷണഭാഗം ഈ ഗുരുശിഷ്യന്മാരുടെ അനുഭവാഭിപ്രായങ്ങളെ പ്രകടമാക്കുന്നതാണു്. പിതാവുമൊന്നിച്ചുവന്ന ഡോമിനിക്കിനോടു് ഡോൺബോസ്കോ ചോദിച്ചു: "നീ ആരാണു്? നീ എവിടെ നിന്നു വരുന്നു?"

ഡോമിനിക്ക്: "ഡോമിനിക്ക് സാവിയോ എന്നാണു് എന്റെ പേർ. എന്റെ കാര്യത്തെപ്പററി കുലിയേരോഅച്ചൻ അങ്ങയോടു പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ മൊന്തീനിയോയിൽ നിന്നാണു വരുന്നതു്." അനന്തരം ഡോമിനിക്കും ഡോൺബോസ്കോയും തമ്മിൽ സുദീർഘമായ ഒരു രഹസ്യസംഭാഷണം നടന്നു. ഡോമിനിക്കിനെപ്പററി എത്ര മഹത്തായ ഒരഭിപ്രായമാണു് അതിൽനിന്നുണ്ടായതെന്നു നോക്കുക. വീണ്ടും ഡോമിനിക്കിന്റെ അപ്പനെ വിളിച്ച് അവസാനതീരുമാനം പറയുന്നതിനുമുമ്പു് ഡോമിനിക്ക് ഡോൺബോസ്കോയോടു പരമാർത്ഥതയോടുകൂടി ചോദിക്കയാണു്: "അച്ചനു് എന്താണു് എന്നെപ്പററി തോന്നുന്നതു്? പഠിക്കുന്നതിനായി അച്ചൻ എന്നെ ടൂറിനിലേക്കു് കൊണ്ടുപോകുമോ?"

ജോൺബോസ്കോ:- "നല്ല തുണിയാണെന്നു തോന്നുന്നു."

ഡോമിനിക്ക്:- "ഈ തുണി എന്തിനു കൊള്ളാം?"

ജോൺ ബോസ്കോ:- "ഒരു നല്ല ഉടുപ്പുണ്ടാക്കി കർത്താവിനു കാഴ്ചവയ്ക്കാൻ കൊള്ളാം."

ഡോമിനിക്ക്:- "അപ്പോൾ ഞാൻ തുണിയും അച്ചൻ തയ്യൽക്കാരനും അല്ലേ? അതുകൊണ്ടു അച്ചൻ എന്നെ എടുത്തു കർത്താവിനു ഒരു നല്ല ഉടുപ്പുണ്ടാക്കുക."

ജോൺബോസ്കോ:- "നിന്റെ ക്ഷീണാവസ്ഥ കണ്ടിട്ടു പഠനത്തിനു നിനക്കു സാധിക്കുമോ എന്നെനിക്കു ഭയമാണു്."

ഡോമിനിക്ക്:- "അച്ചൻ ഭയപ്പെടേണ്ട. ഇതുവരെ എനിക്കു ആരോഗ്യവും അനുഗ്രഹവും തന്ന കർത്താവു ഇനിയും എന്നെ സഹായിക്കാതിരിക്കയില്ല."

ജോൺ ബോസ്കോ:- "എന്നാൽ ലത്തീൻപഠനം കഴിഞ്ഞിട്ടു നീ എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്?"

ഡോമിനിക്ക്:- "കർത്താവു് എന്നെ അനുഗ്രഹിക്കുന്നപക്ഷം ഒരു വൈദികനാകണമെന്നാണു് എന്റെ ആഗ്രഹം."

ജോൺബോസ്കോ ഡോമിനിക്കിന്റെ പഠനത്തിനുള്ള സാമർത്ഥ്യത്തെ പരിശോധിച്ചു തൃപ്തിപ്പെടുകയും അദ്ദേഹത്തോടൊന്നിച്ചു ടൂറിനിലേക്കു കൊണ്ടുപോവുകയും ചെയ്തു.

ടൂറിനിലെ സലേഷ്യൻ ആശ്രമത്തിൽ ഡോമിനിക്കു ഏവർക്കും മാതൃകാപരമായ വിശിഷ്ട പുണ്യജീവിതം നയിച്ചു. പഠനത്തിലും പ്രഥമഗണനീയനായിരുന്നു. എന്നാൽ ക്രമേണ ഡോമിനിക്കിന്റെ ആരോഗ്യം ക്ഷയിച്ചു. ഡോക്ടറന്മാരുടെ നിർദ്ദേശമനുസരിച്ചു കുറെക്കാലം വീട്ടിൽ പോയി താമസിച്ചു വിശ്രമമെടുക്കുന്നതാവശ്യമാണെന്നു കണ്ടുകൊണ്ടു ജോൺബോസ്കോ ഡോമിനിക്കിനെ വീട്ടിലേക്കു പറഞ്ഞയച്ചു. ഡോമിനിക്കിന്റെ വേർപാടു സ്ഥാപനത്തിനു പൊതുവെയും ഡോൺബോസ്കോയ്ക്കു പ്രത്യേകിച്ചും മർമ്മഭേദകവും ആശങ്കാപൂരിതവുമായിരുന്നു. വീട്ടിലെ താമസത്തിനിടയിലും ഡോമിനിക്കു സന്യാസജീവിതത്തിന്റെ പരിപാടികൾതന്നെ നിഷ്ഠയായി പാലിച്ചുപോന്നു. ആരംഭത്തിൽ ആരോഗ്യപരമായി ചില അഭിവൃദ്ധിലക്ഷണങ്ങൾ കണ്ടിരുന്നെങ്കിലും അതു നീണ്ടുനിന്നില്ല. ദൈവഹിതം അതായിരുന്നു. 1857 മാർച്ച് 9-ാംനു വിശുദ്ധ കൂദാശകളെല്ലാം ഭക്തിപൂർവ്വം സ്വീകരിച്ചു പ്രശാന്തനായി സുകൃതജപങ്ങൾ ഉരുവിട്ടുകൊണ്ടു വിദ്യാർത്ഥിയായ ഡോമിനിക്കു സാവിയോ തന്റെ 15-ാമത്തെ വയസ്സിൽ പാവനജീവിതം സമാപിപ്പിച്ചു മോക്ഷസമ്മാനത്തിനായി ദൈവസന്നിധിയിലേക്കു യാത്രയായി. നല്ല തുണികൊണ്ടുള്ള നല്ല വസ്ത്രം കർത്താവിനു സമ്മാനിക്കപ്പെട്ടു.

ഡോമിനിക്കിന്റെ പാവനശരീരം മൊന്തീനിയോയിൽ സംസ്കരിക്കപ്പെട്ടു. 50 വർഷം കഴിഞ്ഞു ഈ പുണ്യബാലന്റെ പാവനാവശിഷ്ടങ്ങൾ അവിടെത്തന്നെ ശിമത്തേരികപ്പേളയിൽ ഒരു മാർബിൾ കല്ലറ കെട്ടി അതിൽ നിക്ഷേപിച്ചു. കുറെക്കഴിഞ്ഞു ഈ പൂജ്യാവശിഷ്ടങ്ങൾ സലേഷ്യൻസഭയുടെ ആസ്ഥാനമായ ടൂറിനിലേക്കു മാററപ്പെടുകയും അവിടെ ഇന്നു ഭദ്രമായി സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. 1950-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഡോമിനിക്കിനെ ധന്യനെന്നു പ്രഖ്യാപനം ചെയ്തു. ഈ മാസം 13-ാംതീയതി വി. പത്രോസിന്റെ ബസ്സിലിക്കായിൽവച്ചു ആഘോഷസമന്വിതം ഡോമിനിക്കു വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്നതാണു്.

ഭൗതികതത്വസിദ്ധാന്തങ്ങളുടെ ഇടതടവില്ലാത്ത പാഞ്ഞൊഴുക്കിലും, രാഷ്ട്രീയപാർട്ടികളുടെ അനാശാസ്യമായ ചരടുവലികളുടെ ബലമത്സരങ്ങളിലും കുടുങ്ങി ഇതികർത്തവ്യതാമൂഢരായി കഴിഞ്ഞുകൂടുന്ന വിദ്യാർത്ഥിലോകം അവർക്കു അഭിമാനസ്തംഭവും മാതൃകയുമായ വിശുദ്ധ ഡോമിനിക്ക് സാവിയോയെ അനുകരിക്കട്ടെ.

---

റുന്നില്ല. മതപരമായ കാര്യങ്ങളിൽ ഒരു കത്തോലിക്കൻ സഭയുടെ അനുശാസനത്തിനു വിധേയമായിരിക്കണം; ഭൗതികമായ കാര്യങ്ങളിൽ അവൻ രാഷ്ട്രത്തിന്റെ ന്യായാനുസൃതമായ നിയമങ്ങൾക്കു വിധേയനായിരിക്കണം. ഇങ്ങനെ, രണ്ടുവിധത്തിലുള്ള ഭക്തിപ്രകടനത്തിൽ ഒരു കത്തോലിക്കൻ രണ്ടു് യജമാനന്മാരെ സേവിക്കയല്ല ചെയ്യുന്നതു്. ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി തന്റെ പൗരപരമായ കർത്തവ്യങ്ങൾകൂടി അനുഷ്ഠിക്കുമ്പോൾ ഒരു കത്തോലിക്കൻ ഏകയജമാനനായ ക്രിസ്തുവിനെമാത്രം സേവിക്കുന്നു. ഭൗതികകാര്യനിർവഹണം ദൈവസേവനമല്ലെന്നു കരുതുന്നവർ, അതായതു ഭൗതികവാദികൾ, മാത്രമേ രാഷ്ട്രസേവനത്തിൽ ദൈവത്തിൽനിന്നും അന്യമായ ഒരു യജമാനനെ സേവിക്കുന്നുള്ളൂ. ഒരു കത്തോലിക്കൻ ഒരിക്കലും അങ്ങനെയല്ല.

കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടു ചെയ്യരുതെന്നു് കത്തോലിക്കരെ അനുശാസിക്കുകയും, സന്താനനിയന്ത്രണം വിവാഹമോചനം, വിദ്യാഭ്യാസത്തിന്റെ രാഷ്ട്രസാൽക്കരണം മുതലായ രാഷ്ട്രത്തിന്റെ പദ്ധതികളെ എതിർക്കുകയും ചെയ്യുമ്പോൾ സഭ മനുഷ്യസ്വാതന്ത്ര്യത്തിൽ കൈകടത്തുകയോ രാഷ്ട്രീയകാര്യങ്ങളിൽ തലയിടുകയോ അല്ല ചെയ്യുന്നതു്; മനുഷ്യരെ അവരുടെ ആദ്ധ്യാത്മികമായ പരമാന്ത്യത്തിലേക്കു് നയിക്കുക എന്ന തന്റെ കർത്തവ്യനിർവ്വഹണത്തിൽ ഉത്സുകയാവുക മാത്രമാണു് ഇത്തരുണത്തിൽ സഭ ചെയ്യുന്നതു്.

---

## ചോദ്യോത്തരപംക്തി

ചോ: എനിക്കുപലപ്പോഴും കുർബാനയുടെ ആരംഭം മുതൽ അവസാനംവരെ കാണാൻ സാധിക്കുന്നില്ല. കടം തീരുന്നതിനു എവിടം മുതൽ എവിടംവരെ കാണണം?

ഉ: നിങ്ങൾക്കു പലപ്പോഴും കുർബാനയുടെ ആരംഭം മുതൽ അവസാനംവരെ കാണാൻ സാധിക്കുന്നില്ല എന്നു പറയുന്നു. എന്തുകൊണ്ടാണു് അങ്ങനെ സംഭവിക്കുന്നതു്? മടിനിമിത്തമാണെങ്കിൽ നിശ്ചയമായും പാപമാകാതിരിക്കയില്ല. ഉപേക്ഷിക്കുന്ന ഭാഗങ്ങളുടെ കൂടുതൽ കുറവനുസരിച്ചു പാപത്തിന്റെ ഗുരുലഘുത്വവും നിശ്ചയിക്കേണ്ടിയിരിക്കുന്നു.

കടം തീരുന്നതിനു എവിടം മുതൽ എവിടംവരെ കാണണമെന്നും ചോദിക്കുന്നു. ഒന്നാമതായി കടമെന്താണെന്നു ശരിക്കു മനസ്സിലാക്കണം. "ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബാന കാണണ"മെന്നല്ലയോ തിരുസ്സഭ കല്പിക്കുന്നതു്. മുറിക്കുർബാന കണ്ടാൽ നിശ്ചയമായും മുഴുവൻകുർബാനയാകയില്ലല്ലോ.

എന്നാൽ, കല്പനാനിവ്വഹണ


## നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

### ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
### ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ

ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

ത്തിന്റെ സാരാംശത്തിനു കേടു കൂടാതിരിക്കുന്നതിനു എന്തുമാത്രം ഉപേക്ഷിക്കാം എന്നു ചോദിച്ചാൽ, ഈവിഷയത്തിൽ സന്മാർഗ്ഗശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ഏതാണ്ടു ഇങ്ങനെ സംഗ്രഹിക്കാം.

കർബാനയുടെ ഗണ്യമായ ഭാഗം ഉപേക്ഷിച്ചാൽ കർബാന വാസ്തവമാകയില്ല. ഗണ്യമായ ഭാഗം എന്നു പറഞ്ഞാൽ രണ്ടു വിധത്തിൽ മനസ്സിലാക്കാം (a) സമയദൈർഘ്യംകൊണ്ടു ഗണ്യമായ ഭാഗം (b) അനുഷ്ഠിക്കപ്പെടുന്ന കർമ്മങ്ങളുടെ തനി പ്രാധാന്യംനിമിത്തം ഗണ്യമായ ഭാഗം. ഒരു കർബാനയ്ക്കു ആകെ വേണ്ടിവരുന്ന സമയത്തിൽ മൂന്നിലൊരു ഭാഗം ഉപേക്ഷിക്കപ്പെട്ടുപോയാൽ കർബാന വാസ്തവമാകയില്ല; മടിനിമിത്തമാണുപേക്ഷിച്ചതെങ്കിൽ ചാവുദോഷം പിഴയ്ക്കുകയും ചെയ്യും. എന്നാൽ വൈദികൻ ബലിസാധനങ്ങളിന്മേൽ കൂദാശാവചനങ്ങൾ ഉച്ചരിച്ചു് ദിവ്യബലിസാധനങ്ങൾ രണ്ടും ഉയർത്തുന്ന സമയം തുലോം ഹ്രസ്വമാണെന്നിരുന്നാലും, ബലിയുടെ ഏററം കാതലായുള്ള ഭാഗം അതാകയാൽ, അതും അനാസ്ഥമൂലം ഉപേക്ഷിച്ചാൽ ചാവുദോഷമാകും.

കാഴ്ചവെയ്പ്, കൂദാശാവചനങ്ങൾ ചൊല്ലിഉയർത്തുന്ന ഭാഗം, വൈദികൻ ബലിസാധനങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം എന്നിവ മൂന്നും ബലിയുടെ പ്രധാനവും അവിഭാജ്യവുമായ ഭാഗങ്ങളാകുന്നു. ഏവൻഗേലിയോനു മുമ്പും, കർബാന അടക്കിയതിനു പിമ്പുമുള്ള ഭാഗങ്ങൾ രണ്ടും ഒരാൾ മടികൊണ്ടുപേക്ഷിക്കുന്നുവെങ്കിൽ സമയംകൊണ്ടു 1/3 ഭാഗം ഉപേക്ഷിച്ചുകളയുന്നുവെന്ന ന്യായത്താൽ ചാവുദോഷം പിഴയ്ക്കുന്നു.

മതിയായ കാരണമുള്ളപ്പോൾ ഈ ഒടുവിൽ പറഞ്ഞ മുമ്പും പിമ്പുമുള്ള ഭാഗങ്ങൾ മററു വൈദികർ അർപ്പിക്കുന്ന ബലികളുമായി കൂട്ടിയോജിപ്പിക്കാമെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

ദിവ്യപൂജയുടെ അപ്രധാനഭാഗങ്ങൾ മനസ്സിലാക്കി അവ അലക്ഷ്യമായി ഉപേക്ഷിക്കുന്നവരെ ഉദ്ദേശിച്ചു ഒരുദാഹരണം പറയാം. സർവ്വലോകങ്ങളുടെയും അധിനാഥനായ ബാവാതമ്പുരാനു് തന്റെ ഏകജാതനായ ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ സജീവബലിയായി അർപ്പിക്കുന്ന കർമ്മമാണല്ലോ കർബാന. ആ സജീവ ദിവ്യചെമ്മരിയാടിന്റെ ചെവികൾ, കൈകാലുകൾ, വാലു് മുതലായവ അപ്രധാനങ്ങൾ എന്നു പറഞ്ഞു മുറിച്ചുകളഞ്ഞ ശേഷം ദൈവത്തിനു ബലിയായി സമർപ്പിച്ചാൽ ദൈവം അതിൽ എത്രമാത്രം പ്രസാദിക്കും എന്നുള്ളതു് പ്രത്യേകം ആലോചിക്കേണ്ടതാണു്.

ചോ: ഒരു കർബാനയുടെ പകുതി മുതൽ അവസാനംവരെയും മറെറാരു കർബാനയുടെ ആദ്യം മുതൽ പകുതിവരെയും കണ്ടാൽ മതിയോ?

ഉ: കാഴ്ചവെയ്പു മുതൽ, ബലിസാധനങ്ങൾ അടക്കുന്നതുവരെയുള്ള ഭാഗങ്ങൾ അവിഭാജ്യങ്ങളാകയാൽ പകുതി പകുതിയായി മുറിക്കുവാൻ പാടില്ല.

ചോ: കുമ്പസാരത്തിൽ പ്രായശ്ചിത്തമായി രണ്ടു കർബാന നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഒരേസമയത്തു രണ്ടൾത്താരമേൽ ചൊല്ലുന്ന രണ്ടു കർബാന കാഴ്ചവച്ചാൽ മതിയാകുമോ?

ഉ: കുമ്പസാര പ്രായശ്ചിത്തമായി എത്ര കർബാന കാണാനുണ്ടോ, അത്രയും വെവ്വേറെ കർബാനകൾ കാണണം.

തിരുസഭാചരിത്രം 31

# ആദിമക്രിസ്ത്യാനികളുടെ സാമൂഹ്യാചാരങ്ങളും ജീവിതക്രമവും

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

റോമാസാമ്രാജ്യത്തിൽ നിലവിലിരുന്നിരുന്ന സാമൂഹ്യവ്യവസ്ഥിതിയിൽനിന്നും സന്മാർഗ്ഗനിയമങ്ങളിൽനിന്നും തികച്ചും വിഭിന്നമായ ഒരു ജീവിതക്രമമാണു് ക്രിസ്തുമതം വിഭാവനചെയ്തതു്. ദൈവവും മനുഷ്യനും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും ഉള്ള ബന്ധത്തിനു് ക്രിസ്തുമതം നൂതനമായ നിർവ്വചനം നൽകി. റോമാസാമ്രാജ്യവും ക്രിസ്തുമതവും തമ്മിലുള്ള വൈരുദ്ധ്യം പ്രധാനമായും മനുഷ്യന്റെ ആത്മീയപ്രവണതകളെ സംബന്ധിക്കുന്നതായിരുന്നു. കാലാന്തരത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ രാഷ്ട്രീയവും, സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ അനുഭവപ്പെടുകയുണ്ടായി.

ദൈവാരാധന, സദാചാരം, സന്മാർഗ്ഗം, സാമൂഹ്യബന്ധം എന്നീ കാര്യങ്ങളിൽ ആദിമക്രിസ്ത്യാനികൾ മററു പൗരന്മാരിൽനിന്നും വളരെ വ്യത്യസ്തമായ ഒരു നിലയാണു് കൈക്കൊണ്ടിരുന്നതെങ്കിലും അനുദിനജീവിതചര്യകളേയും ആചാരങ്ങളേയും സംബന്ധിച്ചിടത്തോളം അവർ തമ്മിൽ പറയത്തക്ക അന്തരം ഒന്നുമില്ലായിരുന്നു; ഒരു പ്രത്യേക സമൂഹമായി മററുള്ളവരിൽനിന്നും വേർതിരിഞ്ഞുനിൽക്കുവാൻ അവർ ആഗ്രഹിച്ചില്ല. തെർത്തുല്യന്റെ ഒരു പ്രസ്താവന ഈ അനുമാനത്തെ സാധൂകരിക്കുന്നു. അദ്ദേഹം പറയുന്നു, "ദൈവത്തിന്റെ കരങ്ങളാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒന്നിനെയും ഞങ്ങൾ വർജ്ജ്യമായി കരുതുന്നില്ല. എന്നാൽ ദൈവത്തിന്റെ ദാനങ്ങളെ പാപകരമായവിധത്തിൽ വിനിയോഗിക്കാതിരിക്കുവാൻ വേണ്ടി ഞങ്ങൾ ആത്മനിയന്ത്രണം പാലിക്കുന്നു. ഞങ്ങൾ നിങ്ങളോടുകൂടി ജീവിക്കുന്നു. പട്ടണമദ്ധ്യത്തിലും, പൊതുകുളിസ്ഥലങ്ങളിലും, ഭോജനശാലകളിലും, കച്ചവടസ്ഥലങ്ങളിലും ഞങ്ങൾ നിങ്ങളോടൊപ്പം പോകുന്നുണ്ടു്. ഞങ്ങൾ നിങ്ങളോടുകൂടി സമുദ്രസഞ്ചാരം ചെയ്യുകയും, യുദ്ധങ്ങളിൽ പങ്കെടുക്കുകയും, വയലുകളിൽ അദ്ധ്വാനിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ വിവിധങ്ങളായ കലാസൃഷ്ടികൾ നിങ്ങളുടെ പ്രയോജനത്തിനായി ഞങ്ങൾ പൊതുസ്വത്താക്കിത്തീർത്തിരിക്കുന്നു." രണാങ്കണത്തിൽ ക്രിസ്ത്യൻ ഭടന്മാർ അനുഷ്ഠിച്ച സേവനങ്ങളെ അത്യധികം പ്രശംസിച്ചുകൊണ്ടു് സഭാമർദ്ദകനായ മാർക്കസ് ഔറീലിയസ് ചക്രവർത്തിതന്നെ ഒരു കത്തെഴുതിയിട്ടുണ്ടു്. വസ്ത്രധാരണത്തിലോ, ഭക്ഷണത്തിലോ, വസതികളുടെ സംവിധാനത്തിലോ, ജീവിതരീതിയിലോ ക്രിസ്ത്യാനികൾ മററുള്ളവരിൽനിന്നു് വ്യത്യസ്തരല്ലായിരുന്നു.

എന്നാൽ ബാഹ്യമായ ഐകരൂപ്യത്തെ വിട്ടിട്ടു് ക്രിസ്തീയജീവിതത്തിന്റെ ഉള്ളിലേക്കു കടന്നുനോക്കുമ്പോൾ, അതു് വളരെ ഉന്നതവും ഉൽകൃഷ്ടവുമായ ഒരു നിലയെ അവലംബിച്ചിരുന്നതായിക്കാണാം. ഡയോനെററസിനുള്ള (Diognetus) കത്തു് എന്ന ഒരു പുരാതനരേഖയിൽ ഇപ്രകാരം കാണുന്നു: "ക്രിസ്ത്യാനികൾ മാംസത്തിൽ ജീവിക്കുന്നു. എന്നാൽ മാംസത്തിനനുസരണമായിട്ടല്ല. അവർ ഭൂമിയിൽ വസിക്കുന്നു. എന്നാൽ അവരുടെ സംഭാഷണം സ്വർഗ്ഗീയമാണു്." റോമൻ സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യാംശമായിരുന്ന ജഡികസുഖാനുഭോഗങ്ങളേയും, ക്രൂരതയേയും, അസാന്മാർഗ്ഗികത്വത്തേയും ക്രിസ്ത്യാനികൾ വെറുത്തിരുന്നു. അക്കാരണത്താൽ അവർ നാടകശാലകളിലോ, ദ്വന്ദയുദ്ധങ്ങൾ നടക്കുന്ന സ്ഥലങ്ങളിലോ പോയിരുന്നില്ല.

ക്രിസ്ത്യാനികൾ അവരുടെ ജീവിതാവശ്യങ്ങൾ കഴിയുന്നത്ര ചുരുക്കുകയും എല്ലാററിലും മിതത്വം പാലിക്കയും ചെയ്തിരുന്നു. ആഭരണങ്ങൾ (പ്രത്യേകിച്ചു കണ്ണാഭരണങ്ങൾ) അണിയുക, കണ്ണിലും കവിളിലും തലമുടിയിലും ചായം പൂശുക, കൃത്രിമമുടി ധരിക്കുക, കണ്ഠത്തിൽ പൂമാലകൾ ചാർത്തുക തുടങ്ങിയുള്ള എല്ലാ ആഡംബരങ്ങളേയും അവർ നിഷിദ്ധമായിക്കരുതി. റോമൻ സാമൂഹ്യജീവിതത്തിൽ ഈദൃശവേഷഭൂഷണങ്ങൾ ജഡികവികാരങ്ങളെ ഉദ്ദീപിപ്പിക്കുന്ന കരുക്കളായി കരുതപ്പെട്ടുപോന്നിരുന്നതിനാൽ ക്രിസ്ത്യാനികളുടെ ദൃഷ്ടിയിൽ അവ വർജ്ജ്യങ്ങളായിത്തീർന്നു. അതേസമയംതന്നെ ക്രിസ്ത്യാനികൾ സ്വീകാര്യങ്ങളായ സാമൂഹ്യമര്യാദകളെ വേണ്ടവണ്ണം ആദരിക്കയും ചെയ്തുപോന്നു. ആഡംബരങ്ങളിലും ലൗകികസുഖാനുഭോഗങ്ങളിലുമുള്ള അതിരുകടന്ന ആസക്തിയെയാണു് ക്രിസ്ത്യാനികൾ വെറുത്തിരുന്നതു്. അലക്സാണ്ഡ്റിയായിലെ ക്ലെമെന്റു് സുഖലോലുപതയെ തീക്ഷ്ണമായി എതിർത്തിരുന്നു. എങ്കിലും ആഭരണങ്ങളോ വിലപിടിച്ച വസ്ത്രങ്ങളോ ധരിക്കുന്നതിനെക്കാൾ കൂടുതലായി ഇത്തരം ആഡംബരങ്ങളിലുള്ള അമിതാസക്തിയെയാണു് അദ്ദേഹം വർജ്ജ്യമായിക്കരുതിയതു്.

ക്രിസ്തുമതം വിവാഹത്തെ അഭേദ്യമായ ഒരു ആദ്ധ്യാത്മികബന്ധത്തിന്റെ നിലയിലേക്കുയർത്തി. ക്രിസ്തുവിന്റെ കാലംവരെയും വിവാഹം ദുർബലവും സ്വാർത്ഥാഭിലാഷങ്ങൾക്കു വിധേയവുമായ ഒരു പരസ്പരസമ്മതം മാത്രമായി കരുതപ്പെട്ടുപോന്നു. ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ബന്ധത്തെപ്പോലെ പാവനവും അഭേദ്യവുമായ ഒരു ബന്ധമായിട്ടാണു് ആദിമക്രിസ്ത്യാനികൾ വിവാഹത്തെ കരുതിപ്പോന്നതു്. വിവാഹമോചനം അവരുടെ ഇടയ്ക്കു് അറിയപ്പെട്ടിരുന്നതേ ഇല്ല. അവരുടെ കുടുംബജീവിതം ഏററവും മാതൃകാപരമായിരുന്നു. യുവതീയുവാക്കന്മാർ അഭംഗുരമായി പരിരക്ഷിച്ചുകൊണ്ടുപോന്ന കന്യാവ്രതം ജഡികവ്യാപാരങ്ങളിൽ നിമഗ്നമായിരുന്ന അന്നത്തെ അക്രിസ്തീയലോകത്തെ അത്ഭുതപരതന്ത്രമാക്കി. ക്രിസ്ത്യൻ വനിതകളുടെ വിനയശീലം അന്യാദൃശമായിരുന്നു. പുനർവിവാഹം പൂർണ്ണമായി നിരോധിക്കപ്പെട്ടിരുന്നില്ല. യുവതികളായ വിധവകൾ പുനർവിവാഹം ചെയ്യേണ്ടതാണെന്നു് വി. പൗലോസ് ഉപദേശിക്കയുണ്ടായി. എങ്കിലും ആദിമക്രിസ്ത്യാനികൾ പുനർവിവാഹത്തോടു് വലിയ അനുഭാവം പ്രകടിപ്പിച്ചില്ല. പുനർവിവാഹം കഴിക്കുന്ന പുരുഷന്മാർ വൈദികസ്ഥാനത്തിൽ പ്രവേശിക്കുവാൻ അനുവദിച്ചിരുന്നില്ല. ക്രിസ്ത്യാനികൾ പുറജാതിക്കാരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചില ഘട്ടങ്ങളിൽ കർശനമായി നിരോധിക്കയും ചെയ്തിരുന്നു.

അടിമകളുടെ സാമൂഹ്യനിലയിൽ ക്രിസ്തുമതം വിപ്ലവപരമായ പരിവർത്തനം വരുത്തി. ബലിഷ്ഠമായ റോമാസാമ്രാജ്യത്തിന്റെ അസ്ഥിവാരത്തിൽ മനുഷ്യത്വംപോലും നിഷേധിക്കപ്പെട്ടിരുന്ന അനേകലക്ഷം അടിമകൾ കിടന്നു് നരകിച്ചിരുന്നു. വെറും കന്നുകാലികളെപ്പോലെയോ, അലസമായ സുഖാനുഭോഗത്തിനുപകരിക്കുന്ന വെറും കരുക്കളെപ്പോലെയോ മാത്രമാണു് യജമാനന്മാർ അടിമകളെ കരുതിപ്പോന്നതു്. ക്രിസ്തുമതം ഈ വ്യവസ്ഥയ്ക്കു വിരാമമിട്ടു. ഓരോ അടിമയിലും കുടികൊണ്ടിരുന്ന ദൈവാംശത്തെയും, വ്യക്തിനിഷ്ഠമായ വിലയേയും ക്രിസ്തുമതം ആദരിച്ചു. എല്ലാ മനുഷ്യരും ക്രിസ്തുവിൽ ഒന്നായിത്തീരുന്നതിനാൽ യജമാനനും അടിമയും തമ്മിൽ മനുഷ്യരെന്നുള്ള നിലയ്ക്കു് യാതൊരു വ്യത്യാസവുമില്ലെന്നു് സഭ ഉൽബോധിപ്പിച്ചു. കൂദാശാസ്വീകരണത്തിൽ യജമാനനും ഭൃത്യനും തുല്യാവകാശങ്ങൾ നൽകിക്കൊണ്ടു് സഭ അവരുടെ അധികാരസീമയ്ക്കുള്ളിൽ അടിമത്വത്തെ ഉച്ചാടനംചെയ്തു. കൂടാതെ ചിലപ്പോൾ യജമാനൻ അദ്ധ്യേതാവു് (Catechumen) എന്ന നിലയിൽ കഴിഞ്ഞുകൂടുമ്പോൾ അയാളുടെ അടിമ ജ്ഞാനസ്നാനം സ്വീകരിച്ചു് സഭയിലെ സമസ്താവകാശങ്ങളും അനുഭവിക്കുന്ന ഒരു അംഗമായിത്തീർന്നിരിക്കും. അതിനും പുറമേ ക്രിസ്ത്യാനിയായ ഒരടിമയ്ക്കു് തന്റെ സ്വഭാവവൈശിഷ്ട്യംകൊണ്ടും ഭക്തിതീക്ഷ്ണതകൊണ്ടും തിരുസഭയിലെ ഏററം ഉന്നതമായ സ്ഥാനങ്ങൾപോലും സംപ്രാപ്യമായിരുന്നു. A. D. 217മുതൽ 222വരെ തിരുസ്സഭയെ ഭരിച്ച വി. കാലിക്സ്റ്റസ് മാർപ്പാപ്പ ആദ്യം ഒരടിമയായിരുന്നു. അങ്ങനെ തിരുസ്സഭയ്ക്കുള്ളിൽ സമാരംഭിച്ച പരിവർത്തനം കാലക്രമേണ ശക്തിപ്രാപിച്ചു് റോമൻ സാമൂഹ്യഘടനയിൽനിന്നു് അടിമത്വത്തെ നിർമ്മാർജ്ജനം ചെയ്യുകയുണ്ടായി.

"കാളൻ'സ് ബുള്ളററിൻ"
(രോഗങ്ങളും പ്രതിവിധികളും)

നീർവീഴ്ച, തുമ്മൽ, ചുമ, ക്ഷയം, ഏങ്ങൽ, അർശസ്സ് (മൂലക്കുരു), വയറുവേദന, നെഞ്ചുവേദന, വായുസ്തംഭനം (ഗ്യാസ് ട്രബിൾ), അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ അനവധി തരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, പ്രതിവിധികളേയുംപററി സവിസ്തരം പ്രതിപാദിക്കുന്ന "കാളൻ'സ് ബുള്ളററി"ന്റെ സാമ്പിൾ കോപ്പി സൌജന്യം. "കാളൻ'സ് ബുള്ളററിൻ പബ്ലിക്ക് ലൈബ്രറികൾക്കും സ്കൂൾ ലൈബ്രറികൾക്കും സൌജന്യമായും തുടർന്നും അയച്ചുകൊടുക്കുന്നതാണു്.

"കാളൻ" സ്ഥാപനത്തിന്റെ പ്രൊപ്രൈററായ കാളത്തു് പാവുണ്ണി ഔസേപ്പുവൈദ്യൻ ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു വരുന്നുണ്ടോയെന്നു് പല രോഗികളും എഴുതി ചോദിക്കുന്നുണ്ടു്. എന്നാൽ "കാളൻ'സ് ബുള്ളററിൻ" മാസത്തിൽ 2 തവണ വീതം പ്രസിദ്ധീകരിക്കേണ്ടതുള്ളതുകൊണ്ടും മററും കാളത്തു് പാവുണ്ണി ഔസേപ്പു വൈദ്യനു് ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ ക്യാമ്പുചെയ്യുന്നതിനു് സൗകര്യപ്പെടുന്നതല്ലെന്നുള്ള വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

അനുകരണങ്ങളെ സൂക്ഷിക്കണം. "കാളൻ"സ്ഥാപനത്തിന്റെ ആലപ്പുഴ ബ്രാഞ്ചു് (സെയിൽസു് ഡിപ്പോ) ബോട്ടുജെട്ടിക്കു സമീപമാകുന്നു. കൂടുതൽ വിവരങ്ങൾ ബുള്ളററിനിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:-

കാളൻ, നെല്ലായി

WEDDING SAREES and VEILS
WHITE HALL
THE SILK PALACE
DIRECT IMPORTERS
ERNAKULAM & COCHIN

## പ്രതിമാസഗ്രന്ഥക്ലബ്ബ്

1. ഐസൻ ഹോവർ
2. തൊഴിലാളികളുടെ മണിക്കൂർ. തൊഴിലാളിപ്രശ്നങ്ങളെ ശാസ്ത്രീയമായും സമർത്ഥമായും പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം. (മൊൺ. കാർഡിൻ) വില 5ണ.

(7-ാംപേജ് തുടർച്ച)


ക്ഷിക്കുകയില്ല. സഭയെ ഉപേക്ഷിക്കുന്നതിൽ ഭേദം ആയിരം പ്രാവശ്യം മരിക്കുകയാണ്."

ഈ പ്രവാസജീവിതത്തിൽ നിരാധാരരായ സന്യാസികൾ സഹിച്ച ക്ലേശങ്ങൾ വർണ്ണനാതീതമാണ്. ഏതു കഷ്ടതകളുടെ മദ്ധ്യത്തിലും ഫാദർ പിഞ്ഞതെല്ലി പ്രശാന്തനും തന്റെ സഹോദരങ്ങളെ സമാശ്വസിപ്പിക്കുന്നതിൽ വ്യാപൃതനുമായി കാണപ്പെട്ടു. "നാം ഈശോയുടെ നാമത്തിൽ അഭിമാനം കൊള്ളുന്നവരാണ്. അതുകൊണ്ടു അവിടുത്തെ അപമാനത്തിലും, വേദനയിലും, കുരിശിലും പങ്കുകൊള്ളേണ്ടതു് എത്രയോ ന്യായമായിരിക്കുന്നു" എന്നായിരുന്നു അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നതു്. അന്നു റോമാമാർപ്പാപ്പായായിരുന്ന ക്ലമന്റു 13-ാമൻ രാജാക്കന്മാരുടെ ഭീഷണികളെ തെല്ലും വകവച്ചില്ല. ഈശോസഭയ്ക്കെതിരായുള്ള അവരുടെ പ്രേരണകൾക്കു അദ്ദേഹം പറഞ്ഞ മറുപടി, "അവർ അവരുടെ ഇഷ്ടംപോലെ എന്നോടെന്തും പ്രവർത്തിച്ചുകൊള്ളട്ടെ. എനിക്കു പട്ടാളമോ, പീരങ്കികളോ ഇല്ല. പക്ഷെ എന്റെ മനസ്സാക്ഷിക്കെതിരായി എന്നെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ യാതൊരു മനുഷ്യനും സാധിക്കുകയില്ല." എന്നായിരുന്നു. ഈശോസഭാംഗങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന പീഡനങ്ങളെക്കണ്ടു ദുഃഖാർത്തനായി അദ്ദേഹം മരിച്ചു എന്നാണ് ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നതു്.

23,000ത്തോളം അംഗങ്ങളുണ്ടായിരുന്ന ഈശോസഭ പിരിച്ചുവിടുന്നതായ തിരുവെഴുത്തു 14-ാം ക്ലെമന്റുമാർപ്പാപ്പാ പുറപ്പെടുവിക്കുന്നതിനു നിർബന്ധിതനായി. ഫാദർ പിഞ്ഞതെല്ലി ഈ തിരുവെഴുത്തു എങ്ങിനെ സ്വീകരിച്ചെന്നു നോക്കാം. "ആദിമുതൽ നമുക്കു നേരിട്ട ഈ ദൗർഭാഗ്യങ്ങളെല്ലാം ദൈവം കണ്ടിട്ടുണ്ടു്. അനന്തജ്ഞാനത്തോടും പൈതൃകസ്നേഹത്തോടുംകൂടി അവിടുന്നു തന്നെയാണ് നമുക്കു സംഭവിച്ച സർവ്വകഷ്ടതകളും അനുവദിച്ചിട്ടുള്ളതു്. അതുകൊണ്ടു നാം അവിടുത്തെ യഥാർത്ഥ മക്കളെന്നു കാണിക്കുകയല്ലാതെ മറ്റെന്തു ചെയ്യുവാൻ, മറ്റെന്തു പറയുവാൻ നമുക്കു സാധിക്കും?" ഇതായിരുന്നു അദ്ദേഹത്തിന്റെ നിലപാടു്. എല്ലാ രാജ്യങ്ങളിലും സഭ നാമാവശേഷമായി. എന്നാൽ വൈറ്റു് റഷ്യയിൽ മാത്രം ഈ തിരുവെഴുത്തു പരസ്യപ്പെടുത്തപ്പെട്ടില്ല. അവിടത്തെ സഭ നിലനിന്നു. ഫാദർ പിഞ്ഞതെല്ലി ഇതറിഞ്ഞു അതീവം സന്തോഷിക്കുകയും അതിലംഗമായി ചേരാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തു. മരണത്തോളം അദ്ദേഹം രഹസ്യമായി സഭാമുറകൾ കൃത്യമായി അനുഷ്ഠിച്ചു ജീവിച്ചു. അവസാനം പാർമായിലെ ഭരണാധികാരിയായിരുന്ന ഡോൺ ഫെർണാന്റോയുടെ ശ്രമത്താൽ നിരോധനം നീക്കപ്പെടുകയും പാർമായിൽ സഭ പുനരുജ്ജീവിക്കുകയും ചെയ്തു. സഭയുടെ പാരമ്പര്യങ്ങൾ വീണ്ടെടുത്തു വിശുദ്ധ ഇഗ്നാസിയോസിന്റെ അരൂപിയിൽ അതു പുനസ്സംഘടിപ്പിക്കുന്നതിനു ഫാദർ പിഞ്ഞതെല്ലി അത്യദ്ധ്വാനം ചെയ്തു. പാർമായിൽ ആദ്യം അദ്ദേഹം നോവീസ് മാസ്റ്ററായി നിയമിക്കപ്പെട്ടു. 1803-ൽ ഇദ്ദേഹം ഇററലിയുടെ പ്രൊവിൻഷ്യാളായി തിരഞ്ഞെടുക്കപ്പെട്ടു. രാജാക്കന്മാരുടെ മർദ്ദനനയങ്ങൾ പിന്നീടും തുടർന്നുകൊണ്ടിരുന്നുവെങ്കിലും ഈശോസഭയുടെ പുനരുദ്ധാനത്തിൽ ദൃഢവിശ്വാസത്തോടുകൂടിയാണ് അദ്ദേഹം ചരമമടഞ്ഞതു്.

1933 മേയ്മാസം 21-ാംതിയതി പരിശുദ്ധപിതാവു 11-ാംപീയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ ധന്യനെന്നു പേരുവിളിച്ചു. ജൂൺ 13-ാംതിയതി 12-ാംപീയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്ന പ്രഖ്യാപനം സാഡംബരം നിർവ്വഹിക്കുന്നതായിരിക്കും.

## പ്രഥമ ചരമവാർഷികം



ആലപ്പാട്ടു പാലത്തിങ്കൽ
**ചുമ്മാർ അന്തോണി**
അവർകൾ,
കാട്ടൂർ
ജനനം: 1881 ഫെബ്രു. 29
മരണം: 1953 ജൂൺ 5
"ദയാപരനായ ഈശോയെ ഈയാളുടെ ആത്മാവിനു നിത്യാശ്വാസം നൽകണമെ."
R. I. P

## അടുത്ത ആഴ്ചയിൽ

ജൂൺ
13 ഞാ: പന്തക്കുസ്താ 1-ാം ഞായർ
ത്രിത്വത്തിന്റെ തിരുനാൾ
14 തി: ഏലിശാനിവ്യ
15 ചൊ: വിത്തോസും മൊദേസ്തോവും ക്രെസെന്തിയായും
16 ബു: ഫ്രാൻസിസ്കോസ് റേജിസു്
17 വ്യാ: വി. കുർബാനയുടെ തിരുനാൾ
18 വെ: എഫ്രേം
19 ശ: ജൂലിയാനാ

N. B.
ഈ ആഴ്ചയിൽ അതിപ്രധാനമായ രണ്ടു തിരുനാളുകൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നു. ഞായറാഴ്ച പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളും വ്യാഴാഴ്ച വിശുദ്ധ കുർബാനയുടെ തിരുനാളും.

സത്യസ്വരൂപനായ ദൈവത്തെ സംബന്ധിച്ചു ക്രിസ്തുവഴിയായി നമുക്കു ലഭിച്ചിട്ടുള്ള വെളിപാടിൽ പരിശുദ്ധ ത്രിത്വത്തിന്റെ പരമരഹസ്യത്തെപ്പറ്റി നാമറിയുന്നു. സ്വയംഭൂവും, സർവ്വഗുണസമ്പൂർണ്ണനും, സകല ചരാചരങ്ങളുടെ സ്രഷ്ടാവും, സകലത്തിന്റെ പരമാന്ത്യവുമായ സത്യൈകദൈവത്തിൽ പിതാവു, പുത്രൻ, പരിശുദ്ധാത്മാവു് എന്ന മൂന്നാളുകൾ ഉണ്ടെന്നാണ് അതു നമ്മെ പഠിപ്പിക്കുന്നതു്. ദൈവത്തെപ്പറ്റി അറിയുന്നതിനു മാനവവംശം അതിന്റെ ആരംഭകാലംമുതൽ എത്രമാത്രം ക്ലേശിച്ചിട്ടുണ്ടു് എന്നു നരവംശചരിത്രം വിശദമാക്കുന്നുണ്ടു്. എന്നാൽ പരിമിതമായ മനുഷ്യബുദ്ധി അപരിമിതനായ ദൈവത്തെ സ്വന്തശക്തികൊണ്ടുമാത്രം മനസ്സിലാക്കാൻ ശ്രമിച്ചാൽ എത്ര ദയനീയമായ പരാജയങ്ങളിൽ അകപ്പെടാവുന്നതാണെന്നുള്ളതിനും നിരവധി ഉദാഹരണങ്ങൾ അവിടെ നിരന്നുകിടക്കുന്നുണ്ടു്. ദൈവികമായ സഹായത്തോടുകൂടി മനുഷ്യബുദ്ധിയെ പ്രവർത്തിപ്പിക്കുമ്പോളാണ് നിത്യസത്യങ്ങളെ അതു പ്രമാദരഹിതമായി ഗ്രഹിക്കുന്നതു്. മനുഷ്യാവതാരംചെയ്തു ലോകത്തെ പ്രകാശിപ്പിച്ച ദൈവപുത്രനായ ക്രിസ്തു മാനവവംശത്തിന്റെ സത്യദീപമാണ്. ത്രിത്വത്തിന്റെ രഹസ്യം ആ പ്രകാശത്തിലാണ് നാം ദർശിച്ചാനന്ദമടയുന്നതു്.

ക്രിസ്തുവിന്റെ മനുഷ്യാവതാരം ഒരു ചരിത്രസംഭവമാണ്. എന്നാൽ അതു പ്രകാരാന്തരേണ ലോകാവസാനത്തോളവും നിലനിർത്തപ്പെടുന്ന ഒരു ദിവ്യമാർഗ്ഗം അവിടുന്നു പ്രമാണിച്ചിട്ടുണ്ടു് എന്നറിയുന്നതു അത്ഭുതാവഹമല്ലേ? യഥാർത്ഥത്തിൽ അവിടുന്നു് അതു ചെയ്തിട്ടുണ്ടു്. പരിശുദ്ധ കുർബാനയെന്ന കൂദാശയിലാണ് അതു സാധിച്ചിരിക്കുന്നതു്. അവിടുത്തെ ദൈവത്വത്തിന്റെ അപരിമേയമായ ശക്തിയിൽ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളുടെ (Accidents) കീഴിൽ അവിടുന്നു അൾത്താരകളിലെ ദിവ്യബലിയിൽ യഥാർത്ഥമായി എഴുന്നരുളുകയും, വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുകയും, കൂദാശ സ്വീകരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഇറങ്ങിവരികയും ചെയ്യുന്നു. ഇതാണ് വിശുദ്ധ കുർബാനയുടെ അർത്ഥം. ദൈവമായ ക്രിസ്തുവിന്റെ സന്ദേഹരഹിതമായ പഠനത്തിന്റെ പ്രാമാണ്യമാണ് നമ്മുടെ വിശ്വാസത്തിനാധാരം.

## വിനോദവീഥി




"ഇതെന്തു ഭ്രാന്താണിതു്! നട്ടതല നനസ്സുമ്പഴും മുണ്ടയിടാൻ പോകുമ്പൊഴും ഈ കുഴലു കെട്ടിത്തൂക്കിയിരിക്കും—ദേ ഇപ്പോ മുടിവെട്ടിക്കാൻ പോവുമ്പഴും ഇതിങ്ങനെ തൂക്കിക്കെട്ടി നടക്കുന്നതെന്തിനാന്നു്?"

* * *

പരീക്ഷക്കാലമടുത്തു. പീററർ നല്ല ചൂടുള്ള ഒരു രാത്രി അയാളുടെ മൂന്നു കോട്ടുകളും ധരിച്ചു വിയർത്തിരുന്നു വായിക്കുകയാണ്.

ഡേവിസ് — "സ്നേഹിതനെന്താണീ ചെയ്യുന്നതു്? ഈ ഉഷ്ണകാലത്തു രണ്ടു മൂന്നു കോട്ടു ധരിച്ചിരുന്നു വായിച്ചാൽ വല്ലതും തലയിൽ കയറുമോ? വിയർത്തൊലിക്കുന്നതു കണ്ടില്ലേ?"

പീററർ—(സഗൗരവം) "ഞാനൊരു രഹസ്യം മനസ്സിലാക്കി. അതു മററാക്കും പറഞ്ഞുകൊടുക്കരുതു്. (ഒരു ചായംവരുന്ന ടിൻ എടുത്തു അതിന്റെ പുറത്തുള്ള സൂചന ഡേവിസിനെ കാണിച്ചുകൊടുത്തു) "മൂന്നു കോട്ടിട്ടാൽ ഏററവും നല്ല റിസൽട്ടുകിട്ടും!" കണ്ടോ?

* * *

സൈക്കിൾ രണ്ടും കൂട്ടി അടിച്ചു—അപകടം. പോലീസു് രംഗത്തുവന്നു.

പോലീസു്—(ഒന്നാമനോടു്) "താനെന്തിനാണ് സൈക്കിൾ അയാളുടെ സൈക്കിളിൽ മുട്ടിച്ചതു്?"

ഒന്നാമൻ—"ഞാൻശരിയായി സൈഡ്കൊടുത്തു. അയാളാണ് മുട്ടിച്ചതു്."

പോലീസു്—"അല്ല, താൻതന്നെയാണ് കുററക്കാരൻ."

ഒന്നാമൻ — "എന്തുകൊണ്ടാണ് സാർ?"

പോലീസു് — "കാരണമൊന്നും പറയണ്ട. അയാൾ കുററം ചെയ്യുകയില്ല തനിക്കറിഞ്ഞുകൂടായിരിക്കും. അയാളുടെ അമ്മാവൻ മജിസ്ട്രേട്ടാണ്. അയാളുടെ അച്ഛൻ പോലീസു് ഇൻസ്പെക്ടറുമാണ്. മനസ്സിലായോ?"



സുപ്രീം കോർട്ടു് അഡ്വക്കേററു് മി. മാനുവൽ പൈകടയുടെ പുത്രി ശ്രീമതി അച്ചാമ്മ ബി. എ. യും് ചാലക്കുടിയിലെ ഒരു പ്രമുഖ പൗരനും ബോട്ടുകമ്പനി പ്രൊപ്രൈററുമായ ശ്രീ മാഞ്ഞൂരാൻ കൊച്ചുവറീതിന്റെ പുത്രൻ ശ്രീമാൻ ദേവസ്സി ബി. എ. യും. ഇവർ തമ്മിലുള്ള വിവാഹം മേയ് 26-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

## ചരമവാർത്തകൾ

**തോട്ടക്കര:** ഈ ഇടവക കൊച്ചിക്കുന്നേൽ ശ്രീ ഇട്ടിയവിരാ കുര്യൻ തന്റെ 75-ാമത്തെ വയസ്സിൽ മേയ് 29-ാംതീയതി ശനിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം ഞായറാഴ്ച കാലത്തു എറണാകുളം അതിരൂപതാസഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും വികാരിജനറാൾ മോൺ. മാത്യു പോത്തനാമുഴി ആദിയായ പല വൈദികരുടെയും ഒരു വൻപിച്ച ജനാവലിയുടെയും സഹകരണത്തിലും തോട്ടക്കര പള്ളിയകത്തു് പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രഭാഷണം നടത്തി.

**തിടനാടു്:** ഈ ഇടവകയിൽപ്പെട്ട ചാലിൽ വക്കി ഇട്ടിയവീരാ തന്റെ 89-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ മേയ് 24-ാംനു നിര്യാതനായിരിക്കുന്നു. പല വൈദികരുടേയും സഹകരണത്തോടുകൂടി തിടനാടു് പള്ളി സിമിത്തേരിയിൽ ശവസംസ്കാരം നിർവ്വഹിക്കപ്പെട്ടു. റവ ഫാദർ കെ. സി. ചാണ്ടി ബി. എ. എൽ. ടി. ചരമപ്രസംഗം നടത്തി.

**ബ്രഹ്മമംഗലം:** ഈ പള്ളി ഇടവക കണ്ടത്തിൽ പരേതനായ ചാക്കോ അവർകളുടെ ഭാര്യ ചാച്ചി വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 69-ാമത്തെ വയസ്സിൽ മെയ് 30-ാംനു അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. റവ. ഫാ. തോമസ് ചാമക്കാലാ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും ഒട്ടേറെ ജനങ്ങളുടെ സാന്നിദ്ധ്യത്തിലും പിറേറദിവസം ശവസംസ്കാരം നടന്നു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

### നിയമസഭാസമ്മേളനം

തിരുക്കൊച്ചി നിയമസഭയുടെ അടുത്ത സമ്മേളനം ജൂലൈ 12-ാംനു ആരംഭിച്ചു് ആഗസ്റ്റ് 4-ാംനു വരെ ദീർഘിക്കുന്നതാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സാധാരണ ജനങ്ങളെ ബാധിക്കുന്ന യാതൊരു പ്രത്യേക നികുതിയും അടുത്ത നിയമസഭയിൽ അവതരിപ്പിക്കാനുദ്ദേശിച്ചിട്ടില്ലെന്നു് ധനകാര്യമന്ത്രി ശ്രീ നടരാജപിള്ള പ്രസ്താവിച്ചിരിക്കുന്നു.

### വിദ്യാഭ്യാസനികുതി

ഒന്നും രണ്ടും ഫോറങ്ങളിൽ ഫീസിളവു് അനുവദിച്ചതിനെത്തുടന്നു് ഗവമ്മെന്റിലേക്കു നേരിട്ട നഷ്ടം പരിഹരിക്കുന്നതിലേക്കു് ഒരു വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

### ട്രാൻസ്പോർട്ടു് ജീവനക്കാർക്കു് പെൻഷൻ

തിരുക്കൊച്ചി സ്റ്റേററ് ട്രാൻസ്പോർട്ടു സർവ്വീസിലെ ജീവനക്കാർക്കു് പെൻഷനബിൾ സർവ്വീസിന്റെ എല്ലാ ആനുകൂല്യങ്ങളും നൽകാൻ ജൂൺ 2-ാംതീയതി കൂടിയ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### ഭൂദാനപ്രസ്ഥാനത്തിന്റെ നേട്ടം

ഭൂദാനപ്രസ്ഥാനത്തിനു് ഇതുവരെ ആകെ മുപ്പത്തിമൂന്നരലക്ഷം ഏക്കർ ഭൂമി സംഭാവന ലഭിച്ചിട്ടുണ്ടെന്നു് അഖിലേന്ത്യാ സർവ്വസേവാസംഘത്തിൽനിന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഇരുപതരലക്ഷത്തിൽപരം ഏക്കറും ബീഹാറിൽനിന്നു തന്നെ ലഭിച്ചിട്ടുള്ളതാണത്രെ. ഏതാണ്ടു 60,000 ഏക്കർ ഭൂമി ഇതിനകം 16,000 കുടുംബങ്ങൾക്കായി വിതരണം ചെയ്തുകഴിഞ്ഞിട്ടുള്ളതായുമറിയുന്നു.

### ഫ്രഞ്ചിൻഡ്യാസംഭാഷണം പരാജയപ്പെട്ടു

ഇൻഡ്യയിലെ ഫ്രഞ്ചുകൈവശപ്രദേശങ്ങളെ സംബന്ധിച്ചു് ഇൻഡ്യാ, ഫ്രഞ്ചുഗവമ്മെന്റുകളുടെ പ്രതിനിധികൾചേർന്നു് പാരീസിൽവച്ചു നടത്തിവന്ന കൂടിയാലോചനകൾ പരാജയപ്പെട്ടിരിക്കുന്നതായി അധികൃതകേന്ദ്രങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു.

### ലോഹ്യ രാജിവച്ചു

പ്രജാസോഷ്യലിസ്റ്റു പാർട്ടിയുടെ ജനറൽ സിക്രട്ടറിസ്ഥാനം ഡോക്ടർ റാംമനോഹർ ലോഹ്യ രാജിവച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM JUNE 9, 1954 No. 40

# ചാരിത്രവിശുദ്ധി

ഭൗതികാത്മകമായ തത്വചിന്താഗതികൾ അനിയന്ത്രിതമായി പ്രചരിച്ചിരിക്കുന്ന ഇക്കാലത്ത് ആദ്ധ്യാത്മികമൂല്യങ്ങളേയും വിശിഷ്ടപുണ്യങ്ങളേയും തരംതാഴ്ത്തുക ഒരു സാധാരണഗതിയാണ്. ഒരു മനുഷ്യൻ എത്ര കൂടുതലായി ഭൗതികചിന്തകളാൽ അടിപ്പെടുത്തപ്പെടുന്നുവോ അത്രകൂടുതലായി ആദ്ധ്യാത്മികപ്രകാശം അവനിൽ അസ്തപ്രായമായിത്തീരും. സമുന്നതമായ ആദ്ധ്യാത്മികവീക്ഷണം അവനിൽ നഷ്ടീഭവിക്കും. മൃഗജീവിതത്തിന്റെ താണപടികളിലേക്കു അവൻ അധഃപ്പതിക്കും. വ്യക്തിജീവിതത്തിൽ പ്രകാശമാനമായ ആദ്ധ്യാത്മികാന്തരീക്ഷം ഇരുളടയുകയും ജഡികാവേശങ്ങളുടെ അന്ധകാരത്തിൽ തപ്പിത്തടഞ്ഞു പിടഞ്ഞുവീണു നാശമടയുകയും ചെയ്യും.

ഏതാദൃശമായ ഒരു മനഃപ്പരിവർത്തനത്തിന്റെ പ്രതിഫലനമായിട്ടാണ് ചാരിത്രവിശുദ്ധിയെസംബന്ധിച്ചു അസംഗതങ്ങളും അതിശയോക്തിപരങ്ങളും അബദ്ധജടിലങ്ങളുമായ നിരവധി അഭിപ്രായാന്തരങ്ങൾ ഇന്നു പ്രബലപ്പെട്ടിരിക്കുന്നതു്. വിപത്കരമായ ഈ അബദ്ധസിദ്ധാന്തങ്ങളെ യഥാകാലം ഖണ്ഡിക്കുന്നതിനും ശരിയായ തത്വങ്ങളെ പ്രബോധിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ തിരുസഭാദ്ധ്യക്ഷനായ പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കഴിഞ്ഞ മാർച്ച് 25-ാംനു ഒരു പ്രത്യേക തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രബുദ്ധമായ ആ ലേഖനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു അവസരോചിതവും ഉപകാരപ്രദവുമായിരിക്കുമല്ലോ.

## വിശുദ്ധിയെ പാലിക്കുന്ന വിധം

മാനവജീവിതത്തിന്റെ ഏതു സ്ഥിതിയിലും തദനുഗുണമായ വിശുദ്ധി മനുഷ്യന്റെ ആദ്ധ്യാത്മികസൗഖ്യത്തിനും പരമാത്ഥ്യപ്രാപ്തിക്കും അവശ്യം ആവശ്യമാണ്. എന്നാൽ ഇവിടെ പ്രതിപാദിക്കപ്പെടുന്നതു പരിപൂർണ്ണവിശുദ്ധി അഥവാ ചാരിത്രവിശുദ്ധിയെ സംബന്ധിച്ചാണ്. വർഗ്ഗപരമായ പ്രവണതകളെ പരിപൂർണ്ണമായി പരിത്യജിച്ച് ദൈവസേവനത്തിനുവേണ്ടി സ്വയം അർപ്പിക്കുന്ന ജീവിതസ്ഥിതിയാണ് അതിനാൽ വിവക്ഷിക്കപ്പെടുന്നതു്. സ്ത്രീപുരുഷഭേദമെന്യേ ഈ ആത്മാർപ്പണം നിർവ്വഹിക്കപ്പെടാവുന്നതാണ്. തിരുസഭാരാമത്തിൽ പരിലസിക്കുന്ന വിശുദ്ധിയുടെ മോഹനസൂമങ്ങളെ സ്മരിച്ചുകൊണ്ടു് അതിനെതിരായ ആരോപണങ്ങളെക്കുറിച്ച് പരിശുദ്ധ പിതാവു പറയുകയാണ്:

“ദൈവശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ട വിശുദ്ധ കന്യാത്വവും പരിപൂർണ്ണചാരിത്രവും തിരുസഭയിൽ അതിന്റെ സംസ്ഥാപകൻ ഒരവകാശമെന്നവണ്ണം പ്രദാനംചെയ്തിട്ടുള്ള ഏററം അനർഘമായ സമ്പത്താണ്. സഭയുടെ ആരംഭകാലംമുതൽ ഇന്നോളം ഏവംവിധം പ്രതിഷ്ഠിതരായിട്ടുള്ളവരുടെ സംഖ്യ സീമാതീതമത്രെ. അവരിൽ ഒരു ഭാഗം അവരുടെ കന്യാത്വത്തെ അഭംഗം പാലിച്ചു. വേറെ ചിലർ ദാമ്പത്യജീവിതത്തിൽ ഒരു വ്യക്തിയുടെ മരണാനന്തരം അവരുടെ വൈധവ്യത്തേയും വിധുരത്വത്തേയും ദൈവത്തിനർപ്പിച്ചു. മററു ചിലരോ എന്നാൽ, അവരുടെ പാപജീവിതത്തെപ്പററി അനുതപിച്ചുകൊണ്ടു് ആജീവനാന്തം വിശുദ്ധിയെ പാലിച്ചു. ഇവരിലെല്ലാവരിലും പൊതുവായ ഒരു കാര്യമുണ്ടു്; അതായതു്, ജഡികമായ സന്തോഷങ്ങളെ ദൈവസ്നേഹത്തെപ്രതി എന്നേക്കും പരിവർജ്ജിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞ. ഈ വിഷയത്തിലുള്ള ഇടുങ്ങിയ മാർഗ്ഗത്തെ ഉപേക്ഷിച്ചുകൊണ്ടു് ചാരിത്രവിശുദ്ധിയെക്കാൾ ഉപരിയായി ദാമ്പത്യത്തെ വിലമതിക്കുന്നതിനു ഇന്നു ചിലർ ശ്രമിക്കുന്നുണ്ടു്. അവർ ദൈവത്തിനു് പ്രതിഷ്ഠിതമായ കന്യാത്വത്തേയും വൈദികമായ ചാരിത്രവിശുദ്ധിയേയും അവമതിക്കുന്നു.”

## ദൈവത്തിനായുള്ള അർപ്പണമാണ് പുണ്യം

ചാരിത്രവിശുദ്ധിയെന്ന പുണ്യത്തിന്റെ കാതലായ ഭാഗം എന്താണെന്നും അതുമൂലം ദൈവസേവനത്തിൽ ലഭ്യമാകുന്ന നേട്ടങ്ങൾ എവയെന്നും പരിശുദ്ധ പിതാവു വിശദമാക്കുന്നതിപ്രകാരമാണ്: “ചാരിത്രം ദൈവത്തിനുവേണ്ടി സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ അതൊരു ക്രിസ്തീയ പുണ്യമാവുകയില്ലെന്നാണ് തിരുസഭയുടെ വന്ദ്യപിതാക്കന്മാരും മല്പാന്മാരും വിശദമായി പഠിപ്പിച്ചിട്ടുള്ളതു്. അതായതു്, സ്വർഗ്ഗീയമായ കാര്യങ്ങളിൽ ദൃഢതരമായ വിധത്തിൽ ഏർപ്പെടുന്നതിനും, നിത്യസൗഭാഗ്യത്തിനുവേണ്ടി കൂടുതൽ ഫലപ്രദമായവിധത്തിൽ അദ്ധ്വാനിക്കുന്നതിനും, ദൈവരാജ്യം തനിക്കുതന്നെയും മററുള്ളവർക്കും കൂടുതൽ എളുപ്പത്തിൽ കരഗതമാക്കത്തക്കവണ്ണം പ്രവർത്തിക്കുന്നതിനുമുള്ള ഉദ്ദേശ്യമാണ് അതിലടങ്ങിയിരിക്കുന്നതു്.

“സ്വാത്ഥപരമായ ഉദ്ദേശ്യങ്ങളാലോ, ഉത്തരവാദിത്വങ്ങൾ ഏറെറടുക്കാനുള്ള വിമുഖതകൊണ്ടോ, അവരുടെ ശരീരത്തെ നിഷ്കന്മഷമായി കാക്കുന്നുവെന്നു അഹംഭാവിക്കുന്നതിനോ ആരെങ്കിലും ദാമ്പത്യസ്ഥിതിയിൽ നിന്നകന്നു ജീവിക്കുന്നുവെങ്കിൽ അവക്കു് ദൈവത്തിനു പ്രതിഷ്ഠിതമായ ചാരിത്രവിശുദ്ധിയുടെ യാതൊരു പുണ്യഫലങ്ങളും അവകാശപ്പെടാനില്ല. പ്രത്യുത, ദൈവശുശ്രൂഷയ്ക്കായി സ്വയം അർപ്പണം ചെയ്യുന്നവർ, ഉത്തമമായ വിധത്തിൽ ദൈവത്തെ സേവിക്കുന്നതിനും അവരുടെ സർവ്വകഴിവുകളും സമസൃഷ്ടങ്ങളുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കുന്നതിനുമായി ചാരിത്രവിശുദ്ധിയുടെ വ്രതത്തെ ഒരു സ്വാതന്ത്ര്യാവകാശംപോലെ അംഗീകരിക്കുന്നതിന്റെ രഹസ്യം ഇതുകൊണ്ടു വിശദമാകുന്നുണ്ടു്.”

## അതിന്റെ ശ്രേഷ്ഠതയും ആവശ്യകതയും

“തിരുസഭയുടെ ശുശ്രൂഷകർ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വാതന്ത്ര്യാവസ്ഥ സദാപി അനുഭവിക്കുന്നതിനും, ലൗകികമായ പലപല വ്യഗ്രതകളിൽ കുടുങ്ങാതിരിക്കുന്നതിനും വേണ്ടിയാണ് പാശ്ചാത്യസഭയിൽ അവർ സ്വമനസ്സാ പരിപൂർണ്ണചാരിത്രവിശുദ്ധിയുടെ വ്രതമെടുക്കണമെന്നു ആവശ്യപ്പെടുന്നതു്. അപ്പസ്തോലികവേലയ്ക്കായി അവർ സ്വയം സമർപ്പിക്കുന്നുവെന്നുള്ളതു മാത്രമല്ല വിവാഹബന്ധത്തെ ഉപേക്ഷിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുന്നതു്; അവർ അൾത്താരയെ ശുശ്രൂഷിക്കുന്നുവെന്നുള്ളതും അതിനുള്ള ശക്തിമത്തായ കാരണമാണ്. ക്രിസ്തുവിന്റെ പുരോഹിതന്മാർ അനുദിനം കർബ്ബാനയെന്ന ദിവ്യബലി അർപ്പിക്കുന്നവരായതുകൊണ്ടു് പരിപൂർണ്ണമായ ചാരിത്രവിശുദ്ധിയെ പാലിക്കേണ്ടതു കൂടുതൽ ആവശ്യകമായിരിക്കുന്നു.

“ചാരിത്രവിശുദ്ധിയെ പാലിക്കുന്നവക്കു കർമ്മോദ്യുക്തമായ പ്രേഷിതവേലയിൽ പരിപൂർണ്ണമായി വ്യാപൃതരാകുന്നതിനു അതൊരു വലിയ സഹായമാകുന്നു എന്നുള്ളതു മാത്രമല്ല, സമസൃഷ്ടങ്ങളുടെ നേരെ പ്രകടമാക്കപ്പെടേണ്ട ക്രിസ്തീയ സ്നേഹത്തിന്റെ പരമകോടിയെ പ്രാപിക്കുന്നതിനു അതു അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഭക്തിതീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുന്നതിനോ, അത്ഭുതാവഹമായ ശുശ്രൂഷകളിൽ സ്വാതന്ത്ര്യമായും സന്തോഷഭരിതരായും ഏർപ്പെടുന്നതിനോ അവക്കു വിഷമമില്ല. ദൈവശുശ്രൂഷയ്ക്കായും ക്രിസ്തുവിന്റെ മണവാട്ടികളാകുന്നതിനായും പ്രതിഷ്ഠിക്കപ്പെടുന്നവർക്കു ഒരു പ്രത്യേകാനുഗ്രഹമാണിതു്. സന്യാസസമൂഹങ്ങളിൽ ഇതു സവിശേഷം തെളിഞ്ഞുകാണാം.

## സഭയുടെ പഠനം

“വിവാഹജീവിതത്തെക്കാൾ കന്യാത്വത്തിന്റെയും ചാരിത്രവിശുദ്ധിയുടെയും ജീവിതം സമുന്നതവും മേന്മയേറിയതുമാണെന്നുള്ള തത്വം ക്രിസ്തു പ്രഖ്യാപിച്ചിട്ടുള്ളതും, വിശുദ്ധ അപ്പോസ്തലൻ പഠിപ്പിച്ചിട്ടുള്ളതും, ത്രെന്തോസ് സൂനഹദോസിൽ വിശ്വാസസത്യമായി ഔദ്യോഗികം പ്രസ്താവിച്ചിട്ടുള്ളതുമാണ്. തിരുസഭയുടെ വിശുദ്ധപിതാക്കന്മാരും മല്പാന്മാരും എല്ലാക്കാലത്തും ഇതു പഠിപ്പിച്ചിരുന്നു. നമ്മുടെ പുരോഗാമികളും നാമും അവസരം കിട്ടിയിരുന്നപ്പോഴെല്ലാം അതിന്റെ അപാരമായ അനുഗ്രഹങ്ങളെ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്.

“എന്നിരുന്നാലും, തിരുസഭയാൽ പഠിപ്പിക്കപ്പെട്ടിട്ടുള്ള ഈ സത്യത്തെ ഇക്കാലങ്ങളിൽ ചിലർ എതിർക്കുന്നതിനു തുടങ്ങിയിട്ടുണ്ടു്. വിശ്വാസികൾക്കു തന്മൂലം വലിയ ആപത്തും അപകടവും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് നമ്മുടെ ഉദ്യോഗത്തിനടുത്ത കടമകളാൽ നിർബന്ധിതനായി ഈ ലേഖനത്തിൽ അതേപ്പററി വീണ്ടും വിശദീകരിക്കേണ്ടതു ആവശ്യമെന്നു നാം കരുതുന്നു. സത്യത്തിന്റെ മൂടുപടത്തിൽ അബദ്ധങ്ങളെ എങ്ങനെ പ്രദശിപ്പിച്ചിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

“ചാരിത്രവിശുദ്ധിയെ എതിർക്കുന്നവരുടെ വാദം മനുഷ്യഘടനയിൽ ഏററം പ്രധാനപ്പെട്ടതും പ്രാമാണ്യപ്പെട്ടതുമായ പ്രവണത വർഗ്ഗപരമായ വികാരമാണെന്നാണ്. അതുകൊണ്ടു് അവന്റെ പേശികളേയും ശരീരഘടനയെത്തന്നെയും താറുമാറാക്കാതെയോ അവന്റെ വ്യക്തിത്വത്തിന്റെ ബാലൻസു തെററിക്കാതെയോ യാതൊരു മനുഷ്യനും അവന്റെ ജീവിതകാലം മുഴുവനും അങ്ങിനെയുള്ള ഒരു വികാരത്തെ അമത്തിവയ്ക്കാൻ സാദ്ധ്യമല്ലത്രെ. എന്നാൽ വിശുദ്ധ തോമാ മല്പാൻ പറയുന്നതു്, മനുഷ്യാത്മാവിൽ ഏററം ആഴമായി വേരൂന്നിയിട്ടുള്ള വികാരം അതിന്റെ സ്വയരക്ഷയാണെന്നും, വർഗ്ഗപരമായ വികാരം രണ്ടാംസ്ഥാനമേ എടുക്കുന്നുള്ളു എന്നുമാണ്.

“ഇനിയും, നമ്മുടെ സ്വഭാവത്തിനു ഒരു പ്രത്യേക അനുഗ്രഹമായി നൽകപ്പെട്ടിട്ടുള്ള നിർദ്ദേശാത്മകശക്തിയായ ബുദ്ധിയെ നാം പരിഗണിക്കേണ്ടിയിരിക്കുന്നു. അതാണ് നമ്മുടെ മൗലികമായ വികാരങ്ങളെ ക്രമീകരിക്കുകയും ഉന്നമിപ്പിക്കുകയും വിശുദ്ധമായ മാർഗ്ഗങ്ങളിലേക്കു തിരിച്ചുവിടുകയും ചെയ്യുന്നതു്. ശാരീരികവികാരങ്ങളുടെമേൽ ഈ പരിപൂർണ്ണനിയന്ത്രണം സമ്പാദിക്കുന്നതിനു വിശുദ്ധിക്കെതിരായ പ്രവൃത്തികളിൽനിന്നു ഒഴിഞ്ഞിരുന്നാൽ മാത്രംപോരാ, ഈ പുണ്യത്തിനു പരോക്ഷമായിട്ടുപോലും എതിരായിട്ടുള്ള എല്ലാററിൽനിന്നും മനഃപൂർവ്വമായും പരിപൂർണ്ണമായും അകന്നിരിക്കേണ്ടതും ഏററം അത്യാവശ്യമാണ്. അപ്പോൾ മാത്രമേ ആത്മാവിനു ശരീരത്തെ സ്വതന്ത്രമായി ഭരിക്കുന്നതിനും സ്വതന്ത്രവും ശാന്തവുമായ ഒരാദ്ധ്യാത്മികജീവിതത്തിലേക്കു നയിക്കുന്നതിനും സാദ്ധ്യമാകൂ.”

തുടർന്നു പരിശുദ്ധപിതാവു്, ദാമ്പത്യജീവിതമാണ് ഇക്കാലത്തു കൂടുതൽ തിരുസഭയുടെ പുരോഗതിക്കാവശ്യമെന്നു ചിലർ പുറപ്പെടുവിക്കുന്ന വാദഗതിയുടെ ആബദ്ധ്യത്തെ ചൂണ്ടിക്കാണിക്കുകയും, യുവലോകത്തിനു പ്രത്യേകിച്ചും വസ്തുതകളെ ശരിയായി ഗ്രഹിപ്പിച്ചു കൊടുക്കുന്നതിനു വൈദികർ സംഘടിതമായും കാര്യക്ഷമമായും പരിശ്രമിക്കണമെന്നൽബോധിപ്പിക്കുകയും ചെയ്യുന്നു. പൊതുവെ വന്നുവശായിട്ടുള്ള ഈ മാനസികാധഃപ്പതനത്തിന്റെ മാററു കൂട്ടുന്നതിനു നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്ന ക്ഷുദ്രഗ്രന്ഥങ്ങളുടെ പാരായണം, സിനിമാ മുതലായവയുടെ ദർശനങ്ങൾ, യുവതീയുവാക്കന്മാരുടെ ക്രിസ്തീയ അടക്കത്തിനു വിരുദ്ധമായ നടപടികൾ എന്നീ അപകടങ്ങളെപ്പററി വേണ്ടതു സൂചനകൾ നൽകിക്കൊണ്ടാണ് ലേഖനം സമാപിപ്പിക്കുന്നതു്. മാർപ്പാപ്പായുടെ ഈ ഉൽബോധനം അർഹമായ ആദരവോടുകൂടി സ്വീകരിക്കപ്പെട്ടുമെങ്കിൽ ആധുനികലോകത്തിലെ അധാർമ്മികമായ അധഃപ്പതനത്തിനു അതൊരു പ്രതിവിധിയും ആദ്ധ്യാത്മികമൂല്യങ്ങളെ ബഹുമാനിക്കുന്നതിനു അതൊരു പ്രേരണയുമായിരിക്കും.

—o—

# മോൺ. മാത്യു പോത്തനാമുഴി വികാരി ജനറാൾ സ്ഥാനമൊഴിയുന്നു

കഴിഞ്ഞ 9 കൊല്ലക്കാലം എറണാകുളം അതിരൂപതയുടെ വികാരിജനറാൾ സ്ഥാനം പ്രശസ്തമായി വഹിച്ചുകൊണ്ടിരുന്ന റൈററു് റവ. മോൺ. മാത്യു പോത്തനാമുഴി പി. എച്ച്. ഡി, ഡി. ഡി. അവർകൾ തൽസ്ഥാനത്തുനിന്നും മാറി മൂവ്വാററുപുഴ നിർമ്മലകോളേജ് മാനേജിംഗ് ബോർഡിന്റെ വൈസ്പ്രസിഡൻറായി ചാർജ്ജെടുത്തു വാഴക്കുളം പള്ളിയുടെ വികാരിയായി പോകുന്ന ഈ അവസരത്തിൽ സത്യദീപത്തിനു അദ്ദേഹത്തിന്റെ ഇതഃപര്യന്തമുള്ള സേവനങ്ങളിൽ കൃതജ്ഞത രേഖപ്പെടുത്തുന്നതിനും പുതിയ പ്രവർത്തനരംഗങ്ങളിൽ ഭാവുകങ്ങൾ ആശംസിക്കുന്നതിനും അതിയായ സന്തോഷമുണ്ടു്. എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ ദീർഘവീക്ഷണഫലമായി മദ്ധ്യോത്തരതിരുവിതാംകൂറിലെ ബഹുശതം ഉന്നതവിദ്യാഭ്യാസാത്ഥികൾക്കു അമൂല്യമായ ഒരനുഗ്രഹമായി സ്ഥാപിച്ചിട്ടുള്ള മൂവ്വാററുപുഴ നിർമ്മലകോളേജിന്റെ പ്രാരംഭംമുതൽ മോൺ. പോത്തനാമുഴി അവർകൾ അതിന്റെ പ്രവർത്തനത്തിൽ അതിപ്രധാനമായ ഒരു പങ്കു വഹിച്ചുകൊണ്ടാണിരുന്നിട്ടുള്ളതെന്നു എല്ലാവക്കും അറിവുള്ള ഒരു വസ്തുതയാണ്. ശ്രമകരമായ ആ പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ സേവനം കൂടുതൽ ആവശ്യമായിരിക്കുന്ന ഈ പുരോഗമനഘട്ടത്തിൽ അതിനുള്ള സൗകര്യം സൃഷ്ടിക്കുന്നതിനാണ് മെത്രാപ്പോലീത്താ തിരുമേനി ഈ നിയമനം കല്പിച്ചുനടത്തിയിട്ടുള്ളതു്. അതിരൂപതക്കച്ചേരിയിൽ നിപുണമായ ഒരു ഹസ്തം തിരുമേനിക്കു നഷ്ടപ്പെടുന്നതിൽ അവിടുത്തേക്കുള്ള സമാശ്വാസം ഭാവിതലമുറയിലെ ഉത്തമപൗരന്മാരുടെ രൂപവൽക്കരണത്തിൽ വിദഗ്ദ്ധമായ ആ ഹസ്തം പ്രശസ്തമായും ഫലപ്രദമായും പ്രവർത്തിക്കുമെന്നുള്ളതുമാത്രമാണ്. സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയാണ് വികാരിജനറാൾസ്ഥാനം ഏറെറടുത്തിരിക്കുന്നതു്. തത്തത്സ്ഥാനങ്ങളിൽ ഇരുവക്കും ഭാസുരമായ ഭാവുകങ്ങൾ ആശംസിച്ചുകൊള്ളുന്നു.

—o—

## പ്രസാധകക്കുറിപ്പുകൾ

### മിഡിൽസ്കൂൾ ഫീസ്സൗജന്യവും കരാർലംഘനവും

തിരുക്കൊച്ചിയിലെ ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ്സൗജന്യം ഗവമ്മെൻറിൽനിന്നു് അനുവദിച്ചതു് പ്രൈവററു് മാനേജുമെൻറുകളെ ദോഷകരമായി ബാധിക്കുമോയെന്നു് ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഉല്ക്കണ്ഠ പ്രകാശിപ്പിച്ചിരുന്നല്ലോ. അതുസംബന്ധിച്ച് “അപ്പാദേശി”ൽ “സെക്കണ്ടറിസ്കൂൾ പദ്ധതി അപകടത്തിൽ” എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം ഉണ്ടായിരുന്നു. അതിൽ (മേയ 26-ാംനു യിലെ ലക്കത്തിൽ) നിന്നു സംഗതമായ ചില ഭാഗങ്ങൾ ഉദ്ധരിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്:—

ഇവിടത്തെ സെക്കണ്ടറിസ്കൂളുകളുടെ നില ഏതാനും കരാറുകളിൽ അധിഷ്ഠിതമായിരിക്കുന്നു. ഫീസുപിരിവിന്റെ 20 ശതമാനം പ്രൈവററുസ്കൂളുകൾക്കുള്ള അനിഷേദ്ധ്യമായ അവകാശമാണ്. ഫീസുപിരിവെന്നു പറയുന്നതു് അന്നു നടപ്പിലിരുന്ന ഫീസുപിരിവാണ്. അന്നു നടപ്പിലിരുന്ന ഫീസുപിരിവിൽനിന്നു് ഇപ്പോഴത്തെ സൗജന്യം കുറച്ചിട്ടു് ബാക്കിയുള്ള ഫീസുപിരിവിന്റെ 20 ശതമാനമെന്നു വ്യാഖ്യാനിക്കാൻ ന്യായമില്ല. ഈ കരാറുണ്ടായ കാലത്തു് ഫീസി

ല്ലാത്ത കുട്ടികളുണ്ടായിരുന്നു. അവരുടെ ഫീസിൻെറയും 20 ശതമാനംകൂടി കണക്കാക്കിയാണ് കരാറുപ്രകാരം മാനേജുമെൻറ് എടുത്തുകൊണ്ടിരുന്നത്. കരാറിലെ ഒരു കക്ഷിമാത്രമാണ് ഗവർമ്മെൻറ്. ഒരു കക്ഷിക്കു തനിച്ചു കരാർ ഭേദപ്പെടുത്താവുന്നതല്ല. ഗവർമ്മെൻറിനിഷ്ടമുണ്ടെങ്കിൽ സകല ക്ലാസുകളിലേയും ഫീസ് നിർത്തൽചെയ്തുകൊള്ളട്ടെ. സെക്കണ്ടറിസ്കൂൾ പദ്ധതി നടപ്പാക്കിയ കാലത്തു നടപ്പിലിരുന്ന ഫീസുസമ്പ്രദായത്തിൽ ഫീസുകണക്കാക്കി അതിൻെറ 20 ശതമാനം കൈയിൽ വച്ചുകൊണ്ടിരിക്കുവാൻ മാനേജുമെൻറുകൾക്ക് അവകാശമുണ്ട്. അതു വകവെച്ചുകൊടുക്കാത്തതു് ഗവർമെൻറിൻെറ ഭാഗത്തു കരാർലംഘനമായിരിക്കും. അതു വകവെച്ചുകൊടുക്കുകയോ, അനുസരിക്കുകയോ മാനേജുമെൻറു ചെയ്യരുതു്. വാദ്ധ്യാന്മാരുടെ ബിൽ ഗവർമ്മെൻറ് പാസ്സാക്കാൻ വിസമ്മതിച്ചാൽ അതു പാസ്സാക്കിച്ചു വാങ്ങാനുള്ള ചുണ വാദ്ധ്യാന്മാർക്കും മാനേജുമെൻറുകൾക്കും ഉണ്ടായിരിക്കണം. വേണ്ടിവന്നാൽ അന്നു് ഒരു റിട്ടു് ഹർജി ഹൈക്കോടതിയിൽ കൊടുത്താൽ ചിലവുസഹിതം അതു അനുവദിച്ചുകിട്ടും. അനീതിക്കു് തലകുനിക്കുവാൻ ആരും തയ്യാറില്ലെന്നു സകലരും വ്യക്തമാക്കണം.

## കാത്തലിക്ക് സ്കൂൾ മാനേജേഴ്സിൻെറ തീരുമാനങ്ങൾ

തിരുക്കൊച്ചി കാത്തലിക്ക് സ്കൂൾമാനേജേഴ്സ് അസോസിയേഷൻെറ ഒരു പ്രത്യേകസമ്മേളനം ജൂൺ 1-ാംനു കൂടി, ഒന്നും രണ്ടും ഫാറങ്ങളിലെ ഫീസുസൗജന്യത്തിൻെറ കാര്യത്തിൽ തങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടു് ചില തീരുമാനങ്ങൾ ചെയ്യുകയുണ്ടായി:—

ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസുവേണ്ടായെന്നു് ഗവർമ്മെൻറു ചെയ്തിരിക്കുന്ന തീരുമാനംനിമിത്തം പ്രൈവററുസ്കൂളുകൾ നടത്തിക്കൊണ്ടുപോകുന്നതിനു് പനമ്പിള്ളി സെക്കണ്ടറിസ്കൂൾസ്കീം അനുസരിച്ചു് കരാർചെയ്തിരുന്ന 20 ശതമാനം ലഭിക്കാതെ വരുന്നതുകൊണ്ടു് ആ തുക മററു ക്ലാസുകളിലെ ഫീസിനത്തിൽനിന്നു എടുത്തുകൊണ്ടു് ബാക്കിമാത്രം കെട്ടിവെക്കുന്നതിനു് അനുവദിക്കേണ്ടതാണെന്നും, മേൽ ക്ലാസുകളിൽ ഫീസുപിരിവു് ഇല്ലാത്ത സ്കൂളുകളിൽ ആ തുക ഗവർമ്മെൻറിൽനിന്നു കൊടുക്കേണ്ടതാണെന്നും, പദ്ധതിയിൽ ചേരാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും സ്കൂൾനടത്തിപ്പിനു് ആവശ്യമായ തുകയും ഗ്രാൻറായി നൽകേണ്ടതാണെന്നും ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

വിദ്യാഭ്യാസവിഷയത്തിൽ ഇപ്പോഴുണ്ടായതുപോലുള്ള അതിപ്രധാനപ്രശ്നങ്ങൾ, രംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാനേജർമാരോടും പൊതുജനങ്ങളോടും ആലോചിച്ചശേഷം തീരുമാനിക്കേണ്ടതാണെന്നും, വിദ്യാഭ്യാസ ഉപദേശകസമിതിയിൽ കാത്തലിക്ക് സ്കൂൾമാനേജേഴ്സ് അസോസിയേഷൻെറ പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണെന്നും ഗവർമ്മെൻറിനോടു് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

N. G. O. മാരുടെ കുട്ടികൾക്കു് ഫീസു് സൗജന്യം നൽകുന്നതുകൊണ്ടു് പ്രൈവററുസ്കൂൾ മാനേജുമെൻറുകൾക്കുണ്ടാകുന്നനഷ്ടത്തിൻെറ പരിഹാരം സംബന്ധിച്ചു് ഇനിയും തീരുമാനം ഉണ്ടായിട്ടില്ല. മററു ഫീസുസൗജന്യങ്ങൾ ഗവർമ്മെൻറിൽനിന്നും ഗ്രാൻറായി കിട്ടേണ്ടതാണെങ്കിലും, മൂന്നുനാലു വർഷമായി മാനേജുമെൻറുകൾക്കു് ആയിനത്തിൽ കിട്ടേണ്ട തുക കുടിശിഖയായി കിടക്കുകയാണ്. ഈ വിഷമാവസ്ഥകൾ എത്രയുംവേഗം പരിഹരിക്കുന്നതിനു് പ്രായോഗികമാർഗ്ഗം സ്വീകരിക്കേണ്ടതാണ്.

ഭാരതമാകെ കത്തോലിക്കർ നടത്തിക്കൊണ്ടിരിക്കുന്ന സെക്കണ്ടറി സ്കൂളുകളുടെ അഭിവൃദ്ധിക്കും അവകാശസംരക്ഷണത്തിനും വേണ്ടി രൂപവത്ക്കരിച്ചതും, മാർച്ച് 27, 28 തീയതികളിൽ ബോംബെയിൽ സമ്മേളിച്ചതുമായ സേവിയർ അസോസിയേഷൻെറ ഒരു പ്രാദേശികഘടകമായി തങ്ങളുടെ അസോസിയേഷൻ പ്രവർത്തിക്കുന്നതാണെന്നും തീരുമാനിച്ചു.

ഈ തീരുമാനങ്ങൾ ഏററവും ആവശ്യകവും, ന്യായയുക്തവുമാകയാൽ അവ സ്വീകരിച്ചതിൽ മാനേജേഴ്സ് അസോസിയേഷനെ ഞങ്ങൾ അഭിനന്ദിക്കുന്നു. ആ തീരുമാനങ്ങളിലെ അവകാശവാദങ്ങൾ ഗവർമ്മെൻറ് യഥാർത്ഥം അംഗീകരിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

* * *

## മതപ്രചരണാവകാശം— മി. തെള്ളി ഉന്നയിച്ച ന്യായം

ഇൻഡ്യൻ ഭരണഘടനയിലെ 25-ാംവകുപ്പിൽ മതം പ്രചരിപ്പിക്കുവാനുള്ള അവകാശം അംഗീകരിക്കാൻ പ്രയോഗിച്ചിരിക്കുന്ന പദത്തിനു പ്രസംഗിക്കാമെന്നല്ലാതെ മാനസാന്തരപ്പെടുത്താമെന്നു അർത്ഥമില്ലെന്നുള്ള ചിലരുടെ വ്യാഖ്യാനത്തെ ഖണ്ഡിക്കുവാൻ കൊടുക്കാറുള്ള ന്യായങ്ങൾ കത്തോലിക്കാ കോൺഗ്രസിലെ അദ്ധ്യക്ഷപ്രസംഗം നടത്തിയ പ്രസിഡണ്ടു് മി. മാത്യു തെള്ളി നൽകിയശേഷം വേറൊരു ന്യായംകൂടി അദ്ദേഹം ഉന്നയിച്ചു. അതിപ്രകാരമാണ്:—

ഏതൊരാൾക്കും ഏതു മതം വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യാമെന്നു് 25-ാംവകുപ്പിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. മതം അനുഷ്ഠിക്കണമെങ്കിൽ ആ മതത്തിലേക്കു് സ്വീകരിക്കപ്പെടണമല്ലോ. മതാധികാരികൾക്കു് അങ്ങനെ മാനസാന്തരപ്പെടുന്ന ആളുകളെ സ്വീകരിക്കുന്നതിനു് അധികാരമില്ലെങ്കിൽ എങ്ങനെയാണു അയാൾ ആ മതത്തിൽ ചേരുകയും മതം അനുഷ്ഠിക്കുകയും ചെയ്യുന്നതെന്നു് ഗ്രഹിക്കുവാൻ കഴിയുന്നില്ല. മാനസാന്തരപ്പെടാമെന്നു എതിർപക്ഷം സമ്മതിക്കുന്ന സ്ഥിതിക്കു് മതത്തിൽ സ്വീകരിക്കാൻ പാടില്ലായെന്നു പറയുന്നതു് വളരെ വിചിത്രമായിരിക്കുന്നുവെന്നു പറയാതെ തരമില്ല. ഭരണഘടനയിൽ നൽകപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യത്തെ ഉന്മൂലനം ചെയ്യണമെന്നല്ലാതെ ഈ വാദക്കാർക്കു് ന്യായമായ സമാധാനമൊന്നും പറയാനില്ലെന്നു സ്പഷ്ടമാണല്ലോ.

* * *

## "തൊഴിലാളികളുടെ മണിക്കൂർ"

പ്രതിമാസഗ്രന്ഥക്ലബ്ബ്, തൊഴിലാളികളേയും അവരുടെ സംഘടനകളേയും ലക്ഷ്യംവച്ചു്, നഷ്ടം സഹിച്ചു നടത്തുന്ന ടിസ്സരാക്കു് ഗ്രന്ഥാവലിയുടെ രണ്ടാംനമ്പർ പുസ്തകമാണ് "തൊഴിലാളികളുടെ മണിക്കൂർ." പാശ്ചാത്യലോകത്തിലെ പല രാജ്യങ്ങളിലും ശാഖോപശാഖകൾ വിരിച്ചു് സാർവ്വലൗകികതൊഴിലാളിപ്രസ്ഥാനമായി പടർന്നു് പന്തലിച്ചുനില്ക്കുന്ന "ജോസിസം" എന്ന തൊഴിലാളി മഹാസംഘടനയുടെ സ്ഥാപകനും പ്രചാരകനുമായ മോൺസിഞ്ഞോർ കാർഡൈൻ എന്ന വിശ്വവിഖ്യാതവൈദികവര്യൻെറ നാലു പ്രസംഗങ്ങളുടെ വിവർത്തനമാണു ഈ ചെറുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്.

ഇന്നു നാം ജീവിക്കുന്നതു് തിരുസഭയ്ക്കു് നിർണ്ണായകമായ ഒരു മണിക്കൂറിലാണ്. ലക്ഷോപലക്ഷങ്ങളായ തൊഴിലാളികളെ വീണ്ടും നേടുന്നതിനു് തിരുസഭയ്ക്കു സാധിക്കുമോ? സാധിക്കും. എന്തുകൊണ്ടെന്നാൽ തൊഴിലാളിവർഗ്ഗത്തെക്കൂടാതുള്ള ക്രിസ്തീയസഭ നമ്മുടെ കർത്താവായ ഈശോയുടെ സഭയല്ല. തൊഴിലാളിവർഗ്ഗത്തെ വീണ്ടും നേടുവാൻ നാം പ്രാർത്ഥിച്ചാൽമാത്രം പോരാ; കുർബാനകാണുകയും ഉൾക്കൊള്ളുകയും മാത്രം ചെയ്താൽപ്പോരാ; ഉപവസിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽമാത്രം പോരാ. ഇവയെല്ലാം പുറമെ മൂന്നു കാര്യങ്ങൾകൂടി ചെയ്യുന്നില്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തെ രക്ഷിച്ചെടുക്കുവാൻ ആർക്കും സാധിക്കുകയില്ല. ഇങ്ങനെ പ്രസ്താവിച്ചുകൊണ്ടു് മോൺ. കാർഡൈൻ ആ മൂന്നു കാര്യങ്ങൾ ഏററവും ഭംഗിയായി, പ്രായോഗികമായി വിവരിക്കുന്നു. 1) തൊഴിലാളിവർഗ്ഗം അവരുടെ ദിവ്യദൗത്യം അറിയുകയും നിർവഹിക്കുകയും വേണം. 2) അതിനു് അവരെ പ്രാപ്തരാക്കുന്ന തൊഴിലാളിപ്രസ്ഥാനവും തൊഴിലാളി സംഘടനയും ആവശ്യമുണ്ടു്. 3) ഈ പ്രസ്ഥാനത്തേയും സംഘടനയേയും ക്രമീകരിച്ചു നയിക്കുവാൻ തൊഴിലാളികളിൽനിന്നുതന്നെ അവൈദികപ്രേഷിതന്മാരും, മിഷനറിമാരും ഉണ്ടായിരിക്കണം. തൊഴിലാളികൾക്കുവേണ്ടി അനുദിനം പ്രതിഷ്ഠിച്ചുകൊണ്ടിരുന്ന തൻെറ ആയുഷ്ക്കാലത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ മോൺ. കാർഡൈൻ ഈ മൂന്നു കാര്യങ്ങൾ പ്രസ്തുത പ്രസംഗങ്ങളിൽ പ്രതിപാദിക്കുന്നതുകൊണ്ടു് തൊഴിലാളി കാര്യങ്ങളിൽ അല്പമെങ്കിലും താല്പര്യമുള്ളവരെല്ലാം, വൈദികർ പ്രത്യേകിച്ചും, ഈ ചെറുപുസ്തകം വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. കമ്മ്യൂണിസം തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനമാണെന്നു പറഞ്ഞു ഇന്നാട്ടിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ടിസ്സരാക്കു് ഗ്രന്ഥാവലി തൊഴിലാളികളെ ഉദ്ദേശിച്ചു് വളരെ വിലകുറച്ചു പ്രസിദ്ധപ്പെടുത്തുന്ന പ്രതിമാസഗ്രന്ഥക്ലബ്ബിനെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

"സിക്രട്ടറി, പ്രതിമാസഗ്രന്ഥക്ലബ്ബ് എറണാകുളം, എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ 5ണ വിലയ്ക്കു് ഈ പുസ്തകം ലഭിക്കുന്നതാണ്.

---


സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |


---


## ഏജൻസി അറിയിപ്പ്

അമയന്നൂർ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി സെക്രട്ടറിയെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം


# ഈശോസഭയുടെ സംരക്ഷകൻ

വിശ്വവ്യാപകമായ ഈശോസഭയ്ക്കു 18-ാംനൂററാണ്ടിൻെറ അവസാനഘട്ടംമുതൽ രാഷ്ട്രീയാധികാരികളിൽനിന്നു നിരവധി പീഡകൾ സഹിക്കേണ്ടിവന്നിട്ടുണ്ടു്. അതിൻെറ പാരമ്യത്തിൽ സ്പെയിനിലേയും ഫ്രാൻസിലേയും രാജാക്കന്മാർ മുൻനിന്നു നയിച്ചതായ പ്രക്ഷോഭണം അന്നു തിരുസ്സഭാഭരണം ന



വി. ജോസഫ് പിഞ്ഞത്തെല്ലി

ടത്തിയിരുന്ന ക്ലെമെൻറ് 14-ാമൻ മാർപ്പാപ്പയെപ്പോലും വിഷമത്തിലാക്കി. രാജ്യവ്യാപകമായ ഒരു ശീശ്മയെ ഒഴിവാക്കുന്നതിനു വേണ്ടി അവിടുന്നു "ദോമിനൂസ ആക്ക് റെഡംപ്തോർ" (Dominus ac Redemptor) എന്ന തിരുവെഴുത്തുമൂലം ഈശോസഭയെ നീർത്തലാക്കുന്നതിനു നിർബന്ധിതനായി. സഭയുടെ ഈ വിഷമഘട്ടത്തിൽ അതിനെ ധീരതയോടുകൂടി നയിച്ച വീരനേതാവും അതിൻെറ നാശത്തിൽനിന്നതിനെ ഉദ്ധരിച്ച സംരക്ഷകനുമാണ് ഫാദർ ജോസഫ് പിഞ്ഞത്തെല്ലി (Fr. Pignatelli) അദ്ദേഹത്തിൻെറ ധീരസേവനത്തിൻെറയും വീരോചിതമായ പുണ്യജീവിതത്തിൻെറയും അംഗീകരണമാണ് ജൂൺ 13-ാം തീയതി സെൻറ് പീറേറഴ്സിൽ നടക്കുന്ന പുണ്യപദപ്രഖ്യാപനം.

രാജകുടുംബത്തോടു അടുത്തു ബന്ധപ്പെട്ടിരുന്ന ഒരു പ്രഭുകുടുംബത്തിലെ അംഗമായിട്ടാണ് അദ്ദേഹം ജനിച്ചതും വളർന്നതും. യൗവനത്തിൽ അദ്ദേഹം ദൈവവിളിക്കു വിധേയനായി ഒരു ഈശോസഭാംഗമായി. സരഗോസ്സായിലെ സഭാശ്രമത്തിൽ അദ്ദേഹം താമസിച്ചിരിക്കവെയാണ് പെട്ടെന്നു സന്യാസികളെയെല്ലാം ബഹിഷ്കരിക്കുന്നതിനുള്ള രാജകല്പന പുറപ്പെട്ടതു്. അവരെല്ലാം 24 മണിക്കൂറിനുള്ളിൽ രാജ്യാതിർത്തി കടന്നുപൊയ്ക്കൊള്ളണം. സരഗോസ്സായിൽ ഈ കല്പന പ്രഖ്യാപിക്കപ്പെട്ടപ്പോൾ മറെറവിടെയുമെന്നവണ്ണം സന്യാസികൾ ഇതികർത്തവ്യതാമൂഢരായി. ഒരു സന്യാസി മൂർച്ഛിച്ചു നിലംപതിച്ചു. എന്നാൽ ധീരനായ ഫാദർ പിഞ്ഞത്തെല്ലി മുന്നോട്ടുവന്നു അവരെ സമാശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുകയും ഉദ്യോഗസ്ഥന്മാരെ മര്യാദയായി സ്വീകരിച്ചു ആശ്രമഭാഗങ്ങളെല്ലാം പരിചയപ്പെടുത്തി ആശ്രമത്തെ കല്പനപ്രകാരം അവരെ ഏല്പിക്കുകയും ചെയ്തു. ഇതിനിടയിൽ ഉദ്യോഗസ്ഥപ്രമാണികൾ ഒരു പ്രഭുകുമാരനായ അദ്ദേഹത്തോടു് രഹസ്യത്തിൽ രക്ഷപ്പെട്ടുകൊള്ളുവാൻ ഉപദേശിച്ചു. "ഒളിച്ചോടി രക്ഷപെടുവാൻവേണ്ടിയല്ല ഞാൻ ഈശോസഭയിലെ ഒരംഗമായി ചേർന്നിരിക്കുന്നതു്. ഇങ്ങനെയാണോ നിങ്ങൾ രാജകല്പന നിർവ്വഹിക്കുവാൻ പോകുന്നതു്?" ഫാദർ പിഞ്ഞത്തെല്ലിയുടെ ഈ വാക്കുകൾ അവരെ ഇളിഭ്യരാക്കിയെന്നു പറയേണ്ടതില്ലല്ലോ. പക്ഷെ അദ്ദേഹത്തെ സഭയിൽനിന്നും പ്രതിനിവർത്തിപ്പിക്കുവാൻ പിന്നീടും പല പരീക്ഷണങ്ങൾ നടന്നു. അവയെല്ലാം വിഫലമായെന്നു മാത്രമല്ല, അദ്ദേഹത്തിൻെറ ദൈവസ്നേഹത്തിൻെറ മാററുരക്കുന്നതിനും വീരോചിതമായ പുണ്യത്തിൻെറ പ്രകാശം പരത്തുന്നതിനും അവസരമായി. 1811 നവംബർ 11-ാംതീയതി റോമിൽവച്ചു ഈ ധീരയോദ്ധാവു തൻെറ നിത്യസമ്മാനം സ്വീകരിക്കുന്നതിനു സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു.

1767 ഏപ്രിൽ 4-ാംതീയതി ഈശോസഭാവൈദികരെല്ലാം സ്പെയിൻരാജ്യത്തു അവസാനമായി ദിവ്യബലി അർപ്പിച്ചു. രാജശാസനയനുസരിച്ചു അവർ രാജ്യഭ്രഷ്ടരാണ്. അവർ നാടുവിട്ടു പോവുകയാണ്. ഹൃദയമുള്ള സ്പാനിഷ് ജനത വികാരഭരിതരായി പൊട്ടിക്കരഞ്ഞു. വൈദികരെ തടഞ്ഞുനിർത്തുന്നതിനു ചിലർ ശ്രമിച്ചു. പക്ഷെ ഈശോയുടെ ധീരയോദ്ധാക്കൾ, അനീതിപരമെങ്കിലും, അധികാരത്തിലെ ആജ്ഞകൾ ശിരസാ വഹിക്കുന്നതിൽ ദൃഢചിത്തരായിരുന്നു. ഈ അവസരത്തെപ്പററി ഫാദർ പിഞ്ഞത്തെല്ലി എഴുതിയിട്ടുള്ളതു്: "ബന്ധുക്കളും സ്നേഹിതരും യാത്ര പറഞ്ഞപ്പോൾ ഞങ്ങൾ ശാന്തരായി നില കൊണ്ടു; എന്നാൽ ഞങ്ങളുടെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ അവരുടെ സ്നേഹാദരവുകളെ പ്രകടിപ്പിച്ചപ്പോൾ ഞങ്ങൾ വികാരങ്ങളെ അടക്കുവാൻ അശക്തരായിത്തീർന്നുപോയി."

സരഗോസ്സായിൽനിന്നു ഉദ്ദേശം 120 മൈലകലെയുള്ള സരഗോണായിൽ എത്തിയപ്പോൾ ബഹിഷ്കൃതരുടെ സംഖ്യ അറുനൂറോളമായി. അവിടെവച്ചു ഫാദർ പിഞ്ഞത്തെല്ലിയെ പ്രൊവിൻഷ്യാൾ അദ്ദേഹത്തിൻെറ സഹായിയായി നിയമിച്ചു. ആഗസ്റ്റു 4-ാംതീയതിയാണു് ഈ സംഘം കോർസിക്കായിലുള്ള സെൻറ് ബോനിഫസു് തുറമുഖത്തടുത്തതു്. ഈ യാത്രയുടെ ഓരോ ഘട്ടത്തിലും ഫാദർ പിഞ്ഞത്തെല്ലിയെ പിന്തിരിപ്പിക്കുന്നതിനും സഭയെ ഉപേക്ഷിച്ചുപോരുന്നതിനു പ്രേരിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ഈ പരീക്ഷണങ്ങളെല്ലാം ധീരമായി അദ്ദേഹം ചെറുത്തുനിന്നു. ഈ അവസരത്തിൽ അദ്ദേഹം തൻെറ സഹോദരനയച്ച കത്തിൽ അതു പ്രസ്താവിച്ചിട്ടുണ്ടു്. "സഭാമാതാവിനെ ഉപേക്ഷിക്കേണ്ട യാതൊരു കാരണവും ഇപ്പോൾ ഞാൻ കാണുന്നില്ല. മാത്രമല്ല, ഈ സഭയിൽതന്നെ ജീവിക്കുവാനും മരിക്കാനും ഞാൻ നിശ്ചയിച്ചിരിക്കുന്നു. സഹോദരൻ മേലിൽ എനിക്കെഴുതുന്നുണ്ടെങ്കിൽ, എൻെറ ദൈവവിളിയെ തിരസ്കരിക്കുന്നതിനെപ്പററി യാതൊന്നും എഴുതരുതു്. കൂടാതെ, മറേറതെങ്കിലും സഭയിൽ ചേരുന്നതിനു എനിക്കുവേണ്ടി അനുവാദവും വാങ്ങരുതു്". ഞാൻ ഈശോസഭയെ ഒരുനാളും ഉപേ

(ശേഷം 5-ാംപേജിൽ)

**St. JOSEPH'S RADIO TECHNIC INSTITUTE**
**MUNICIPAL OFFICE ROAD, TRICHUR**
OFFERS WIRELESS ENGINEERING COURSES FOR RECOGNISED EXAMINATIONS OF DEGREE STANDARD. FOR PROSPECTUS & APPLICATION FORM APPLY WITH AS 8/— *PRINCIPAL*

## ഇതൊരു ധർമ്മസംഘമോ?

(10-ാംപേജ് തുടർച്ച)

സൃഷ്ടിക്കുവാനുള്ള, ഒരുപാധിമാത്രമാണ് ശാരീരികസഹായങ്ങൾ. ഇനിയും, ശാരീരികസഹായം (പരസഹായം) പരസ്നേഹത്തിന്റെ പ്രത്യക്ഷപ്രകടനമാണ്. പരസ്നേഹമാകട്ടെ വിശ്വാസത്തിന്റെ അവിഭാജ്യഘടകവും. സഖ്യതയുടെ ലക്ഷ്യമായ ആത്മരക്ഷയ്ക്കു അനിവാര്യമായ വിശ്വാസത്തെ പരസ്നേഹം വികസിപ്പിച്ചു സജീവമാക്കി നിലനിർത്തുന്നു. ഈവിധമായ പരസഹായം "ധർമ്മം കൊടുക്ക"ലാണെന്നുപലപ്പോഴും പറയുന്നതു് എന്തൊരു സാഹസം! മേൽവിവരിച്ച തരത്തിലുള്ള ഉൽകൃഷ്ടമായ ഈ സഖ്യത്തെ "ധർമ്മസംഘ"മെന്നും കേവലം പരസഹായസംഘമെന്നും മററും വ്യാഖ്യാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതു്, അജ്ഞതകൊണ്ടായാലും, സഖ്യതയോടു ചെയ്യുന്ന ഒരു മഹാപരാധമാണ്.

സാമൂഹ്യസേവതല്പരരായ പല പ്രമുഖ കത്തോലിക്കരും സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ സേവനങ്ങൾ നിസ്സാരമെന്നു പറഞ്ഞു പുച്ഛിച്ചുതള്ളാറുണ്ട്. സഖ്യത്തെപ്പററിയുള്ള അറിവില്ലായ്മ മാത്രമല്ല, ആദ്ധ്യാത്മികമായ കാര്യങ്ങളിലുള്ള അവഗണന, അഥവാ അജ്ഞതയുമായിരിക്കണം ഇതിനു കാരണം. യാതൊരുവിധ സാമൂഹ്യസേവനവും ഈ സഖ്യത്തിനു സ്വീകാര്യമല്ലാത്തതായിട്ടില്ല. പക്ഷേ സാധാരണ സാമൂഹ്യസേവനങ്ങളും സഖ്യതയുടെ സേവനവും തമ്മിൽ ഗണനീയമായ അന്തരമുണ്ട്. സാമൂഹ്യസേവകരുടെ ലക്ഷ്യം ലൗകികവും ഉദ്ദേശം പലപ്പോഴും സ്വാർത്ഥപരവുമാകാം. എന്നാൽ സഖ്യതയുടെ ലക്ഷ്യം ദൈവികവും ഉദ്ദേശം ആദ്ധ്യാത്മികവുമത്രെ.

പല രാഷ്ട്രീയസാമൂഹ്യസംഘടനകളും സാധുജനസഹായത്തിന്റേയും, സാധുജനോദ്ധാരണത്തിന്റേയും പേരിൽ ഒട്ടേറെ ഒച്ചപ്പാടുണ്ടാക്കുന്ന കാലമാണല്ലോ ഇതു്. പക്ഷെ, ഇവരിൽ പലരുടേയും ഉദ്ദേശം മനുഷ്യരുടെ ധാർമ്മികബോധത്തെ ക്ഷയിപ്പിച്ചു അവരെ ദൈവാശ്രയത്തിലും വിശ്വാസത്തിലും നിന്നകററി, മാനുഷികശക്തിയിലും മാർഗ്ഗങ്ങളിലും ആശ്രയിക്കുവാൻ പ്രേരിപ്പിക്കുകയാണ് എന്നുള്ളതു പരിതാപകരമായ ഒരു വസ്തുതയാണ്. സെൻറു് വിൻസെൻറു ഡി പോൾ സഖ്യമാകട്ടെ, മനുഷ്യരെ തങ്ങളുടെ നിസ്സാരത അഥവാ നിസ്സഹായത ഗ്രഹിച്ചുകൊണ്ടു, ദൈവശക്തിയിലും ദൈവസഹായത്തിലും വിശ്വസിക്കുവാനും ആശ്രയിക്കുവാനും പ്രേരിപ്പിക്കുന്നു. സാധുഗൃഹസന്ദർശനമാണു ഇതിനു ഏററം ഫലവത്തായ മാർഗ്ഗം. ഇതുകൊണ്ടാണു സാധുഗൃഹസന്ദർശനം സഖ്യത്തിന്റെ മുഖ്യപ്രവർത്തനമാക്കിയിട്ടുള്ളതു്.

ക്രിസ്തുവിന്റെ സന്ദേശങ്ങളും ക്രിസ്തീയപരസ്നേഹവും മനപ്പൂർവ്വം ഉപര്യുപരി അവഗണിക്കപ്പെടുന്ന കാലമാണല്ലോ ഇതു്. ലോകായതികത്വത്തിൽ ആണ്ടുകിടക്കുന്ന ഇന്നത്തെ ലോകം എന്തൊന്നിനേയും അളക്കുന്നതു് സാമ്പത്തിക തോതുകൊണ്ടാണു. സെൻറു് വിൻസെൻറു ഡി പോൾ സഖ്യം കോൺഫറൻസുകളേയും ഈവിധം അളക്കുന്നതു ശോചനീയമായിരിക്കുന്നു. ക്രിസ്തുവിന്റെ സന്ദേശങ്ങളും ക്രിസ്തീയാദർശങ്ങളും പ്രകാശിപ്പിച്ചുകൊണ്ടു് ലോകായതികത്വമാകുന്നഅന്ധകാരത്തെ ഉച്ചാടനംചെയ്യേണ്ടതു സഖ്യാംഗങ്ങളുടെ ചുമതലയാണ്. ഇതിലുമുപരിയായ കർത്തവ്യമാണ് പീഡിതരായിട്ടുള്ള പാവങ്ങളിൽ ക്രിസ്തുവിന്റെ ആശ്വാസസന്ദേശങ്ങളെ പ്രചരിപ്പിക്കേണ്ടതു്. 1888 ഫെബ്രുവരി 11-ാംനു- 13-ാംലെയോ മാർപ്പാപ്പാ സഖ്യതാംഗങ്ങൾക്കു നൽകിയ ഉപദേശത്തിൽ പറയുന്നു: "കഷ്ടതയനുഭവിക്കുന്ന ജനസഞ്ചയത്തെ ക്രിസ്തീയപരസ്നേഹപ്രവൃത്തികളാൽ സമാശ്വസിപ്പിക്കേണ്ടതിന്റെ ആവശ്യം മറേറതൊരു കാലത്തേയുംകാൾ ഇന്നു അത്യധികം വർദ്ധിച്ചിരിക്കുന്നു. പരസ്നേഹം ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളുടെ അനുയോജ്യവും പ്രത്യേകവുമായ അടയാളമത്രെ. സകലരേയും ക്രിസ്തുവിൽനിന്നു പിന്തിരിപ്പിക്കുന്നതിനു നിലകൊള്ളുന്ന നമ്മുടെ ശത്രുക്കൾ പരസ്നേഹത്തിന്റെ ചിന്തതന്നെമനുഷ്യരിൽ ഇല്ലാതാക്കുന്നതിനു സുശിക്ഷിതവും സംഘടിതവുമായ പരിപാടികളോടുകൂടി കൃത്രിമമായ പരസഹായം നടപ്പാക്കുവാൻ വ്യഗ്രത പൂണ്ടു ശ്രമിക്കുന്നു. ഇതിനെ ഫലപ്രദമായി എതിർക്കേണ്ടതു ക്രിസ്തുവിന്റെ സേനാനികളായ സെൻറു് വിൻസെൻറു് ഡി പോൾ സഖ്യാംഗങ്ങൾ തങ്ങളുടെ കർത്തവ്യമാക്കുക." ഇന്നു വിശുദ്ധപദത്തിലേക്കുയർത്തപ്പെട്ടിരിക്കുന്ന പീയൂസ് 10-ാമൻ സഖ്യാംഗങ്ങളോടു ഉപദേശിച്ചിരിക്കുന്നു: "വിശ്വാസത്താൽ നയിക്കപ്പെടുന്ന പരസ്നേഹത്തിൽ നിങ്ങൾ സർവ്വരിലും മുമ്പരായിരിക്കുവാൻ നിങ്ങളെ ഞാൻ ഉൽബോധിപ്പിക്കുന്നു. നിങ്ങളുടെ പരസ്നേഹപ്രവൃത്തികളിൽ അൾത്താരയുടെ മുമ്പിൽനിന്നു നിങ്ങൾ ഉത്തേജനം തേടുവിൻ. നിങ്ങളുടെ പരസ്നേഹം കേവലം മനുഷ്യരുടേതാകാതെ സാക്ഷാൽ ക്രിസ്ത്യാനികളുടേതു്—അതേ, സാധുക്കളിൽ ഒരു പരിപാവനത്വവും, നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ ഛായ മാത്രമല്ല, ക്രിസ്തുവിനെത്തന്നെ ദർശിക്കുന്ന ക്രിസ്ത്യാനിയുടേതായിരിക്കട്ടെ. (ഐറിഷ്ബുള്ളററിൻ ഏപ്രിൽ 1952).

## ഇടവകവാർത്തകൾ

**മററം:** സ്ഥലം മരിയസഖ്യത്തിന്റേയും വിൻസെൻറു് ഡി പോൾ സംഘത്തിന്റേയും വാർഷികം മേയ് 30-ാംനു- റവ. ഫാദർ എസ്. തേർമാം എം. ഒ എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയുണ്ടായി. തദവസരത്തിൽ ജെ. സി. ചിറമ്മൽ അവർകൾ ഒരു പ്രസംഗം ചെയ്തു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾക്കു പുറമെ "തകർന്നഹൃദയം" എന്ന പ്രഹസനം വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കപ്പെട്ടു.

**പൊടിമററം:** ഈ ഇടവകയിലെ സൺഡേസ്കൂൾ, ലീജിയൻ ഓഫ് മേരി, ചെറുപുഷ്പമിഷൻലീഗ് ഇവയുടെ സംയുക്തവാർഷികം റവ. ഫാ. തോമസ് കട്ടക്കയം ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സ്വാഗതപ്രസംഗത്തിനുശേഷം മെസ്സേഴ്സ് കെ. സി. ചാക്കോ ബി. എ. ബി. ററി., കെ. സി. സെബാസ്റ്റ്യൻ വെട്ടം ബി. എ. എന്നിവർ മിഷൻ പ്രവർത്തനത്തിന്റെ വിവിധവശങ്ങളെ വിശദീകരിച്ചു പ്രസംഗിച്ചു. സമ്മാനദാനം കുട്ടികളുടെ പ്രഹസനം ഇവയ്ക്കുശേഷം അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗം ചെയ്തു. സംഘടനകളുടെ ധനശേഖരത്തിനായി പ്രസിദ്ധകഥാപ്രാസംഗികനായ ശ്രീ ജോസഫ് കൈമാപ്പറമ്പൻ രക്തകാന്തിയെ അധികരിച്ചു കഥാപ്രസംഗം നടത്തി.

**തിരുമുടിക്കുന്നു്:** ഈ ഇടവകയിലെ മരിയസഖ്യത്തിന്റെ ഒൻപതാമതു വാർഷികം മേയ 30-ാംനു- ഞായറാഴ്ച സ്ഥലം മിഡിൽസ്കൂൾ ഹാളിൽവച്ചു് റവ. ഫാദർ സഖറിയാസു് വാഴപ്പിള്ളി ഡി. ഡി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്നു.

രാവിലെ സഖ്യാംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണം ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞു് മൂന്നു മണിക്കു് സ്കൂൾഹാളിൽവച്ചു് പൊതുയോഗം നടന്നു. പ്രാർത്ഥന, സ്വാഗതഗാനം, സ്വാഗതപ്രസംഗം, അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം, സെക്രട്ടറിയുടെ റിപ്പോർട്ടുവായന എന്നിവയ്ക്കുശേഷം ശ്രീ പി. ഡി. ജോസഫ് ബി. എ. അവർകൾ പ്രസംഗിച്ചു. തുടന്നു് അദ്ധ്യക്ഷൻ വേദോപദേശപരീക്ഷാവിജയികൾക്കു സമ്മാനങ്ങൾ നൽകി. അനന്തരം ഉപസംഹാരപ്രസംഗം കൃതജ്ഞതാപ്രകടനം, ഹാരാർപ്പണം, പാപ്പാമംഗളം ഇവയും നടന്നു. "വേലക്കാരൻ" എന്നനാടകം സഖ്യാംഗങ്ങൾ തന്മയത്വമായി അഭിനയിച്ചു.

**പുതുക്കാട്ട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 30-ാംവാർഷികസമ്മേളനവും മരിയൻജൂബിലിയാഘോഷവും മേയ് 27-ാംനു- വ്യാഴാഴ്ച ഉച്ചതിരിഞ്ഞു് 4 മണിക്കു് പള്ളിയങ്കണത്തിൽവച്ചു് നടത്തപ്പെട്ടു. യോഗത്തിൽ റവ. ഫാദർ ലേത്തുസു്, സി. ഡി. അവർകൾ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ പോൾ മാൻവെട്ടം ബി. എ. ബി. എൽ. അവർകൾ പ്രസംഗിച്ചു. യോഗത്തിൽ കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. യോഗാനന്തരം സഖ്യാംഗങ്ങൾ "തകർന്നഹൃദയം" എന്ന പ്രഹസനം അഭിനയിച്ചു.

**തൈയ്യാട്ടുശ്ശേരി:** സ്ഥലം മരിയസഖ്യത്തിന്റേയും വെല്യാറ മരിയസഖ്യത്തിന്റേയും ഏകോപിച്ചുള്ള വാർഷികവും മരിയൻജൂബിലി വത്സരാഘോഷവും മേയ് 23-ാംതീയതി ഞായറാഴ്ച റവ. എസു്. മങ്കുഴിക്കരിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീമാൻ പി. എ. ഡാനിയേൽ പ്രസംഗിച്ചു. യോഗാനന്തരം സംഘടനാംഗങ്ങൾ "ദീനാമ്മ" എന്ന ഗദ്യനാടകം അഭിനയിക്കുകയുണ്ടായി.

**കൊട്ടാങ്ങൽ:** ഈ ഇടവകയിൽ ബാലദിനം പ്രമാണിച്ചു് കുട്ടികൾ എല്ലാവരും കുമ്പസാരിച്ചു് വിശുദ്ധ കുർബാന സ്വീകരിക്കുകയും അവർ മൂന്നടി നീളമുള്ള കുരിശുംവഹിച്ചു്, തലയിൽ വെള്ളമുടിയും വച്ചു്, ഉച്ചസ്വരത്തിൽ ജപമാലചൊല്ലി കൊട്ടാങ്ങൽ പള്ളിയിൽനിന്നും ചുങ്കപ്പാറ റിത്തുപള്ളിവരെ ഒരു പരിഹാരപ്രദക്ഷിണം നടത്തുകയും ചെയ്തു. തദവസരത്തിൽ അവിടെ വി. കുർബാനയുടെ വാഴ്വും ഉണ്ടായിരുന്നു.

**മഞ്ഞപ്ര.** സ്ഥലം മരിയസഖ്യത്തിന്റെ 24-ാമതു് വാർഷികവും ബാലദിനവും രണ്ടുദിവസത്തെ പരിപാടികളോടെ ആഘോഷിച്ചു. 22-ാംനു- പൊതുദിവ്യകാരുണ്യസ്വീകരണം, ബാലികാവിഭാഗക്കാരുടെ സാഹിത്യമത്സരങ്ങൾ, ബാലവിഭാഗത്തിന്റെ കായികമത്സരങ്ങൾ ഇവ നടന്നു. ഞായറാഴ്ച കുർബാനകഴിഞ്ഞു് സൊഡാലിററി റാലി സ്കൂൾഹാളിൽ ചെന്നുചേന്നു. വേരനാനി ബ. സക്കറിയാസച്ചൻ ബി എ. എൽ. ടി. യുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. റവ. സിസ്റ്റർ ആൻറണീററ ബി. എ. ബി. ടി., മി. ടി. വി. മാത്യു ബി. എസ്‌സി. എന്നിവർ പ്രസംഗിച്ചു. മത്സരങ്ങളിൽ വിജയികളായവൎക്കു് നല്ല സമ്മാനങ്ങളും നൽകി.

**ചമ്പക്കുളം:** സ്ഥലം ഗാഗുൽത്താ ആശ്രമദേവാലയത്തിലെ സൺഡേസ്കൂൾ, സൊഡാലിററി എന്നിവയുടെ വാർഷികവും മരിയൻജൂബിലിയാഘോഷവും റവ. ഫാദർ ഫ്രാൻസിസു് കാളാശ്ശേരി എം. എസ്‌സി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ആശ്രമമൈതാനപ്പന്തലിൽവച്ചു് നടത്തപ്പെട്ടു. ശ്രീ വി. ജെ. വക്കി ബി. എ. ബി. എൽ. അവർകൾ പ്രസംഗിച്ചു. യോഗാനന്തരം സൊഡാലിററിയംഗങ്ങൾ "ഭിക്ഷു" എന്ന ഗദ്യനാടകം തന്മയത്വമായി അഭിനയിച്ചു.

**പെരുമ്പാവൂർ:** വല്ലം, താന്നിപ്പുഴ, പെരുമ്പാവൂർ, കുറുപ്പുമ്പടി, പുല്ലുവഴി എന്നീ ഇടവകക്കാർ ചേന്നു് മേയ് 30-ാംനു- ഞായറാഴ്ച ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു. ഓരോ ഇടവകക്കാരും മരക്കുരിശുകളും ഏന്തി, ജപമാലയും ജപിച്ചു് ജാഥയായി പെരുമ്പാവൂരെത്തി ഒരുമിച്ചുകൂടി ടൗൺചുററി പെരുമ്പാവൂർ പള്ളിയിൽച്ചെന്നു. വാഴ്വിനുശേഷം റവ. ഫാ. തോമസു് ഇഞ്ചക്കലോടി ഒരു പ്രസംഗംചെയ്തു. ചടങ്ങുകളിൽ 5000 ൽപ്പരം ആളുകൾ സംബന്ധിച്ചു.

---

വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥതാൽ, അസാദ്ധ്യമെന്നു കരുതിയിരുന്ന കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ജോർജ്

---

**വൈക്കം:** സ്ഥലം സൊഡാലിററിയുടെ 24-ാമതു വാർഷികസമ്മേളനം മേയ് 30-ാംനു- ഞായറാഴ്ച സെൻറു് ജോസഫ്സ് ഹാളിൽവച്ചു് റവ. ഫാദർ ജോസഫ് കളരിക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മിസ്സസു് മേരി ചെറിയാൻ ബി. എ., മി ആൻറണി പഞ്ഞിക്കാരൻ ബി. എ. ബി. എൽ. എന്നിവർ പ്രസംഗിച്ചു. സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ "ത്യാഗബലി" എന്ന ഗദ്യനാടകം തന്മയത്വത്തോടെ അഭിനയിക്കപ്പെട്ടു.

**പൊൻകുന്നം:** പൊൻകുന്നം ദൈവമാതൃകപ്പേളയിൽ മേയ് 1 മുതൽ നടത്തിവന്നിരുന്ന മേയ്മാസവണക്കസമാപ്തി വിവിധ പരിപാടികളോടുകൂടി 30-ാംനു- ആഘോഷിക്കപ്പെട്ടിരിക്കുന്നു. കപ്പേളയിൽവച്ചു് അത്യുന്നത കർദ്ദിനാൾ തിരുമേനിയുടെയും പാലാ മെത്രാൻ തിരുമേനിയുടെയും ശ്രദ്ധേയമായ പ്രസംഗങ്ങളും, കൂടാതെ റവ. ഫാദർ വില്യം സി. ഡി., റവ. ഫാദർ വലേരിയൻ സി. ഡി. മുതലായവരുടെ പ്രസംഗങ്ങളും പ്രദക്ഷിണവും ഉണ്ടായിരുന്നു.

**തെ. പറവൂർ:** സ്ഥലത്തെ മരിയസഖ്യതയുടെ വാർഷികവും വിൻസെൻറു് ഡീ പോൾ സംഘടനയുടെ ഉൽഘാടനവും സംബന്ധിച്ച സംയുക്തസമ്മേളനം മേയ് 30-ാംനു- ഞായറാഴ്ച ലിററിൽഫ്ളവർ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹാളിൽവച്ചു റവ. ഫാദർ പീററർ ഊരാളിൽ എം. എ., എൽ. പി എച്ച്. എൽ. ഡി. യുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീയു വി. ജോൺ എം. എ. സദസ്സിനു സ്വാഗതമരുളി. അദ്ധ്യക്ഷനവർകളുടെ ഉപക്രമത്തെ തുടന്നു ശ്രീ പോൾ മാൻവെട്ടം ബി. എ. ബി. എൽ. അവർകൾ പ്രസംഗിച്ചു. ബാലികമാരുടെ കലാപ്രകടനങ്ങളും, സഖ്യാംഗങ്ങൾ അഭിനയിച്ച "അമ്മായിയമ്മ", "പോത്തനും മാത്തനും" എന്ന ലഘുപ്രഹസനങ്ങളും പ്രശംസാർഹമായിരുന്നു. കൃതജ്ഞത, പാപ്പാമംഗളം എന്നിവയോടുകൂടി യോഗം പര്യവസാനിച്ചു.

**കരിമണ്ണൂർ:** ഈ പള്ളിയിലെ സൊഡാലിററിയുടെ 17-ാമതു് വാർഷികം മേയ് 30-ാംനു- റവ. ഫാ. തോമസ് പരുവനാനി എം. എ., എം. ഒ. എൽ. അവർകളുടെ ആദ്ധ്യക്ഷത്തിൽ സമ്മേളിച്ചു. ശ്രീമാൻ യു. എം. മാത്യു ബി. എസ്‌സി., ഡി. ദേവസ്യാ ബി. എ. ബി. ടി. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ദിവ്യാഹ്വാനം" എന്ന പ്രഹസനം വിദ്യാർത്ഥികൾ അഭിനയിക്കയുണ്ടായി.

**അങ്കമാലി:** മരിയൻജൂബിലി പ്രമാണിച്ചു് അങ്കമാലി പള്ളിയിൽ മേയ് 24മുതൽ 30 വരെ തീയതികളിൽ വിപുലമായ പരിപാടികളോടുകൂടി മേയ് മാസം ആഘോഷിച്ചിരിക്കുന്നു. അവസാനദിവസമായ 30-ാംനു- ഞായറാഴ്ച പ. കന്യകയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടു് കിഴക്കെ പള്ളിയിൽനിന്നും പടിഞ്ഞാറെ പള്ളിയിലേക്കു് നടത്തപ്പെട്ട ജപമാലപ്രദക്ഷിണത്തെ തുടന്നു് റവ. ഫാ. ജോൺ മാതേക്കൽ പ. കന്യകയുടെ സന്ദേശങ്ങളനുസരിച്ചു് ജീവിക്കുവാൻ ഉൽബോധിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചു.

**കപ്പാട്ട്:** കപ്പാട്ടുചിറ മാർസ്ലീവാപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന യുവ. ഫ്രം. മൂന്നാം സഭയുടെയും സത്യാരാധനാസഖ്യത്തിന്റെയും വാർഷികം മേയ് 23-ാംതീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു്, റവ. ഫാ ജോസഫ് ഇല്ലിക്കൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ സത്യാ. സഖ്യത്തിന്റെ ജ. ലീഡർ ശ്രീ മാത്തച്ചൻ എം. കുരുവിനാക്കുന്നേൽ പുതിയ പുതിയ സംഘടനകളുടെ ആവശ്യകതയെപ്പററിയും, ശ്രീ സി. ജെ. ആൻറണി ബി. എ., ബി. എൽ. മൂന്നാം സഭയിൽ എല്ലാവരും ചേരണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടും പ്രസംഗിക്കയുണ്ടായി.

സ്ഥലത്തെ സൊഡാലിററി, മിഷൻ ലീഗ് മുതലായ സംഘടനകളുടെ സെക്രട്ടറിയായിരുന്ന മിസു് എലിക്കുട്ടി തോമസു് കപ്പലുമാക്കൽ ക്ലാരമഠത്തിൽച്ചേന്നു് മേയ് 24-ാംനു- ചെമ്മലമററം പള്ളിയിൽവച്ചു് എ. പെ. ബ. പാലാമെത്രാൻ തിരുമനസ്സിൽനിന്നും സഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

# "ഹിററ്ലറായിരുന്നു എന്റെ തലതൊട്ടപ്പൻ"

(ജോസഫ് കുട്ടമ്മേൽ)

"എല്ലാവർക്കും വലിയ ഭയമായിരുന്നു നാലു കൊല്ലങ്ങൾക്കു മുമ്പു് അവനെ സെമ്മിനാരിയിൽ പ്രവേശിപ്പിക്കുവാൻ. ആരുടെയു കുററമായിരുന്നില്ല അതു്. അവന്റെയും അഛന്റെയും പൂർവ്വകാലചരിത്രം ഓർക്കുന്നവരാരും അവനെ സെമ്മിനാരിയിൽ എടുക്കുവാൻ ധൈര്യപ്പെടുകയില്ല. എന്നാൽ പെട്ടെന്നു ഞങ്ങൾക്കു മനഃപരിവർത്തനം ഉണ്ടായി." ഫാദർ ഹാഗ്നേ അഭിമാനപൂർവ്വം ഇന്നു പറയുകയാണു്.

സ്വന്തകാര്യം എന്തെങ്കിലും പറയാൻ യുവാവായ ബോർമാനു് വിസമ്മതമാണു്. അവന്റെ കുടുംബത്തെക്കുറിച്ചുള്ള പത്രവാർത്തകൾ കാണുമ്പോൾ അവൻ വളരെ അസ്വസ്ഥനാകാറുണ്ടു്. ക്ഷമവിട്ടു ചിലപ്പോൾ അവൻ പറയും "എന്തെല്ലാം വെറി പിടിപ്പിക്കുന്ന വാർത്തകളാണു് ഈ പത്രക്കാർ ഞങ്ങളെക്കുറിച്ചു് പരസ്യപ്പെടുത്തുന്നതു്. ഇതെല്ലാംകൊണ്ടു് ഞാൻ വിഷമിച്ചുകഴിയുകയാണു്." എങ്കിലും ഫാദർ ഹാഗ്നേ അവന്റെ ആത്മകഥ ആവശ്യപ്പെട്ടപ്പോൾ വിഷമംകൂടാതെ അവൻ അതു എഴുതിക്കൊടുക്കുകയുണ്ടായി.

നാസി നേതാവായ ഹിററ്ലർ ആത്മഹത്യചെയ്യുന്നതിനു് മുമ്പു് അവസാനമായി അയാളെ കണ്ടതു് മാർട്ടീൻ ബോർമാൻ—കഥാപുരുഷന്റെ പിതാവു്—ആയിരുന്നു. അവശേഷിക്കപ്പെട്ട ഏക രഹസ്യരക്ഷാമാർഗ്ഗത്തിലൂടെ കത്തിയെരിയുന്ന തലസ്ഥാനനഗരത്തിൽനിന്നു് അയാൾ പ്രാണരക്ഷാർത്ഥം ഓടിപ്പോകുന്നതായിട്ടാണു് ബോർമാൻ കണ്ടതു്. ആ രഹസ്യരക്ഷാമാർഗ്ഗം ഹിററ്ലർതന്നെ നിർമ്മിച്ചതായിരുന്നുവെന്നാണു് ചിലരുടെ അഭിപ്രായം. മററു ചിലർ പറയുന്നതു് അയാൾ ബർലിൻ നഗരത്തിന്റെ നഷ്ടശിഷ്ടങ്ങളുടെയിടയിൽ റഷ്യൻ ഷെൽപ്രയോഗം ഏററു മൃതിയടഞ്ഞുവെന്നാണു്. ഹിററ്ലറിന്റെ സാന്നിദ്ധ്യം കൂടാതെതന്നെ അയാളും മററു് പതിനൊന്നുപേരോടൊപ്പം ന്യൂറംബർഗ്ഗിലെ സൈനികകോടതിയിൽ വിസ്തരിക്കപ്പെട്ടുവല്ലോ. ആ കൂട്ടത്തിൽ മാർട്ടിൻ ബോർമാനും ഉൾപ്പെട്ടിരുന്നു.

മാർട്ടിൻ ബോർമാൻ ദൈവത്തെ വെറുത്തിരുന്നു. സഭയുടേയും മനുഷ്യവർഗ്ഗത്തിന്റെ തന്നെയും അവകാശങ്ങളെ ചവിട്ടിമെതിക്കുന്നതിനും പാവനങ്ങളായ പാരമ്പര്യങ്ങളെയെല്ലാം തകർക്കുന്നതിനും അയാളോടൊപ്പം മറെറാരാൾ ഉണ്ടായിരുന്നില്ല. സഹസ്രക്കണക്കിനുള്ള ജീവനാശങ്ങൾക്കും അയാൾ ഉത്തരവാദിയായിരുന്നു.

ഈ മനുഷ്യരാക്ഷസന്റെ പുത്രൻ മാർട്ടിൻ ജൂനിയർ ഇന്നു് തെക്കേ ജർമ്മനിയിലെ സേക്രഡ് ഹാർട്ടുമിഷ്യനറിമാരുടെ സെമ്മിനാരിയിൽ വൈദികപഠനം നടത്തുന്നുവെന്നു കേൾക്കുമ്പോൾ ആർക്കാണു് അത്ഭുതം തോന്നാത്തതു്. മാസ്റ്റർ മാർട്ടിൻ ബോർമാനു് ഇന്നു് 24 വയസ്സു പ്രായമുണ്ടു്. ദീർഘകായൻ, സുമുഖൻ. അമ്മയുടെ ഇരുണ്ടു മനോഹരങ്ങളായ കൺമണികളാണു് അയാളുടേതും. അച്ഛനെപ്പോലെ അയാൾ ഗൗരവമാനസനും കുശാഗ്രബുദ്ധിയുമാണു്. അച്ഛന്റെ മുഖത്തിന്റെ ശരിപ്പകർപ്പാണു് അയാളുടെ മുഖം. പക്ഷേ സ്വഭാവത്തിൽ ഇരുവരും വളരെ വ്യത്യസ്തരാണു്. കോടിക്കണക്കിനു് ജനഹൃദയങ്ങളിൽ ഉയരുന്ന ഒരു ചോദ്യമാണു് "മാർട്ടിൽ ബോർമാൻ ജീവിച്ചിരിപ്പുണ്ടോ"യെന്നു്. എന്നാൽ മാസ്റ്റർ ബോർമാനെ ഇതു തെല്ലും അലട്ടുന്ന ഒരു പ്രശ്നമേ അല്ല. അയാൾ പറയും "എന്റെ അച്ഛൻ ജീവിച്ചിരിക്കുന്നുവെങ്കിൽ ദിവ്യനാഥൻ അദ്ദേഹത്തെ ക്രൈസ്തവജീവിതത്തിലേക്കു നയിക്കുമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടു്."

മാസ്റ്റർ മാർട്ടിൻ ബോർമാൻ 1930 ഏപ്രിൽ 19-ാം തീയതി ഭൂജാതനായി. മാതാപിതാക്കന്മാർ പ്രോട്ടസ്റ്റൻറുകാരായിരുന്നു. അയാൾ ഇന്നും അഭിമാനപൂർവ്വം സ്മരിക്കുന്ന ഒരു സംഗതിയാണു് "അഡോൾഫ് ഹിററ്ലറായിരുന്നു എന്റെ തലതൊട്ടപ്പൻ." മാർട്ടിൻ ജനിച്ചു് 4 കൊല്ലങ്ങൾ കഴിഞ്ഞു അവന്റെ പിതാവു് പ്രോട്ടസ്റ്റൻറുസഭാബന്ധം നിശ്ശേഷം ഉപേക്ഷിച്ചു് ഒരു തികഞ്ഞ നിരീശ്വരനായിത്തീർന്നു. കുട്ടികളെയും അങ്ങനെതന്നെ അയാൾ വളർത്തിക്കൊണ്ടുപോന്നു. ഈശ്വരവിശ്വാസം തെല്ലും ഉണ്ടാകാത്ത ഒരു വിദ്യാഭ്യാസമാണു് അവർക്കു നൽകപ്പെട്ടിരുന്നതു്.

നാസ്സിപാർട്ടി പ്രമുഖരുടെ സന്താനങ്ങളെ അഭ്യസിപ്പിക്കുവാൻ പ്രത്യേകം സ്ഥാപിച്ചിരുന്ന ബവേറിയായിലെ (Feldafing) ഫെൽഡാഫിങ്ങ് എന്ന സ്ഥലത്തെ വിദ്യാലയത്തിലാണു മാർട്ടിൻ അഭ്യസനം ആരംഭിച്ചതു്. ഈ വിദ്യാലയത്തിൽ മതം പഠിപ്പിക്കാനർഹതയുള്ള ഒരു വിഷയമായിരുന്നില്ല. നാസ്സിതത്വങ്ങളെ പ്രത്യേകം അടിസ്ഥാനമാക്കിക്കൊണ്ടു് രാഷ്ട്രീയവും സൈനികവുമായ എല്ലാ വിഷയങ്ങളും ഈ കലാലയത്തിൽ അഭ്യസിപ്പിച്ചുപോന്നു

"ഫെൽഡാഫിങ്ങ്" വിദ്യാലയം ഒരു മാതൃകാകലാലയമായിട്ടാണു് സർവ്വത്ര പരിഗണിക്കപ്പെട്ടുപോന്നതു്." മാർട്ടിൻ പറയുകയാണു്: "ഈ സ്ഥാപനത്തെക്കുറിച്ചു് എന്റെ അച്ഛനു് എപ്പോഴും വലിയ അഭിമാനമുണ്ടായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ വിദ്യാലയം ഒരു ഭയങ്കര സ്ഥലമായിരുന്നു. വിദ്യാർത്ഥികളുടെയിടയിൽ യാതൊരു സന്മാർഗ്ഗനിഷ്ഠയും ഉണ്ടായിരുന്നില്ല. ക്ലാസ്സുകളിൽനിന്നു് ഒളിച്ചിറങ്ങി അയലത്തു താമസിച്ചിരുന്ന ഒരു കത്തോലിക്കാ വൈദികന്റെ തോട്ടത്തിൽ അക്രമമായി കടന്നു് പഴങ്ങളും മററും മോഷ്ടിക്കുകയെന്നതു് ഞങ്ങൾക്കു് ഒരു നിത്യവിനോദമായിരുന്നു. ഇന്നും ഞാൻ ഓർക്കുന്നുണ്ടു് ഞങ്ങളെ നിസ്സഹായനായി വേദനാപൂർവ്വം നോക്കിക്കൊണ്ടു നിന്നിരുന്ന ആ സാധുവൈദികന്റെ ശ്ലാനമായ മുഖം. അദ്ദേഹത്തിനു് എന്തുചെയ്യാൻ സാധിക്കും! ഞങ്ങളുടെ പിന്നിൽ ഒരു മഹാരാഷ്ട്രത്തിന്റെ സകല ശക്തികളും. അദ്ദേഹത്തിനോ പ്രാർത്ഥനമാത്രം!"

യുദ്ധഗതി നാസ്സികൾക്കെതിരായി മാറിത്തുടങ്ങിയപ്പോൾ മുതൽ വിദ്യാർത്ഥികളുടെ ആത്മധൈര്യം ക്ഷയിച്ചുതുടങ്ങി. മോഷണം അവരുടെയിടയിൽ സാധാരണമായി. മാർട്ടിൻ തുടർന്നു: "1945 ഏപ്രിൽ മാസത്തിൽ സഖ്യകക്ഷിസൈന്യം ബർലിൻ നഗരത്തോടടുത്തപ്പോൾ എന്റെ ക്ലാസ്സ് ബ്രണ്ണർ പാസ്സിനു സമീപമുള്ള ഒരു രഹസ്യസങ്കേതത്തിലേക്കു മാററി. ഏപ്രിൽ മാസത്തിന്റെ അന്ത്യത്തിൽ ഞങ്ങൾ വീടുകളിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളുവാൻ ആജ്ഞാപിക്കപ്പെട്ടു. ഓരോരുത്തരും പരസ്പരം സമ്പർക്കത്തിലിരിക്കണമെന്നും അണ്ടർഗ്രൗണ്ടു പ്രവർത്തനങ്ങൾക്കു് തയാറാകണമെന്നുമായിരുന്നു അവിടം വിടാറായപ്പോൾ ഞങ്ങൾക്കു കിട്ടിയ മുന്നറിയിപ്പു്.

അങ്ങനെ 1945 ഏപ്രിൽ 30-ാംനു മുതൽ മാർട്ടിൻ ബോർമാന്റെ ജീവിതയാതനകൾ ആരംഭിച്ചു. നാസ്സിത്തലവന്റെ പുത്രൻ എന്ന പ്രത്യേക പരിഗണനകൾക്കു് പാത്രമായി ജീവിതത്തിന്റെ സുഖശീതളമായ വശങ്ങൾമാത്രം അനുഭവിച്ചു് സുഖലോലുപനായിക്കഴിഞ്ഞ മാസ്റ്റർ മാർട്ടിൻ ശത്രുക്കളെ ഭയന്നു കല്ലും മുള്ളും ചവുട്ടി കാടുകൾതോറും ഒളിച്ചോടാൻ തുടങ്ങി. പലപ്പോഴും അവൻ ശത്രുവലയത്തിൽനിന്നു് അധികം വിദൂരമായിരുന്നില്ല. ഉല്ക്കണ്ഠാകുലമായ ഈ പലായനത്തിനുശേഷം അവൻ തന്റെ അച്ഛന്റെ അവസാന രക്ഷാസങ്കേതമായിരുന്ന ടൈറോളിൽ (Tyral) എത്തിയപ്പോൾ നാഡികൾ സ്തംഭിപ്പിക്കുന്ന ഒരു സന്ദേശം അവനു ലഭിച്ചു. ഹിററ്ലർ തന്റെ വിശ്വസ്തസഹപ്രവർത്തകരോടുകൂടി ഏപ്രിൽ 29-ാംനു പുലർച്ചയ്ക്കുമുമ്പു് ഇഹംവെടിഞ്ഞുവെന്നു്.

മാർട്ടീന്റെ പിതാവും ഹിററ്ലരോടുകൂടി ഉണ്ടായിരുന്നു. "തീർച്ചയായും അച്ഛനും മരിച്ചിരിക്കണം" അവൻ തീരുമാനിച്ചു. അവന്റെ ധൈര്യമെല്ലാം പമ്പകടന്നു. ചുററും ഇരുണ്ടുകൂടിക്കണ്ട നിരാശയുടെ വിശാലവിഹായസ്സിൽ അവൻ നിസ്സഹായനായി വിറച്ചുനിന്നുപോയി. കേവലം 15 വയസ്സുമാത്രമുള്ള ആ പയ്യൻ എന്തുചെയ്യും! അച്ഛന്റെ സിക്രട്ടറി ഡോക്ടർ ഹെൽമററു് വോൺ ഹംവെല്ലിനോടു് ഉപദേശം ചോദിക്കാൻ അവൻ വ്യർത്ഥശ്രമം നടത്തി. അയാൾ ഹിററ്ലറിന്റെ ഗിരിസങ്കേതത്തിൽ ഒളിച്ചിരിക്കുകയായിരുന്നു. കാര്യമായ ഉപദേശമൊന്നും കൊടുക്കുവാൻ ഹംവെല്ലിനു സാധിച്ചില്ല. ഒരു വ്യാജസാക്ഷിപത്രം (False identity Card) മാത്രം അയാൾ നൽകി. തന്നിമിത്തം മാർട്ടിൻ ബോർമാൻ അപ്പോൾ മുതൽ മാർട്ടിൻ ബെർഗ്ഗ്മൻ (Martin Bergman) ആയി. എവിടെയെങ്കിലും ഓടിപ്പോയി രക്ഷപെട്ടുകൊള്ളുവാനും അയാൾ ഉപദേശിച്ചു.

ദുസ്സഹമായ ദുഃഖവും ഭയവും അവനെ ഗ്രസിച്ചുകഴിഞ്ഞിരുന്നു. ആൽപ്സുപർവ്വതത്തിന്റെ ഗിരിനികരങ്ങളിലും വയൽപ്പരപ്പിലുംകൂടി ആ നിസ്സഹായൻ അനേകദിനരാത്രങ്ങൾ പരിക്ഷീണനായി അലഞ്ഞുനടന്നു. സങ്കലിതസൈന്യം സർവ്വത്ര ഓടിനടക്കുന്ന സമയമായിരുന്നു അതു്. നശിപ്പിച്ചുകളഞ്ഞ പട്ടാളഭക്ഷണം കഴിച്ചു് അവനു രോഗവും പിടിപെട്ടു. ഒളിച്ചിരുന്നു വിശ്രമിക്കുവാൻ അവനു ഒരു സ്ഥലം അത്യന്താപേക്ഷിതമായി. മനഃശക്തി നിശ്ശേഷം തകർന്നുകഴിഞ്ഞിരുന്നു. ഹിററ്ലറിലും അയാളുടെ അത്ഭുതായുധങ്ങളിലും അവനുണ്ടായിരുന്ന വിശ്വാസം കടപുഴകിപ്പോയി. പല പടിവാതിലിലും അവൻ ആർത്തിയോടെ മുട്ടി അഭയം യാചിച്ചു. എന്നാൽ ആ നാടുതെണ്ടിക്കു് ആരും അഭയം നൽകിയില്ല. ഡിഗാളേയുടെ മൊറോക്കൻ ഭടന്മാരും ഹിററ്ലറിന്റെ അവശിഷ്ടസേനാവിഭാഗവും തമ്മിൽ നിറയൊഴിച്ച വെടികളുടെ അവസാനനിനദവും ആ മലയിടുക്കുകളിൽ പ്രതിധ്വനിച്ചു പൊലിഞ്ഞുകഴിഞ്ഞു. ബാലനു് ഇനിയും മരിക്കയല്ലാതെ യാതൊരു രക്ഷയുമില്ലെന്ന ദീക്കായി.

അവന്റെ കണ്ണുകളിൽ ഇരുൾ വ്യാപിച്ചു. മൃത്യുവിന്റെ ഭീകരരൂപം അവനെ സമീപിക്കുന്നതായി അവനുതോന്നി. പക്ഷേ തളർന്ന കാലുകൾ പിന്നെയും നീങ്ങുന്നുണ്ടായിരുന്നു. ആ കൊച്ചുജീവിതം അങ്ങനെ അവസാനിക്കാൻ പാടില്ലത്രെ. (തുടരും)

ചെറുകഥ

# സ്വാതന്ത്ര്യയായ പുത്രി

(ജി. സി. ടീലാർ)

(തുടർച്ച)

വിജയസിംഹന്റെ ക്ഷണമനുസരിച്ചു് ഫാദർ ഷെയിസാൻഡർ രാജകൊട്ടാരത്തിലെത്തി അദ്ദേഹത്തെ സ്വീകരിക്കുവാൻ ഒരു ഭൃത്യൻ കാത്തുനിന്നിരുന്നു. ഭൃത്യൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി ഒരു രഹസ്യമുറിയിലേക്കു്. ഒരു മാർബിൾ വട്ടമേശക്കു ചുററും കുഷൻ ഘടിപ്പിച്ചു കുറെ നല്ല കസേരകളുണ്ടായിരുന്നു. അദ്ദേഹം ഒന്നിൽ ആസനസ്ഥനായി. ഭൃത്യൻ അവിടെനിന്നും മറഞ്ഞു. ഒരത്ഭുതമായി തോന്നി വിജയസിംഹന്റെ ക്ഷണം അദ്ദേഹത്തിനു്.

വാതിൽ തുറക്കപ്പെട്ടു. വിജയസിംഹൻ, ലീലാവതി, രാജമ്മ. മൂന്നുപേരും പ്രവേശിച്ചു് വൈദികനെ അഭിവാദ്യംചെയ്തു. അവർ ആസനസ്ഥരായി. വിജയസിംഹൻ പറഞ്ഞു: "ഫാദർ, എന്റെ മകൾ രാജമ്മയ്ക്കു് ക്രിസ്തുമതത്തെപ്പററി കുറെ പഠിക്കണമെന്നുണ്ടു്. അതിന്റെ പ്രധാനതത്വങ്ങൾ അങ്ങു് ഒന്നു വിവരിച്ചുപറയുക." ഫാദർ ഷെയിസാൻഡറിനു് സന്തോഷമായി. അദ്ദേഹം പറഞ്ഞു: "ക്രിസ്തുമതത്തിൽ അതിപ്രധാനമായി രണ്ടു തത്വങ്ങളേയുള്ളു. ഒന്നാമതു് ഒരു ദൈവം, അതിൽ മൂന്നാളുകൾ. രണ്ടാമത്തേതു്, രണ്ടാമത്തെ ആൾ മനുഷ്യരെ പാപത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി മനുഷ്യനായി അവതരിച്ചു, പീഡനങ്ങൾ സഹിച്ചു, കുരിശിലേറി മരിച്ചു മരണത്തിനുശേഷം മൂന്നാംദിവസം ഉയിർത്തു. ത്രിത്വത്തിലെ രണ്ടാമാളിനെയാണു് ക്രിസ്തുവെന്നു നാം വിളിക്കുന്നതു്." സംതൃപ്തിയുടെ ഭാവം രാജമ്മയുടെ മുഖത്തു തെളിഞ്ഞു. അവൾ ചോദിച്ചു: ക്രിസ്തുമതത്തിൽ ഒററ അവതാരമേയുള്ളോവെന്നു്. ഒന്നേ ആവശ്യമുള്ളു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ആ ഗ്രന്ഥം പലപ്രാവശ്യം വായിച്ചു രാജമ്മ. വായിക്കുന്തോറും ക്രിസ്തുമതത്തെക്കുറിച്ചുള്ള സ്നേഹവും ബഹുമാനവും അവളിൽ വർദ്ധിച്ചു. ലീലാവതിയുടെ അടുക്കൽച്ചെന്നു് ഒരുദിവസം അവൾ പറയുകയാണു്: "എന്റെ അമ്മച്ചി, ദുഷ്ടന്മാരെ നശിപ്പിക്കുവാൻ വേണ്ടി പത്തവതാരങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണു് ഹിന്ദുമതശാസ്ത്രം. എന്നാൽ ദുഷ്ടന്മാരെ രക്ഷിക്കുന്നതിനുവേണ്ടി ഒററ അവതാരം ക്രിസ്തുമതത്തിൽ. ഒരു ദൈവം മനുഷ്യനുവേണ്ടി രക്തം ചിന്തുകയും മരിക്കുകയും ചെയ്യുന്നു എന്ന വിശ്വാസം ക്രിസ്തുമതത്തിലല്ലാതെ മറെറാന്നിലും ഞാൻ കാണുന്നില്ല. ദൈവം നമ്മുടെ പിതാവാണെങ്കിൽ ക്രിസ്തുമതത്തിലെ അവതാരത്തിനേ യുക്തിയോ സത്യമോ ഉള്ളു."

"പഠിച്ചതിനുശേഷം നീ രൂപവല്ക്കരിച്ചിരിക്കുന്ന അഭിപ്രായത്തെ ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷെ നീ ക്രിസ്ത്യാനിയാകുവാനാണു പോകുന്നതെങ്കിൽ രാജ്യത്തിലെ നിയമങ്ങൾ അതിനനുകൂലമല്ലായെന്നു നീ ധരിച്ചിരിക്കണം."

"അതു വളരെ വിചിത്രംതന്നെ. ക്രിസ്തുമതമാണു് സത്യമതമെന്നു എനിക്കു ബോദ്ധ്യപ്പെട്ടാൽ ആ സത്യം സ്വീകരിക്കുന്നതിനു് എന്നെ നിയമം അനുവദിക്കയില്ലെന്നോ! എന്നാൽ അച്ഛൻ എനിക്കനുവദിച്ചുതന്നിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്തു്?"

"എല്ലാ മതത്തെപ്പററിയും പഠിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണു് അച്ഛൻ നൽകിയിരിക്കുന്നതു്. പക്ഷെ ഹിന്ദുമതത്തിൽനിന്നു മാറുവാനുള്ള സ്വാതന്ത്ര്യം നിനക്കുണ്ടായിരിക്കയില്ല".

"പഠിക്കയും ഗ്രഹിക്കയും ചെയ്യുവാൻ സ്വാതന്ത്ര്യമുള്ളവർക്കു് സത്യത്തെ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം പ്രത്യേകമായി ലഭിക്കണമെന്നില്ല. ക്രിസ്തുമതതത്വങ്ങൾ പഠിച്ചു എനിക്കു് അതുമാത്രമാണു് സത്യമെന്നു ബോദ്ധ്യപ്പെട്ടാൽ ആ സത്യം സ്വീകരിക്കുന്നതിനുള്ള എന്റെ സ്വാതന്ത്ര്യം ഒരു മൗലികാവകാശമാണെന്നാണു് എന്റെ വാദം. അതിനാൽ അച്ഛനോടു പറയുക, ഞാൻ ക്രിസ്തുമതം അവലംബിക്കുവാൻ പോകുന്നുവെന്നു്."

"എന്റെ കുഞ്ഞേ, ക്രിസ്തുമതം സത്യമാണെന്നു നീ വിശ്വസിച്ചുകൊള്ളുക. അതിനു ഞങ്ങൾക്കു് ഒരു തടസ്സവുമില്ല. എങ്കിലും നീയെന്തിനു് ഹിന്ദുമതം ഉപേക്ഷിച്ചു് ക്രിസ്ത്യാനിയാകുന്നു?"

"നിങ്ങൾ ലോകമെങ്ങുംപോയി സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാരൂപിയുടെയും നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപെടും; അല്ലാത്തവൻ ശിക്ഷാർഹനായിത്തീരുകയും ചെയ്യും, എന്നത്രെ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു്. ജ്ഞാനസ്നാനം നിത്യരക്ഷയ്ക്കുള്ള ഏകമാ

'മാധവ' ബാലപീയൂഷം

ഗ്രഹണി, കരപ്പൻ, ബാലപീഡ, കരൾവീക്കം മുതലായ എല്ലാവിധ ബാലരോഗങ്ങൾക്കും സിദ്ധൗഷധം! ശരീരപുഷ്ടിയും ഓജസ്സും നൽകുന്ന ഉത്തമ ടോണിക്കു് !

16 ഔൺ: കുപ്പി 3 ക.
8 ഔൺ: കുപ്പി 1 ക. 10 ണ.

മാധവ ഫാർമസി ലിമിററഡ്,—എറണാകുളം

ഏജൻസി ഡെപ്പോ: എറണാകുളം മാർക്കററു് സ്റ്റാൾ നമ്പർ 43 (വടക്കേപ്പടി) Phone: 238 A
ഇവിടെ ഞങ്ങളുടെ എല്ലാവിധ ആയുർവ്വേദ ഔഷധങ്ങളും ഫെഡാപ്പീസ് വിലനിരക്കിൽ ലഭിക്കുന്നതാണു്.

ർഗ്ഗമാണെന്നു ഞാൻ വിശ്വസിക്കുന്നെങ്കിൽ അതു സ്വീകരിക്കുന്നതിൽനിന്നും എന്നെ തടയുന്നതു ശരിയാണോ? സത്യം ഗ്രഹിക്കുവാനുള്ള സ്വാതന്ത്ര്യത്തിൽ സത്യം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യംകൂടി അടങ്ങിയിട്ടില്ലേ?"

"എനിക്കു നിന്നോടു വാദിച്ചു നില്ക്കാൻ നേരമില്ല. ഏതായാലും ഹൈന്ദവസംസ്കാരവും മതവും നീ കൈവെടിയരുതെന്നുമാത്രം ഞാൻ പറയുന്നു."

* * *

ദേവാലയത്തിന്റെ മുററത്തേക്കു പാഞ്ഞുവന്നു ഒരു കാർ. ബഹുമാന്യനായ ഒരതിഥിയായിരിക്കും വന്നിരിക്കുന്നതെന്നു വിചാരിച്ചു് ഫാദർ ഫെയിസാൻഡർ ചില ഒരുക്കങ്ങൾ നടത്തി. കാറിൽനിന്നും ഇറങ്ങിവന്നതു രാജമ്മയാണു്. അദ്ദേഹം അത്ഭുതപരതന്ത്രനായി അവിടെത്തന്നെ നിന്നുപോയി. രാജമ്മ അദ്ദേഹത്തിന്റെ അടുക്കൽ വന്നുപറഞ്ഞു: "ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഒരുങ്ങിയാണു് ഞാൻ വന്നിരിക്കുന്നതു്. അങ്ങു വേഗം എന്നെ ഒരു ക്രിസ്ത്യാനിയാക്കണം."

"ഇന്നത്തെ രാജ്യനിയമങ്ങൾ അനുസരിച്ചു് എനിക്കു ക്രിസ്തുമതത്തെപ്പററി ആരോടും പറയാം. പക്ഷേ ഒരുത്തരേയും ജ്ഞാനസ്നാനപ്പെടുത്തി ക്രിസ്ത്യാനിയാക്കുവാൻ പാടില്ല. ഈ രാജ്യത്തു വസിക്കുന്നിടത്തോളം കാലം ഈ രാജ്യത്തിലെ നിയമങ്ങൾക്കു ഞാൻ വിധേയനാണല്ലോ."

"സെൻറു് പീററർ പറഞ്ഞ മറുപടി അങ്ങു് ഓക്കുന്നുണ്ടായിരിക്കുമല്ലോ. "നിങ്ങളെ കേൾക്കണമോ ദൈവത്തെ കേൾക്കണമോ?" എന്നാണു് അദ്ദേഹം ചോദിച്ചതു്, ക്രിസ്തുമതം പ്രസംഗിക്കുവാൻ പാടില്ലെന്നു പറഞ്ഞ അധികാരികളോടു്."

"അതു് എനിക്കറിയാൻ പാടില്ലാഞ്ഞയില്ല. പക്ഷെ മതമററത്തിനു് എന്തിനു കളമൊരുക്കുന്നുവെന്നു ചിന്തിച്ചുപോകുന്നു."

"എന്റെ ആത്മാവിനെ രക്ഷിക്കണമെന്നുള്ളതു് എന്റെ സ്വന്തം ചുമതലയാണു്. അതിൽനിന്നും എന്നെ തടയുവാൻ യാതൊരു രാഷ്ട്രത്തിനും അധികാരമില്ല. ചെയ്യേണ്ടതു് എനിക്കു ചെയ്തുതരുവാൻ ഞാൻ അപേക്ഷിക്കുന്നു. അങ്ങിൽനിന്നു് ഒരു ദാനം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടു്. നൽകുവാനുള്ള സ്വാതന്ത്ര്യം അങ്ങേക്കും. ഒരു രാഷ്ട്രം നമ്മുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നെങ്കിൽ ആ രാഷ്ട്രം ജനാധിപത്യമുറകൾ അനുസരിക്കുന്ന ഒന്നല്ല."

അദ്ദേഹം രാജമ്മയെ ജ്ഞാനസ്നാനപ്പെടുത്തി. എലിസബത്തു് എന്ന പേരാണു് അവൾ സ്വീകരിച്ചതു്. ചില പത്രങ്ങൾ ആ വാത്ത റിപ്പോർട്ടുചെയ്തു. ആഭ്യന്തരവകുപ്പിന്റെ മന്ത്രി ഉടൻ രാജകൊട്ടാരത്തിൽ എത്തി. "അല്ലയോ മഹാരാജാവെ, ഈ രാജ്യത്തിൽ ഇന്നു് ഏററം വലിയ രാജ്യദ്രോഹം നടന്നിരിക്കുന്നു. ഇവിടുത്തെ കുമാരിയെ ജ്ഞാനസ്നാനപ്പെടുത്തുവാൻ ഒരു വൈദികൻ, പോരാ, വിദേശിയായ ഒരു വൈദികൻ ധൈര്യപ്പെട്ടതു് ഒരിക്കലും ക്ഷന്തവ്യമല്ല. അദ്ദേഹത്തെ ഉടൻ രാജ്യദ്രോഹക്കുററത്തിനു വിചാരണചെയ്തു് നാടുകടത്തേണ്ടതാണു്. ഇനി വിദേശികളായ യാതൊരു മിഷനറിമാരെയും ഈ ദേശത്തു കാലുകുത്തുവാൻ അനുവദിച്ചുകൂടാ. കുമാരിയെ പശ്ചാത്താപം സേവിപ്പിച്ചു് ഹിന്ദുമതത്തിലേക്കു് തിരിച്ചെടുക്കയും ചെയ്യണം."

സുചിന്തിതമായിരുന്നു വിജയസംഹന്റെ മറുപടി. "താങ്കൾ ക്ഷോഭിക്കാതിരിക്കുക. സതിയുടെയും, അടിമക്കച്ചവടത്തിന്റെയും, തീണ്ടൽ തൊടീലിന്റെയും, ബഹുഭായ്യാത്വത്തിന്റെയും ഒരു രാജ്യമായിരുന്നു നമ്മുടേതു്. ക്രിസ്തുമതം ഇവിടെ പ്രചരിച്ചതോടുകൂടി അന്ധകാരം നീങ്ങി ഒരു പുതിയ സംസ്കാരത്തിൽ ഈ രാജ്യം ഉയന്നുവന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും ആതുരാലയങ്ങളും ഈ രാജ്യത്തു വദ്ധിച്ചതു് ക്രിസ്ത്യൻ മിഷനറിമാരുടെ നിസ്സ്വാത്ഥസേവനംമൂലമാണു്. അവരുടെ സേവനം നമ്മുടെ കുററംമൂലം തുടന്നു ലഭിക്കാതെ വരുന്നെങ്കിൽ ഭാവിതലമുറയുടെ മുമ്പിൽ നാം തെററുകാരായി ഭവിക്കും."

"അങ്ങും ഒരു ക്രിസ്ത്യാനിയാകുവാൻ പോകയാണോ?" മന്ത്രിയുടെ ആശങ്ക അദ്ദേഹം പ്രകടിപ്പിച്ചു.

—:—

# മരിയവത്സരമഞ്ജരി

## സുമം 2

ദൈവം ഒന്നേയുള്ളൂ. ദൈവസ്വഭാവവും ഒന്നേയുള്ളൂ. എന്നാൽ ദൈവത്തിൽ വ്യതിരിക്തരായ മൂന്നാളുകളുണ്ടു്; പിതാവു്, പുത്രൻ, പരിശുദ്ധാത്മാവ്. പുത്രൻ മനുഷ്യനായി അവതരിച്ചു, മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ. അവിടുന്നു പരിശുദ്ധ കന്യകമറിയത്തിലൂടെയാണു് മനുഷ്യാവതാരം നിർവ്വഹിച്ചതു്. മറിയം ഒരു പുത്രനെ ഗർഭംധരിച്ചു പ്രസവിച്ചു. ഈ പുത്രൻ ദൈവ



പുത്രനും ദൈവവുമാകുന്നു. അതുകൊണ്ടു മറിയം ദൈവത്തിന്റെ അമ്മയായി. ഇതിനെതിരായ നെസ്തോറിയസിന്റെ പാഷണ്ഡതയെ 431-ൽ എഫേസൂസിൽ കൂടിയ സൂനഹദോസു് ശപിക്കുകയും മറിയത്തിന്റെ ദൈവമാതൃത്വത്തെ പ്രഖ്യാപിക്കുകയുംചെയ്തു. മറിയത്തിന്റെ അമാനുഷികമായ പ്രാഭവത്തെ പ്രസ്പഷ്ടമാക്കുന്ന ഒരപദാനമാണിതു്. മനുഷ്യരക്ഷയുടെ പുതിയ വ്യവസ്ഥിതിയിൽ മറിയത്തിന്റെ അവിഭാജ്യമായ ഭാഗഭാഗിത്വത്തേയും അതു വിശദമാക്കുന്നു.

### ദൈവമാതാവു്

ദൈവമാതാവെന്നനിലയിൽ പരിശുദ്ധ ത്രിത്വത്തിന്റെ ആലയമാണു് മറിയം. മിശിഹായെ അവിടുത്തെ തിരുവുദരത്തിൽ ധരിച്ചിരുന്നിടത്തോളംകാലം സത്യത്തിൽ ദൈവത്വവും, ദൈവജീവനും, ദൈവപ്രവത്തനവും എല്ലാം മറിയത്തിൽ നിക്ഷിപ്തമായിരുന്നു. പിതാവു് നിത്യത്വത്തിൽ ബോധജ്ഞാനംവഴി ജനിപ്പിച്ച പുത്രനെ പരിശുദ്ധകന്യകമറിയം തന്റെ ഉദരത്തിൽ ഗർഭം ധരിച്ചു മിശിഹായിൽ ദൈവം പിതാവും, മറിയം മാതാവുമായി. മറിയത്തിന്റെ മാതൃത്വംവഴി ദൈവപുത്രൻ മനുഷ്യപുത്രനായി. മനുഷ്യവർഗ്ഗത്തിന്റെ ശിരസ്സുമായി. മറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവു മിശിഹായുടെ ശരീരം സജ്ജമാക്കി. മറിയം ഇന്നു മിശിഹായോടുകൂടി അവിടുത്തെ മൗതികശരീരമാകുന്ന തിരുസഭയ്ക്കു രൂപംകൊടുക്കുന്നു. പരിശുദ്ധാത്മാവിയാലും വെള്ളത്താലും ദൈവമക്കളുടെ ജീവിതം സമാരംഭിക്കുകയും ചെയ്യുന്നു. അതുകൊണ്ടു നമുക്കു അമ്മയെ നോക്കി പ്രാത്ഥിക്കാം:—

> "ദൈവത്തിന്റെ
> വിശുദ്ധജനനീ,
> ഞങ്ങൾക്കുവേണ്ടി
> അപേക്ഷിക്കുക"

## സുമം 3

യുഗങ്ങൾക്കു മുമ്പെ ഐസയാസ് ദീർഘദർശി പ്രവചിച്ചിട്ടുണ്ടു്, ഒരു കന്യക ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കുമെന്നു്. കന്യകകളുടെ മകുടമായ കന്യകമറിയം അതിന്റെ സാരാത്ഥം ഗ്രഹിച്ചിരുന്നു. ദൈവമാതൃത്വത്തെ അവിടുന്നു ആഗ്രഹിച്ചില്ല. മറിയം വിനീതയായിരുന്നു. എന്നാൽ മനുഷ്യരക്ഷയുടെ സംവിധാനത്തിൽ കന്യാത്വത്തിനു ദൈവം നിശ്ചയിച്ചിരുന്ന സ്ഥാനത്തെപ്പററി മറിയത്തിനറിയാമായിരുന്നതുകൊണ്ടു് അവിടുത്തെ അഭിലാഷത്തെ പൂത്തിയാക്കുന്നതിനു ഏററം വലിയ ബലിയായ കന്യാത്വത്തെ മറിയം ദൈവത്തിനപ്പിച്ചു.

### കന്യകാമാതാവു്

രക്ഷണീയകമ്മത്തിന്റെ ഉദ്ദേശ്യം മനുഷ്യരെ ദൈവമക്കളാക്കി പുനജ്ജന്മം നൽകുവാനായിരുന്നു. ഈ പുനജ്ജന്മത്തിന്റെ ആദ്യമാതൃക രക്ഷകന്റെ ജീവിതാരംഭത്തിൽത്തന്നെ നൽകുന്നതിനും ദൈവം തിരുമനസ്സായി. മറിയത്തിന്റെ കന്യകാമാതൃത്വം മറിയത്തിന്റെ മാത്രമായ ഒരു പ്രത്യേകാപദാനമാണു്. അതവിടുത്തെ കന്യകകളുടെ കന്യകയാക്കുന്നു. അങ്ങേ കന്യാത്വം മാതൃത്വത്തിന്റെ മാററു വർദ്ധിപ്പിക്കുന്നു.

മനുഷ്യാവതാരത്തിന്റെ സംവിധാനത്തിൽ അവതാരമെടുത്ത ദൈവപുത്രൻ കന്യകമറിയത്തെ അമ്മയായി സ്വീകരിച്ചു. ലോകത്തിലുള്ള എല്ലാ മനുഷ്യരും അവിടുത്തെ മക്കളായി തീരത്തക്കവണ്ണം മറിയത്തെ അവിടുന്നു ആത്മീയ അമ്മയാക്കുകയുംചെയ്തു. പറുദീസായിലെ ഹവ്വാ ആദത്തിന്റെ സന്താനങ്ങളെയെല്ലാം പിശാചിനു വിധേയമാക്കി. ഗാഗുൽത്തായിലെ രണ്ടാമത്തെ ഹവ്വാ തന്റെ തിരുസുതനെ ദൈവത്തിനപ്പിച്ചുകൊണ്ടു അവരെ വീണ്ടെടുക്കുന്നതിൽ പങ്കുവഹിച്ചു. ശരീരത്തിനടുത്ത വിധത്തിൽ നമ്മുടെ ശിരസ്സായ മിശിഹായുടെ മാതാവായ കന്യകമറിയം ആത്മികമായവിധത്തിൽ അവിടുത്തെ മൗതികശരീരത്തിന്റെ അവയവങ്ങളായ നമ്മുടെ എല്ലാം അമ്മയായിരിക്കുന്നു.

ജീവൻ നൽകുകയും അതിനെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണു ഒരു മാതാവിന്റെ ധമ്മം. സാക്ഷാത്തായ ജീവൻ ഇഷ്ടപ്രസാദജീവനാകുന്നു. അതു നമ്മെ ദൈവപുത്രരാക്കുന്നു. ഈ ഇഷ്ടപ്രസാദജീവനെ നമ്മിൽ ഉളവാക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിശുദ്ധ കന്യകമറിയം അതീവം ഉൽസുകയാണു്. അവിടുന്നാണു് സകല ഇഷ്ടപ്രസാദങ്ങളുടേയും മദ്ധ്യസ്ഥ. ഈ ഉദ്യോഗം ലോകാവസാനത്തോളവും അവിടുന്നു തുടരുകയും ചെയ്യുന്നു. അങ്ങേ കന്യാത്മത്വത്തിന്റെ തണലിലാണു് അനേകായിരങ്ങൾ ഇന്നു ലോകത്തിൽ വീരോചിതമായി കന്യാത്വംപാലിച്ചു ദൈവശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു മറിയത്തെ നമുക്കു വിളിച്ചപേക്ഷിക്കാം.

> "കന്യകകൾക്കു
> മകുടമായ
> നിർമ്മലകന്യകേ,
> ഞങ്ങൾക്കുവേണ്ടി
> അപേക്ഷിക്കുക"

സെൻറു് വിൻസെൻറു ഡീ പോൾ സഖ്യം

# ഇതൊരു ധമ്മസംഘമോ?

(ഡേവിഡ് മഹാപിള്ള)

സെൻറു് വിൻസെൻറു് ഡി പോൾ സഖ്യം ഒരു ധമ്മസംഘമാണെന്നുള്ള തികഞ്ഞ മിഥ്യാധാരണ പലരിലും—ചില അംഗങ്ങളിൽപ്പോലും—കടന്നുകൂടിയിട്ടുണ്ടു്. സഖ്യത്തെ ഈവിധം അധഃപതിപ്പിക്കുന്ന അംഗങ്ങളും, ഈ പേരിൽ ഇതിനെ അധിക്ഷേപിക്കുകയും അവഗണിക്കുകയും ചെയ്യുന്ന പ്രേക്ഷകരും അത്ര അപൂവ്വമല്ല. "ധമ്മം" വിശാലമായ അത്ഥത്തിൽ വളരെ ശ്രേഷ്ഠമാണു്; തികച്ചും ആദരണീയവുമാണു്. പക്ഷേ, പ്രയോഗംകൊണ്ടു് ഇക്കാലത്തു "ധമ്മം" വളരെയേറെ അധഃപതിച്ചിട്ടുണ്ടു്. ഇന്നു "ധമ്മം", അവജ്ഞയോടും അവഗണനയോടുംകൂടി നിവ്വഹിക്കപ്പെടുന്ന—നിസ്സാരമായ എന്തെങ്കിലും വലിച്ചെറിഞ്ഞുകൊടുക്കുന്ന—വെറും ഒരാചാരമായി തീന്നിരിക്കുകയാണു്. ഈവിധമുള്ള "ധമ്മം," അഥവാ കേവലം ഉദരമായ സഹായംചെയ്യുക എന്നതുമാത്രം പ്രവത്തനമാക്കിയിട്ടുള്ള ഒരു സംഘമാണു് ഈ സഖ്യമെന്നു പൊതുവെ പലക്കും അഭിപ്രായമുണ്ടു്.

ഒരു സംഘടനയുടെ ലക്ഷ്യം, ഉദ്ദേശം, ആദശം പ്രവത്തനങ്ങളാദിയായവയെ പരിഗണിച്ചാണല്ലോ അതിന്റെ സ്വഭാവം നിണ്ണയിക്കുന്നതു്. ഈ സഖ്യത്തിന്റെ സ്വഭാവമെന്തെന്നു്—ഇതൊരു ധമ്മസംഘമോയെന്നു്—നമുക്കല്പമൊന്നു പരിചിന്തിക്കാം.

സഖ്യതയുടെ ലക്ഷ്യം ആത്മവിശുദ്ധീകരണമാണു്. മാനുവൽ പറയുന്നു: "ആത്മരക്ഷയിലുള്ള തീക്ഷ്ണതയിലും പരസ്നേഹത്തിലും ഈ സഖ്യം അടങ്ങിയിരിക്കുന്നു. ഇതുരണ്ടും നേടുവാൻ പ്രയത്നിക്കാത്തവക്കു് ഈ സഖ്യത്തിൽ അംഗങ്ങളാകുവാൻ അവകാശമില്ല." "സാധുക്കളിൽ കഷ്ടപ്പെടുന്ന ക്രിസ്തുവിനെ ദർശിച്ചു ആ സാധുക്കളിൽക്കൂടി ക്രിസ്തുവിനെ സേവിക്കുകയാണു്" സഖ്യതയുടെ പ്രവത്തനാദർശം. സഖ്യതയുടെ ഉദ്ദേശം അംഗങ്ങളെ സജീവവിശ്വാസമുള്ളവരാക്കി നിലനിത്തുകയും, ആ വിശ്വാസചൈതന്യം അന്യരിലേക്കു സംക്രമിപ്പിക്കുകയുമത്രെ. ഒസ്സാനാം പറയുന്നു: "നമ്മുടെ മുഖ്യമായ ഉദ്ദേശം സാധുക്കളെ സഹായിക്കുകയെന്നുള്ളതല്ല. അതു നാം സ്വീകരിച്ച ഒരു മാഗ്ഗംമാത്രമാണു്. നമ്മുടെ ഉദ്ദേശം നമ്മളെത്തന്നെ വിശ്വാസത്തിൽ ജീവനുള്ളവരായി നിലനിത്തുകയും ആ വിശ്വാസം പരസ്നേഹംവഴി അന്യരിലേക്കു പ്രചരിപ്പിക്കുകയുമത്രെ." (Letters Vol i. 226)

സഖ്യത്തിന്റെ ലക്ഷ്യപ്രാപ്തിക്കുള്ള മാഗ്ഗങ്ങൾ രണ്ടുതരമാണു്. ഒന്നു്, പ്രാത്ഥന, ദിവ്യകാരുണ്യസ്വീകരണം ആദിയായ ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ; രണ്ടു്, സാധുഗൃഹസന്ദർശനം, സാധുജനസേവനം, സഹായദാനം ആദിയായ ഭൗതികപ്രവത്തനങ്ങൾ. ഇതിൽ ആദ്ധ്യാത്മികമാർഗ്ഗങ്ങൾ അംഗങ്ങൾ സ്വന്തം ലൗകികതാല്പര്യങ്ങൾക്കുപയോഗപ്പെടുത്തുമെന്നു വിചാരിക്കത്തക്കതല്ല. എന്നാൽ ഭൗതികമാഗ്ഗങ്ങളെ യഥാർത്ഥ ലക്ഷ്യത്തിൽനിന്നു, സ്വന്തം ലൗകികപരമായ സ്വാത്ഥകാര്യങ്ങൾക്കായി—പേരിനും ബഹുമതിക്കും, ഇതരലൗകികകാര്യലാഭങ്ങൾക്കും മററും—ഉപയോഗപ്പെടുത്തുന്നതു അത്ര അസാധാരണമല്ല. യഥാർത്ഥത്തിൽ ഇക്കാലത്തു ഇതു സഖ്യതയുടെ ഭൗതികമാഗ്ഗങ്ങളെ ബാധിക്കുന്ന ഒരപകടമത്രെ. സത്വരശ്രദ്ധയോടുകൂടി വർത്തിക്കാത്ത അംഗങ്ങളും കോൺഫറൻസുകളും ഈ അപകടത്തിൽപ്പെട്ടധഃപതിക്കുന്നതു സാധാരണമാണു്. ഈ അപകടത്തിൽ നിന്നു രക്ഷനേടുന്നതിനു് സഖ്യതയുടെ ലക്ഷ്യത്തിലും ആദർശരൂപികളിലും അംഗങ്ങൾ സർവ്വദാ ജാഗരൂകരായിരിക്കണം. പോരാ, പാവങ്ങളിൽനിന്നും, അവരിൽ കഷ്ടപ്പെടുന്ന ക്രിസ്തുവിനെ പുറത്താക്കാതിരിക്കുന്നതിനു അംഗങ്ങൾ തങ്ങളുടെ വിശ്വാസത്തെ കൂടക്കൂടെ ഉണത്തണം. വിശ്വാസത്താൽ പ്രേരിതരായി പാവങ്ങളിൽ ക്രിസ്തുവിനെ ദർശിക്കാത്തവർ, സ്വന്തലക്ഷ്യങ്ങളിൽ, അതെ സ്വാത്ഥകാര്യങ്ങളിൽ ആകൃഷ്ടരായി, ക്രിസ്തുവിനെ അവരിൽനിന്നും ബഹിഷ്കരിക്കുന്നു. ഇങ്ങനെയുള്ളവർ കേവലം മാഗ്ഗമായ സാധുജനസഹായാദിസഖ്യതയുടെ പ്രവത്തനങ്ങളെ ലക്ഷ്യമാക്കി മാററുന്നു. ഇവർ ഒരിക്കലും യഥാത്ഥലക്ഷ്യം പ്രാപിക്കുകയുമില്ല.

ഇങ്ങനെ, സഖ്യതയിലെ ശാരീരികസഹായങ്ങൾ സഖ്യതയുടെ ഉദ്ദേശസിദ്ധിക്കുള്ള വിവിധ ഉപാധികൾ മാത്രമാണു്. എന്നാൽ ഈ മാഗ്ഗങ്ങൾ അതിൽത്തന്നെ സമ്പൂർണ്ണമല്ല. ഗൃഹസന്ദർശനംകൊണ്ടിതിനെ പരിപുഷ്ടമാക്കണം. ഇതുകൊണ്ടാണു് സാധുഗൃഹസന്ദർശനം (Poor Visit) സഖ്യതയുടെ മുഖ്യപ്രവത്തനമാക്കി വച്ചിട്ടുള്ളതു്. സന്ദർശനമാകട്ടെ സന്ദർശനത്തിനുവേണ്ടി മാത്രമോ, സഹായം കൊണ്ടുപോയി കൊടുക്കുന്നതിനുവേണ്ടിയോ അല്ല. പാവങ്ങളെ ആദ്ധ്യാത്മികവും സാന്മാഗ്ഗികവും സാമൂഹ്യവുമായ കാര്യങ്ങളിൽ സഹായിച്ചും പ്രോത്സാഹിപ്പിച്ചും ഉയത്തുവാനാണു്. കഷ്ടതയനുഭവിക്കുന്ന സാധുക്കൾക്കു ശാരീരികസഹായം ചെയ്യാതെ അവരോടു് ഒരിക്കലും ആദ്ധ്യാത്മികകാര്യങ്ങളെപ്പററി സംസാരിക്കരുതെന്നു, വിൻസെൻറു് ഡി പോൾ പുണ്യവാൻ അദ്ദേഹത്തിന്റെ അനുയായികളോടു് നിർബന്ധമായി ഉപദേശിച്ചിരുന്നു. വിശുദ്ധന്റെ ഈ നിദ്ദേശം സഖ്യത എന്നെന്നും ആദരിച്ചു പരിരക്ഷിച്ചുവരുന്നു. ഇതുകൊണ്ടാണു് പാവങ്ങളെ അവരുടെ വസതികളിൽച്ചെന്നുകണ്ടു സഹായിച്ചാശ്വസിപ്പിച്ചു്, അവരോടു് ആദ്ധ്യാത്മികകാര്യങ്ങളെപ്പററി ഉപദേശിക്കുകയും, അങ്ങനെ അവരുടെ ആത്മവിശുദ്ധീകരണത്തിനു് സഹായിക്കുകയും ചെയ്യണമെന്നു സഖ്യത നിശ്ചയിച്ചിട്ടുള്ളതു്. ഇങ്ങനെ സാധുക്കളെ അവരുടെ ആത്മവിശുദ്ധീകരണത്തിനു് സഹായിക്കുവാനുള്ള, അതിനുവേണ്ട സന്ദർഭം

(ശേഷം 8-ാം പേജിൽ)

വിമർശനവീഥി

# കർദ്ദിനാളിന്റെ സന്ദേശം കേരളീയകത്തോലിക്കർക്കു്

കത്തോലിക്കാസഭയിൽ മാർപ്പാപ്പാ കഴിഞ്ഞാൽ പിന്നത്തെ അധികാരസ്ഥാനത്തിലിരിക്കുന്നതു് കർദ്ദിനാളന്മാരാണു്. ആ സമുന്നതസ്ഥാനം അലങ്കരിക്കുന്ന ബോംബെ മെത്രാപ്പോലീത്താ വലേരിയൻ ഗ്രേഷ്യസ് തിരുമേനിയാണു് അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ 36-ാമതു വാർഷികം ഉൽഘാടനം ചെയ്തതു്. തദവസരത്തിൽ ചെയ്ത പ്രൗഢഗംഭീരമായ പ്രസംഗത്തിൽ തിരുമേനി കേരളീയകത്തോലിക്കർക്കു് പ്രത്യേകമായ ഒരു സന്ദേശം നൽകി. ഇൻഡ്യാ മഹാരാജ്യത്തിലെ സഭാദ്ധ്യക്ഷൻ എന്ന നിലയിൽ തിരുമേനിയുടെ ഉദ്ബോധനങ്ങളെ ഇൻഡ്യൻ കത്തോലിക്കർ അവരുടെ കർത്തവ്യങ്ങൾ സംബന്ധിച്ചുള്ള പ്രാമാണികമായ ഒരു പ്രകാശനമായി പരിഗണിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണല്ലോ. ആകയാൽ കേരളീയകത്തോലിക്കരെ പ്രത്യേകം ഉദ്ദേശിച്ചു് അവിടുന്നു പ്രകാശിപ്പിച്ച അഭിപ്രായങ്ങളും നൽകിയ ഉദ്ബോധനങ്ങളും ഉദ്ധരിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. (പ്രസംഗത്തിന്റെ വിശദമായ രൂപം കഴിഞ്ഞ ലക്കത്തിൽ കൊടുത്തിരുന്നു.)

## ക്രൈസ്തവമനോഭാവം ഇന്നത്തെയാവശ്യം

മലബാറിലെ കത്തോലിക്കർക്കു് ഒരു സുവ്യക്തമായ സന്ദേശം നൽകുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു് തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു:

ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഒരിക്കലും ക്ലേശരഹിതമായിരുന്നിട്ടില്ല, ഇനിയൊരിക്കലും ആയിരിക്കുകയുമില്ല. സന്മാർഗ്ഗം, തത്വശാസ്ത്രം ഈ രണ്ടു മണ്ഡലങ്ങളിൽ ലോകത്തിന്റെ തത്വസംഹിതകളെ നാം ഇന്നു ഖണ്ഡിക്കണം. അതാണു് ഇന്നു നാം അഭിനയിക്കേണ്ട ഭാഗം. മൗലികസത്യങ്ങളുടെ അവഗണന ഇന്നു ലോകമാകെ നടക്കുന്നു. ഇതോടുകൂടി മനുഷ്യനു് അവയിലുള്ള പ്രായോഗികവിശ്വാസം ക്ഷയിക്കുന്നു. മനുഷ്യരുടെ മനസ്സുകൾ നീറിത്തിളയ്ക്കുകയും, അസ്വസ്ഥതകളും പരീക്ഷണങ്ങൾക്കും വശംവദമാകുകയും ചെയ്യുന്നതു് നമ്മുടെ ചുററും നാം കാണുന്നു. ലക്ഷ്യപ്രാപ്തിയെക്കാൾ അന്വേഷണതൃഷ്ണയിൽ, കണ്ടെത്തുന്നതിനെക്കാൾ പരിശോധിച്ചുകൊണ്ടിരിക്കുന്നതിൽ അവർ തല്പരരായി കാണുന്നു. ഇതു തീർച്ചയായും നിഷേധാത്മകമായ ഒരു നടപടിയത്രെ. മനുഷ്യമനസ്സിൽ ഒരു ശൂന്യതയായിരിക്കും ഇതുളവാക്കുന്നതു്. ഈ ശൂന്യതയാണു് ഇന്നത്തെ ഏററവും ആപല്ക്കരമായ അവസ്ഥ. എന്തുകൊണ്ടെന്നാൽ ഈ അവസ്ഥയിൽ മനുഷ്യൻ വിവിധ ചിന്താഗതികൾക്കു ഇരയായിത്തീർന്നുപോകുന്നു. ഇന്നത്തെ ആവശ്യം ഒരു ക്രൈസ്തവമനോഭാവമാകുന്നു. ജീവിതരീതിയെ നിർണ്ണയിക്കുവാൻ ചിന്തയുടെയും പരിശീലനത്തിന്റെയും സുദൃഢമായ ഒരു പദ്ധതി നമുക്കുണ്ടു്. ലോകത്തിനു പ്രദാനംചെയ്യുവാൻ സുനിശ്ചിതമായ ചിലതു നമുക്കുണ്ടു്. നമ്മിൽ സുലഭമായുള്ളതിനെയല്ലാതെ സുലഭമായി അന്യർക്കു നൽകുവാൻ സാധിക്കുകയില്ല. വിശ്വാസം ബലഹീനമാണെങ്കിൽ പ്രവൃത്തിയും ബലഹീനമായിരിക്കും. ഫാദർ മാർട്ടിൻ ഡെയിൽ വിവരിക്കുംപോലെ ആയാൽ പോര. "ദേവാലയത്തിലെ മുട്ടുകുത്തുകായികാഭ്യാസം അവർ നടത്തുന്നു; മുമ്പോട്ടുനീങ്ങുവാൻ സമയം പാർത്തുപാർത്തു് അവർ കഴിക്കുന്നു. എങ്കിലും അവസാനം ഒരടി അവർ മുമ്പോട്ടു നീങ്ങുന്നില്ല. നീങ്ങാൻ അന്യന്മാരെ സഹായിക്കുന്നുമില്ല" എന്നത്രെ അദ്ദേഹം പറയുന്നതു്. മറെറാരുദേഹം പറയുകയാണു് "സഭയെ ആക്രമിക്കുന്നവരെക്കാൾ കൂടുതൽ ദ്രോഹം സഭയ്ക്കു ചെയ്യുന്നതു് അവളെ രക്ഷിക്കുവാൻ പുറപ്പെടുന്നവർ സ്വീകരിക്കുന്ന മാർഗ്ഗങ്ങളാണു്" എന്നു്. വിശാലമായ ഈ ലോകത്തിൽ എല്ലാ കാര്യത്തിനും ഒരു കത്തോലിക്കാ വീക്ഷണകോടിയുണ്ടെന്നു് ധരിക്കേണ്ടതാണാവശ്യം; അച്ചുപത്രികൾതൊട്ടു് നാടകശാലകൾവരെ, വേലക്കാരുടെ കൂലിതൊട്ടു് വ്യവസായങ്ങളിലെ ഓഹരിലാഭംവരെ, ധരിക്കുന്ന വസ്ത്രംതൊട്ടു് വിദേശപൊളിററിക്സുവരെ ഈ വീക്ഷണകോടിക്കു പ്രസക്തിയുണ്ടു്. ഏതാനും ക്രിസ്തീയമായ തുന്നിക്കെട്ടുകളോടുകൂടിയ ഭൗതികമനസ്സാണു് നമ്മിൽ മിക്കവർക്കുമുള്ളതു്. നമ്മുടെ ദേവാലയങ്ങളും സ്കൂളുകളും കോളേജുകളും നമ്മുടെ സാമൂഹ്യസംഘടനകളും കത്തോലിക്കാ പ്രസ്സും നമ്മുടെ ജനലക്ഷങ്ങളിൽ യഥാർത്ഥമായ ഒരു ക്രൈസ്തവമനോഭാവം ഉളവാക്കുവാൻ പര്യാപ്തമായവിധത്തിൽ ശ്രമിക്കുന്നുണ്ടോ? അതു സാവധാനം നിർവ്വഹിക്കേണ്ട ഒന്നത്രെ. ആർഭാടപരമായിരിക്കുകയില്ല ആ പ്രവർത്തനങ്ങൾ. പരിവർത്തനത്തിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഇൻഡ്യയിൽ നമ്മുടെ നില ഉറപ്പിക്കുവാൻ ദീർഘകാലയളവിൽ നമ്മെ പ്രാപ്തരാക്കുന്നതു അമൂല്യമായ ക്രൈസ്തവമനോഭാവമായിരിക്കും.

## ക്രിസ്ത്യാനിയുടെ സാമൂഹ്യമായ ജീവിതകർത്തവ്യം

ഒരു ക്രിസ്ത്യാനിക്കു് തന്റെ ജീവിതോദ്ദേശം സഫലമാകണമെങ്കിൽ സാമൂഹ്യമായ കർത്തവ്യങ്ങൾ അവൻ അനുഷ്ഠിച്ചേ മതിയാവൂ എന്ന തത്വമാണു് തിരുമേനി തുടർന്നു ഉദ്ബോധിപ്പിച്ചതു്:

മനുഷ്യൻ ഒരു സാമൂഹ്യജീവിയാകുന്നു; മാനുഷികമായ സകലതും ജനിക്കുകയും വളരുകയും പുലരുകയും ചെയ്യുന്നതു് സമൂഹത്തിലും സമൂഹത്തിലൂടെയുമാകുന്നു; ഇതിൽനിന്നു സിദ്ധിക്കുന്നതു് മനുഷ്യമൂല്യമുള്ള എന്തെങ്കിലുമുണ്ടെങ്കിൽ അതിൽ ക്രൈസ്തവമൂല്യകാതലുമുണ്ടെന്നത്രെ. തന്നിമിത്തം മാനവവംശത്തിന്റെ എല്ലാ സാമൂഹ്യമൂല്യങ്ങളും ക്രൈസ്തവജീവിതത്തിൽ വ്യക്തിപരമായ മൂല്യങ്ങളായി പ്രവേശിക്കണം. അതുകൊണ്ടത്രെ മാർപ്പാപ്പാമാരുടെ അനവധി കല്പനകളിൽ ഉൽബോധിപ്പിക്കുന്നതു, വിശ്വാസത്തിന്റെ തത്വങ്ങൾ സ്വകാര്യജീവിതത്തിലും ഗാർഹികജീവിതത്തിലും പൗരജീവിതത്തിലും നാം പാലിക്കണമെന്നു്. വ്യക്തിപരവും സാമൂഹ്യവും എന്നുപറയുന്നതു ഏകമായ പരിപൂർണ്ണതയുടെ രണ്ടു മുഖങ്ങൾ ആകുന്നു. ഡോ. കാറൽ ആഡം [illegible] ഭംഗിയായി പറയുന്നു: "[illegible]ത്തിന്റെ മുഴുവൻ പന്ഥാവിലുമുള്ള മൂല്യങ്ങളുടെ സ്ഥിരീകരണമാണു് കത്തോലിസിസം; എല്ലാ നന്മകളിലേക്കുമുള്ള സാർവ്വത്രികവും ഉൽകൃഷ്ടവുമായ പ്രവേശനസൗകര്യം അതിലുണ്ടു് വരപ്രസാദത്തോടു് പ്രകൃതിയും, മതത്തോടു് കലയും, വിശ്വാസത്തോടു് വിജ്ഞാനവും, ഐക്യപ്പെടുന്നു; എല്ലാററിലും എല്ലാം ദൈവം തന്നെയാകത്തക്കവണ്ണം" എന്നു്. സാമൂഹികവ്യവസ്ഥിതിയിൽനിന്നും ഒഴിഞ്ഞുമാറി സ്വത്തിൽനിന്നുകൊണ്ടുതന്നെത്തന്നെ ശുദ്ധീകരിക്കുവാൻ ക്രിസ്ത്യാനിക്കു സാധിക്കുകയില്ല. അന്യരെ ശുദ്ധീകരിക്കുവാൻ അത്രപോലും സാധിക്കുകയില്ല. ഈദൃശ ആദ്ധ്യാത്മികജീവിതത്തെ പരിഹാസ്യമാക്കിത്തീർക്കുവാൻ കമ്മ്യൂണിസത്തിലെ ഭൗതികസിദ്ധാന്തത്തിനു് എളുപ്പത്തിൽ കഴിഞ്ഞു. "മനുഷ്യത്വത്തെ ഉപേക്ഷിച്ചുകൊണ്ടു് ഒരു വിശുദ്ധനായിത്തീരുവാൻ എളുപ്പമത്രെ" എന്നാകുന്നു കാറൽമാർക്സ് എഴുതിയിരിക്കുന്നതു്. സാമൂഹ്യജീവിതത്തിലും ആ ജീവിതം വഴിയും മാത്രമേ ഒരു മനുഷ്യനു് പരിപൂർണ്ണത പ്രാപിക്കുവാൻ കഴിയൂ എന്നു പറയുന്നതുപോലെ ക്രിസ്തുൻ സാമൂഹികൈക്യത്തിൽ വളരെ താണുമുങ്ങിയാൽ മാത്രമേ ഒരു ക്രിസ്ത്യാനിക്കു് പരിപൂർണ്ണത പ്രാപിക്കുവാൻ കഴിയൂ. "സഹോദരസ്നേഹവും ദൈവസ്നേഹവും പൊരുളിൽ ഒന്നുതന്നെയാണു്." (പീയൂസ് 11-ാമൻ 1931 ഏപ്രിൽ 9-ാംനു റോമിൽ കത്തോലിക്കാ പ്രവർത്തന പ്രണേതാക്കളോടുചെയ്ത പ്രസംഗം) തന്നിമിത്തം പൊതുഗുണം എത്രമാത്രം സാമൂഹികജീവിതത്തിൽ നെയ്തുചെലുത്താമോ അത്രമാത്രം ഈശ്വരപ്രസാദം വർദ്ധിക്കുകയും വ്യക്തികളുടെ ഒരു കൂട്ടം എന്നതിലും കവിഞ്ഞു് മനുഷ്യന്റെ ഒരു സമൂഹം അതായതു് മൗതികശരീരത്തിന്റെ വിളനിലം ആകുകയുംചെയ്യും. അതുകൊണ്ടു് ശരിയായ തത്വാധിഷ്ഠിതമായവിധത്തിൽ അൽമായപ്രേഷിതത്വത്തിനുള്ള ഇന്നത്തെ ആഹ്വാനം ക്രൈസ്തവആത്മാവിൽ പ്രേഷിതത്വത്തിനുള്ള വാസനയെ പുനഃസ്ഥാപിക്കുവാനാണു്. ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിലേക്കു് ചൊരിയുന്ന ഒരു വീര്യമാകുന്നു അതു്. ഒന്നും തള്ളിക്കളയാതെ മനുഷ്യജീവിതത്തെ മുഴുവനും ഉൽകൃഷ്ടതരമായ ഒരു ദൈവികജീവിതം ആക്കുന്നു അതു്. അങ്ങനെ മനുഷ്യാവതാരം മിശിഹായുടെ മൗതികശരീരത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇവയെപ്പററിയെല്ലാം ഹൃദയംഗമമായും പ്രായോഗികമായും ബോദ്ധ്യംവന്നാൽ ലോകത്തെ നവീകരിക്കുവാൻ നമുക്കു് സാധിക്കുകയില്ലെന്നു് സംശയിക്കണമോ? ഏതുജാതിയിലും ഏതു ജീവിതത്തുറയിലുമുള്ള എല്ലാ സ്ത്രീപുരുഷന്മാരേയും പരിവർത്തനം ചെയ്യുവാൻ സാധിക്കുകയില്ലെന്നു സംശയിക്കണമോ? ലോകം മുഴുവനും പരിവർത്തനം ചെയ്യാതെ അടങ്ങുകയില്ലെന്ന ഒരാവേശം ഇവരിൽ ചെലുത്തുവാൻ സാധിക്കുകയില്ലെന്നു് സംശയിക്കണമോ? "ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നു, അതു ആളിക്കത്തുവാനല്ലാതെ മറെറന്തു ഞാൻ ഇഷ്ടപ്പെടുന്നു." നമ്മുടെ ഗുരുവിൽനിന്നുമുള്ള ഈ വാക്കുകൾ ദൈവസ്നേഹമാകുന്ന അഗ്നി കത്തിക്കാളുന്ന ഹൃദയങ്ങൾക്കു് പ്രചോദനം നൽകുകതന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ ക്രൈസ്തവാദർശത്തിൽ നിർല്ലീനമായ മനസ്സുകളാണവ.

## ദൈവത്തെപ്രതിയുള്ള സഹോദരസ്നേഹം വേണം

മൂന്നാമതായി, നമ്മുടെ സാമൂഹ്യ കർത്തവ്യനിർവ്വഹണത്തിനു് നമുക്കു് പ്രേരകമായിരിക്കേണ്ടതു് ദൈവസ്നേഹത്തിന്റെ അവശ്യഫലമായ സഹോദരസ്നേഹമാണെന്നു് തിരുമേനി ഉദ്ബോധിപ്പിക്കുന്നു:—

നമ്മുടെ പിതാവായ ദൈവത്തിൽ നാം വിശ്വസിക്കുന്നു; ദൈവപുത്രനായ ഈശോമിശിഹായിൽ നാം വിശ്വസിക്കുന്നു; സ്നേഹത്തിനായി അവിടുന്നു ലോകത്തിലേക്കു വരികയും സ്നേഹത്തിനുവേണ്ടി മരിക്കുകയും മാർഗ്ഗദർശകമായി സ്നേഹത്തിന്റെ തത്വത്തെ മാനവവംശത്തിനു നൽകുകയും ചെയ്തു. നാം വിശ്വസിക്കുന്നു "ഈശോയെ ധിക്കരിക്കുന്ന ഓരോ ശക്തിയും ദൈവത്തിന്റേതല്ലെന്നും അതു ക്രിസ്തുവിരുദ്ധമാണെന്നും" (1-ജോ 4-3) ക്രിസ്തുവിരുദ്ധൻ മനുഷ്യവംശത്തിന്റെ സുഹൃത്തല്ല. ശത്രുവാണെന്നു നാം വിശ്വസിക്കുന്നു; യാതൊരുവൻ ദൈവചൈതന്യത്തിലും ഈശോമിശിഹായുടെ ഹൃദയത്തോടുകൂടിയും ജീവിക്കുന്നു, അവൻ മനുഷ്യന്റെ കൂടുതൽ ഉത്തമനായ സുഹൃത്താണെന്നും മറെറാരു പരിശീലനമാർഗ്ഗത്തിനും കണ്ടെത്താനാവാത്തവിധത്തിൽ അവൻ മനുഷ്യരാശിയുടെ കൂടുതൽ വിശ്വസ്തനായ സേവകനാണെന്നും നാം വിശ്വസിക്കുന്നു! അതുകൊണ്ടു നാം അതിനെ ധൈര്യപൂർവ്വം ഒരു ജീവിതചട്ടമായി സ്വീകരിക്കുന്നു.

"എന്റെ ഏററവും പ്രിയപ്പെട്ടവരേ" വിശുദ്ധ ജോൺ പറയുകയാണു്, "ഈവിധം ദൈവം നമ്മെ സ്നേഹിച്ചെങ്കിൽ, നാം പരസ്പരം സ്നേഹിച്ചേ മതിയാവൂ" (1-ജോ. 4-11). വീണ്ടും, "ആദിയിൽ നിങ്ങൾ ശ്രവിച്ച വിളംബരമാണിതു്. നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്നു്, കായേനെപ്പോലെ അല്ല; അവൻ ദുഷ്ടനായിരുന്നു; അവൻ അവന്റെ സഹോദരനെ വധിച്ചു" (1 ജോ. 13,11-12) പിന്നെയും പറയുന്നു, "ആകയാൽ നമുക്കു ദൈവത്തെ സ്നേഹിക്കുക, എന്തുകൊണ്ടെന്നാൽ ആദ്യമായി ദൈവം നമ്മെ സ്നേഹിച്ചു. ഒരുവൻ, ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും അവന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ അസത്യവാദിയാണു്. 'എന്തുകൊണ്ടെന്നാൽ നേരിട്ടു കാണുന്ന സഹോദരനെ സ്നേഹിക്കാത്തവൻ നേരിട്ടുകാണാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കും. ദൈവത്തിൽനിന്നു നമുക്കുള്ള കല്പനയാണിതു്. യാതൊരുവൻ ദൈവത്തെ സ്നേഹിക്കുന്നു, അവൻ അവന്റെ സഹോദരനേയും സ്നേഹിക്കുന്നു." (1 ജോ. 4—19—21) നാം നിലകൊള്ളുന്നതു് ഈ തത്വത്തിലാണു്. ദൈവസഭയുടെ പൊളിററിക്സ് ആണതെന്നു പറയാം. അപ്പോൾ അതായിരിക്കണം നമ്മുടെ സ്വന്തം സ്വഭാവവിശേഷത. അതല്ലെങ്കിൽ, നമ്മുടെ വിശ്വാസം മുടന്തിയതായിരിക്കും; അതു നമ്മുടെ ജീവിതത്തിൽ മുദ്രിതമായാൽ നാം ഫലം പുറപ്പെടുവിക്കും, എന്നും എക്കാലവും, മത്സരത്തിന്റെയും വിദ്വേഷത്തിന്റെയും വഴക്കിന്റെയും പ്രവണതകൾ കൊടുംപിരിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ നാം നമ്മെത്തന്നെ പരിശോധിക്കുകയും നമ്മുടെ ജീവിതം നമ്മുടെ വിശ്വാസത്തിനു അനുയോജിച്ചതാണോ എന്നു നോക്കുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമായിരിക്കുന്നു. "നിങ്ങൾ പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ അതിൽനിന്നു മനുഷ്യർ അറിഞ്ഞുകൊള്ളും നിങ്ങൾ എന്റെ ശിഷ്യരാണെന്നു്." നമ്മെ തിരിച്ചറിയുന്നതിനുള്ള ഒരു ലക്ഷണമല്ലേ ഇതു്? "ഈ ക്രിസ്ത്യാനികൾ എങ്ങനെ പരസ്പരം സ്നേഹിക്കുന്നുവെന്നു നോക്കുവിൻ!" മനുഷ്യർ നമ്മെപ്പററി ഇങ്ങനെ പറയുന്നുണ്ടോ? "നമുക്കു സ്നേഹിക്കാം വാക്കിലും നാവിലും അല്ല; പിന്നയോ പ്രവൃത്തിയിലും സത്യത്തിലും" ഇതാണോ നമ്മുടെ ജീവിതത്തെ നയിക്കുന്ന മാനദണ്ഡം? അതല്ലെങ്കിൽ പിന്നെ മററുള്ളതുകൊണ്ടെല്ലാം എന്തു പ്രയോജനം? സംഖ്യാവർദ്ധനകൊണ്ടു് കാര്യമായില്ല. ഉപദേശവും ആചരണവും കാര്യമുള്ളവയല്ല; ഘോഷവും ആർഭാടവും വെറും തകരത്തിളക്കം മാത്രം; നാം വളരണം, നമുക്കറിയാം; അതു് അപ്രതിഹതമാണു്; കത്തോലിക്കാനാമധേയത്തിന്റെ ആവശ്യകതയാണതു്. പക്ഷേ ഭൗതികമായ വികസനം തദനുസാരമായ ധാർമ്മികപ്രകാശനം കൂടാത്തതാണെങ്കിൽ, അങ്ങനെയൊന്നു പ്രതീക്ഷിക്കുക ഭീബത്സമായിരിക്കും. നിങ്ങൾക്കു് നീതിയുടെ സൂര്യനുണ്ടായിരിക്കുകയും, അന്ധതമസ്സു് പുറമെയുള്ള ജനസംഘത്തിന്റെമേൽ കിരണങ്ങളെ വീശുവാൻ അതിനു ശക്തിയില്ലാതിരിക്കുകയും ചെയ്താൽ അതെത്രയോ ഭയാനകമായിരിക്കും!

മനുഷ്യസ്നേഹമാണു നമ്മുടെ സ്വഭാവവിശേഷം എങ്കിൽ, ഓരോ ക്രിസ്ത്യന്റേയും ഹൃദയത്തിൽ അവന്റെ സഹോദരരോടുള്ള സ്നേഹം സജീവമായിരിക്കുന്നുവെങ്കിൽ, ആക്ഷേപം ദോഷം ഉച്ചരിക്കാതെ പരസ്പരം ഭാരങ്ങളെ ചുമക്കുകയും തന്നാൽ ആവുംവിധം തന്റെ അയൽക്കാരനെ സഹായിക്കുകയും രക്ഷിക്കുകയുംചെയ്യുന്നുവെങ്കിൽ, നാം നമ്മുടെ പാരമ്പര്യത്തിനർഹർതന്നെ എന്നു് നമുക്കു് അസന്നിഗ്ദ്ധം അറിയാവുന്നതാണു്. നമുക്കറിയാം നമ്മുടെ സഹജീവികളുടെ ഇടയിൽ ദൈവം നമ്മോടു് ആവശ്യപ്പെട്ടതു് നാം ചെയ്യുന്നുവെന്നു്; നമുക്കറിയാം നമ്മുടെ മാതാവായ തിരുസഭയ്ക്കും, ഈശോമിശിഹായുടെ തിരുഹൃദയത്തിനും, നാം സാന്ത്വനം നൽകുന്നുവെന്നു്; നമുക്കറിയാം ഈലോകത്തിലും, പരലോകത്തിലും, ശാന്തിയുടേയും ക്ഷേമത്തിന്റെയും, സൗഭാഗ്യത്തിന്റേയും അടിത്തറകളെ പണിയുന്നുവെന്നു്. അതുമാത്രമേ ശാശ്വതമായിരിക്കുകയുള്ളൂ.

—o—

## കത്തോലിക്കർക്കു [illegible]

ലക്സംബർഗ്ഗിൽ മേയ് 31-ാം തീയതി നടന്ന പാർലമെന്റിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ നല്ലൊരു ഭാഗം സീററുകൾ കത്തോലിക്കർ കരസ്ഥമാക്കിയിരിക്കുന്നു. സോഷ്യൽ ക്രിസ്ത്യൻ പാർട്ടിയെന്നാണു ഈ കത്തോലിക്കാ സംഘടന അറിയപ്പെടുന്നതു്. പാർലമെന്റിന്റെ ഇപ്പോഴത്തെ നില, കത്തോലിക്കർ 26, സോഷ്യലിസ്റ്റുകാർ 17, ലിബറൽസ് 6; കമ്മ്യൂണിസ്റ്റുകൾ 3 ഇങ്ങനെയാണു്.

—o—

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, June 9, 1954 No. 40

# —വിവിധവൃത്താന്തങ്ങൾ—

## സാമൂഹ്യസേവന കോൺഗ്രസ് 8-ാം സമ്മേളനം

സാമൂഹ്യസേവനത്തിനായുള്ള സാർവ്വദേശീയകത്തോലിക്കാ കോൺഗ്രസ്സിൻെറ (യു. സി. ഐ. എസ്സ്. എസ്സ്) 8-ാമതു പൊതുസമ്മേളനം ഏപ്രിൽ 20 മുതൽ 26 വരെ തീയതികളിൽ ജമ്മനിയിലുള്ള കൊളോൺ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ടു. 32 രാജ്യങ്ങളെ പ്രതിനിധീകരിച്ചു 1200 സാമൂഹ്യപ്രവർത്തക പ്രതിനിധികൾ അതിൽ പങ്കെടുത്തു. ഐ. എൽ. ഓ., യുനെസ്കോ, പാക്സ് റൊമാന, യുവതീസംരക്ഷണസാർവ്വദേശീയകത്തോലിക്കാ അസോസ്സിയേഷൻ മുതലായ ആലോക സംഘടനകൾ അതിൽ പങ്കെടുത്തു. ഇന്ത്യയിൽനിന്നു സി. ബി. സി. ഐ. യെ പ്രതിനിധീകരിച്ചു റവ. ഫാദർ എഫ്. കൗട്ടിൻഹോ അതിൽ സംബന്ധിക്കുകയും കോൺഫറൻസിൻെറ ജനറൽ സിക്രട്ടറി മോസ്സ് റവ. മോൺ. പി. തോമസ്സ് തിരുമനസ്സിലെ ഒരു സന്ദേശം പാരായണം ചെയ്യുകയും ചെയ്തു. മനുഷ്യവ്യക്തിത്വത്തോടുണ്ടാകേണ്ട ബഹുമാനവും, മാറിക്കൊണ്ടിരിക്കുന്ന ലോകാന്തരീക്ഷത്തിൽ അതിനെ സുരക്ഷിതമാക്കേണ്ട അവശ്യാവശ്യകതയുമെന്നതായിരുന്നു പ്രധാന പ്രതിപാദ്യവിഷയം. കൊളോണിലെ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ ഫ്റിംഗ്സ് തിരുമേനി പ്രാരംഭയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

## ആദിമ ക്രിസ്ത്യാനികളുടെ തീക്ഷ്ണതയെ പുനരുജ്ജീവിപ്പിക്കുക

ഇന്നു ലോകത്തെവിടെയും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഭൗതികമനോഭാവത്തിൻെറ വേലിയേററത്തെ പ്രതിരോധിക്കുന്നതിനു കത്തോലിക്കരെല്ലാം ആദിമക്രിസ്ത്യാനികളുടെ കാലത്തുണ്ടായിരുന്ന മതതീക്ഷ്ണതയെ പുനരുജ്ജീവിപ്പിക്കണമെന്നു പരിശുദ്ധ മാർപ്പാപ്പാ ഉൽബോധിപ്പിച്ചിരിക്കുന്നു. മേയ്മാസം 10-ാംതീയതി ഫ്റിബെർഗ്ഗിൽ സമ്മേളിച്ച സ്വിസ്സ് നാഷനൽ കോൺഗ്രസ്സിനെ അഭിസംബോധനചെയ്തുകൊണ്ടു തിരുമേനി നടത്തിയ റേഡിയോ സന്ദേശത്തിലാണ് ഈ ആഹ്വാനം നൽകപ്പെട്ടതു്. "ക്രൈസ്തവേതരവും ഭൗതികതത്പരവുമായ ഒരു സാമൂഹ്യവ്യവസ്ഥിതി ഏകച്ഛത്രാധിപത്യം നടത്തിയിരുന്ന കാലത്താണ് ആദിമക്രിസ്ത്യാനികൾ അതിനെ നേരിടേണ്ടിവന്നതു്. അവർ അതിനെ എതിരിട്ടുകതന്നെ ചെയ്തു. അചഞ്ചലമായ അവരുടെ സ്ഥിരനിഷ്ഠകൊണ്ടും ഗൗരവതരങ്ങളായ ത്യാഗകൃത്യങ്ങൾകൊണ്ടും അവർ വിജയിക്കുകയും ചെയ്തു. അവരുടെ മാതൃകയെ അനുകരിക്കുക." എന്നായിരുന്നു അവിടുത്തെ ഉൽബോധനം.

## ജൂൺ 13-ാംതീയതി അഞ്ചു വിശുദ്ധനാമ പ്രഖ്യാപനങ്ങൾ

വാഴ്ത്തപ്പെട്ട ഡോമിനിക്ക് സാവിയോ, ബഫലോയിലെ ഗാസ്പർ, ജോസഫ് പിഞ്ഞത്തെല്ലി, റോമിലെ മരിയ ക്രൂച്ചിഫിസ, പീററർ ചാനൻ എന്നിവരാണ് നാമകരണം ചെയ്യപ്പെടാനുള്ളവർ.

ഡോമിനിക്ക് സാവിയോ വി. ജോൺ ബോസ്കോയുടെ ശിഷ്യനായിരുന്നു. ആവിദ്യാർത്ഥി 14-ാമത്തെ വയസ്സിൽ 1857 ലാണ് മരണമടഞ്ഞതു്.

ബഫലോയിലെ ഗാസ്പർ 1837-ൽ മരിച്ചു. അദ്ദേഹം ഒരു മെത്രാനു, തിരുരക്തത്തിൻെറ സന്യാസ സമൂഹസ്ഥാപകനുമായിരുന്നു.

ജോസഫ് പിഞ്ഞത്തെല്ലി ഒരു സ്പാനിഷ്കാരനായ ഈശോസഭാംഗമായിരുന്നു. 1811-ൽ അദ്ദേഹം മരിച്ചു, മേയ്മാസാരംഭത്തിൽ നടന്ന കൺസിസ്റ്ററിയോഗത്തിൽ ഇവരുടെ നാമകരണ പര്യാലോചനകൾ നടന്നിട്ടുള്ളതാണ്.

മരിയ ക്രൂച്ചിഫിസ ഉപവിയുടെ ദാസികൾ എന്നറിയപ്പെടുന്ന സന്യാസിനീസമൂഹത്തിൻെറ സ്ഥാപകയാണ്. 1855-ൽ 42-ാമത്തെ വയസ്സിലാണവർ മരിച്ചതു്.

പീററർ ചാനൽ 1841-ൽ വേദസാക്ഷിയായി മരിച്ച ഒരു ഫ്റഞ്ചു വൈദികനാണ്. ഫോർത്തുണാദ്വീപിൽവച്ചു 38-ാമത്തെ വയസ്സിൽ അദ്ദേഹം കൊല്ലപ്പെട്ടു.

## പൗരാവകാശത്തെ തടയുന്ന ബ്രസീൽ ബില്ലിനെ എതിർക്കുന്നു

രാഷ്ട്രീയപാർട്ടികളല്ലാത്ത സംഘടനകളേയും മററും ഗവർമ്മെൻറു പരിപാടികളെപ്പററി പരസ്യമായി ചർച്ചചെയ്യുന്നതിൽനിന്നും തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ ശുപാർശചെയ്യുകയോ എതിർക്കുകയോ ചെയ്യുന്നതിൽനിന്നും തടയുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനു ബ്രസീലിലെ ഗവമ്മെൻറു ആലോചിച്ചുവരുന്നു. പൗരാവകാശധ്വംസകമായ ഈ നിയമത്തെ എതിർത്തുകൊണ്ടു് അവിടത്തെ ഹയരാർക്കി പ്രതിഷേധം പ്രകടിപ്പിച്ചിരിക്കുന്നു. പൗരപരമായ കാര്യങ്ങളിൽ വിശ്വാസികളെ നയിക്കുന്നതിനുള്ള മെത്രാന്മാരുടെ അവകാശത്തെ നിരാകരിക്കുന്നതാണ് പ്രസ്തുത നിയമമെന്നാണ് അവരുടെ ആക്ഷേപം. ബിൽ പാസാകുന്നപക്ഷം അവിടെയുള്ള കത്തോലിക്കാ സംഘടനയാകുന്ന വോട്ടേഴ്സ ലീഗ്ഗ് നിശ്ശബ്ദമാക്കപ്പെടും. എന്തുകൊണ്ടെന്നാൽ അതൊരു രാഷ്ട്രീയസംഘടനയല്ല. കത്തോലിക്കർക്കു അവിടെ തനി രാഷ്ട്രീയപാർട്ടി ഒന്നുമില്ല. തിരഞ്ഞെടുപ്പുവസരങ്ങളിൽ ലീഗാണ് കത്തോലിക്കർക്കു സ്വീകാര്യരായ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതു്.

## വിദ്യാർത്ഥി ചാരന്മാരെ പുറത്താക്കി

പോളണ്ടിലുള്ള ലബ്ളിൻ കാത്തലിക്ക് യൂണിവേഴ്സിററിയിൽനിന്നു 8 വിദ്യാർത്ഥികളെ പുറംതള്ളിയിരിക്കുന്നു. അവർ വിദ്യാർത്ഥികളുടെ ഇടയിൽ മാർക്സിസ്റ്റു സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും പോളിഷ് ഹയരാർക്കിക്കെതിരായി എതിർപ്പുകൾ സൃഷ്ടിക്കുകയുമായിരുന്നു ചെയ്തുകൊണ്ടിരുന്നതു്. അവർ കമ്മ്യൂണിസ്റ്റ് ഏജൻറുമാരാണെന്നും യൂണിവേഴ്സിററിയുടെ ദൈവശാസ്ത്രവകുപ്പിൽ ചേർന്ന് അവിടെ കമ്മ്യൂണിസ്റ്റു സെല്ലുകൾ സംഘടിപ്പിക്കുന്നതിനും കത്തോലിക്കാവിരുദ്ധ പ്രസ്ഥാനങ്ങൾക്കു ശക്തികൂട്ടുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നുമാണ് ബെർലിനിൽ കിട്ടിയിട്ടുള്ള റിപ്പോർട്ടുകളിൽ കാണുന്നതു്. കർദ്ദിനാൾ വിഷിൻസ്കിക്കെതിരായി നടന്നിട്ടുള്ള ഗവർമ്മെൻറുനടപടികളെയും അറസ്റ്റിനേയും നീതീകരിക്കുന്നതിനും സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യങ്ങളിലുള്ള മെത്രാന്മാരുടെ മനോഭാവത്തെ കുററപ്പെടുത്തുന്നതിനും അവർ സന്നദ്ധരാണ്. തിരുസഭയിൽനിന്നു വ്യതിരിക്തമായ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനും അവർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇരുമ്പുമറയ്ക്കകത്തു അവശേഷിച്ചിട്ടുള്ള ഏക പോണ്ടിഫിക്കൽ യൂണിവേഴ്സിററി ലബ്ളിനിലുള്ള ഈ സ്ഥാപനമാണ്.

## ചൈനയിലെ മർദ്ദനം

ചൈനയിലെ മിഷൻരംഗങ്ങളിൽ സുദീർഘസേവനമനുഷ്ഠിച്ചിട്ടുള്ള മേരിനോൾ മിഷനറി റവ. ഫാദർ തോമസ് ബ്രോയർ അവിടെ കമ്മ്യൂണിസ്റ്റുകാർ നിർദ്ദയം വധിച്ച അനേകം വൈദികരുടേയും സന്യാസികളുടേയും ഒരു നീണ്ടപട്ടിക അവരോരോരുത്തരുടേയും മരണത്തീയതിയോടും മൃഗീയമായ മർദ്ദനരീതിയോടുംകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അഞ്ചു മിഷനറിമാരെ രണ്ടു കല്ലുകളുടെയിടയിൽ അവരുടെ തല ഞെരിച്ചുകൊന്നു. ഒരു മിഷനറിയെ ജീവനോടെ കുഴിച്ചുമൂടി. ഒരാളെ തീകൊളുത്തി കത്തിച്ചു. 13 പേരെ നിരത്തുകളിൽക്കൂടി കെട്ടിവലിക്കുകയും അടിച്ചുകൊല്ലുകയും ചെയ്തു. 70 പേരാണ് വെടിവച്ചോ മററുതരത്തിലോ വധിക്കപ്പെട്ടിട്ടുള്ളതു്. 70 പേർ തടവിൽവച്ചുള്ള ക്ഷേമമൂലം മൃതിപ്പെട്ടു. കുത്തിക്കൊന്നതു 3; ശിരച്ഛേദം ചെയ്യപ്പെട്ടതു് 3. ഇങ്ങനെപോകുന്നു 166 പേരുടെ മർദ്ദനചരിത്രം വിവരിക്കുന്ന ആ ഭയാനകമായ റിപ്പോർട്ടു്. "ചൈനയിൽ കത്തോലിക്കാസഭക്കെതിരായി നടക്കുന്ന ക്രമീകൃത നശീകരണം" എന്ന തലക്കെട്ടിലാണ് ന്യൂയോർക്കിൽ പ്രസ്തുത റിപ്പോർട്ടു പരസ്യപ്പെടുത്തപ്പെട്ടിരിക്കുന്നതു്.

## വിശുദ്ധപദ പ്രഖ്യാപനം

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും ഭൂമിയിൽ ക്രിസ്തുവിൻെറ വികാരിയുമെന്ന നിലയിൽ 12-ാംപീയൂസ് മാർപ്പാപ്പാ തിരുമേനി, 10-ാംപീയൂസ് മാർപ്പാപ്പായെ മേയ് 29-ാംതീയതി വൈകിട്ടു് വിശുദ്ധൻ എന്നു നാമകരണം ചെയ്തിരിക്കുന്നു. തൽസമയം വിശാലമായ സെൻറ് പീറേറഴ്സ് സ്ക്വയറിൽ അഞ്ചുലക്ഷം തീർത്ഥകർ സന്നിഹിതരായിരുന്നു.

"നാം ജീവിക്കുന്ന കാലഘട്ടത്തിലേക്കു ദൈവത്താൽ ഉയർത്തപ്പെട്ട വിശുദ്ധൻ" എന്നാണു പന്ത്രണ്ടാംപീയൂസ് തിരുമേനി പ്രഖ്യാപിച്ചതു്.

ഔദ്യോഗികദൗത്യസംഘങ്ങളെ അയച്ചു ഫ്റാൻസ്, സ്പെയിൻ, അയർലണ്ടു്, ഇററലി, പോർട്ടുഗൽ എന്നീ രാജ്യങ്ങളിലെ ഗവമ്മെൻറുകൾ നാമകരണച്ചടങ്ങിൽ സംബന്ധിച്ചിരുന്നു. നാല്പതിലധികം കർദ്ദിനാളന്മാരും ഏകദേശം നാനൂറോളം മെത്രാന്മാരും സന്നിഹിതരായിരുന്നു.

"ധന്യചരിതനായ പത്താം പീയൂസിനെ ഒരു വിശുദ്ധനായി നാം വിധിക്കുകയും നിർവചിക്കുകയും വിശുദ്ധന്മാരുടെ പട്ടികയിൽ അദ്ദേഹത്തെ നാം ഉൾപ്പെടുത്തുകയും ചെയ്യുന്നു" എന്നുള്ള വാക്കുകൾ തിരുമേനി ഉച്ചരിച്ചപ്പോൾ ഒരു ഗംഭീരഹർഷാരവം ജനാവലിയിൽനിന്നുയർന്നു. അപ്പോൾ വിശുദ്ധ പത്രോസിൻെറ ദേവാലയത്തിലെയും റോമിലെ മുന്നൂറിൽപ്പരം മററു ദേവാലയങ്ങളിലേയും മണികൾ കൂട്ടമായി ദീർഘനേരം മുഴങ്ങി.

—o—

Pormissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

## ഭ്രാന്തു്, അപസ്മാരം

ഇവയ്ക്കു പ്രത്യേക ചികിത്സ

### മാനസിക ചികിത്സാലയം

(AYURVEDIC MENTAL NURSING HOME)

എറണാകുളം സൗത്തു്



വിഷം ഹേതുവായോ, അതിയായ മാനസികപ്രവർത്തനത്താലോ, ഭയം, ശോകം മുതലായ കാരണങ്ങളാലോ, ഉണ്ടാകുന്ന മാനസീകരോഗങ്ങൾ (എത്ര കാലപ്പഴക്കം ചെന്നതായാലും) ക്കു പുറമെ മററെല്ലാരോഗങ്ങളെയും ചികിത്സിച്ചു സുഖപ്പെടുത്തിവരുന്നു.

വൈദ്യരത്നം കെ. പി. ഗോവിന്ദൻനായർ(Specialist for mental diseases)എല്ലാ ദിവസവും സ്ഥിരമായി ഇവിടെ ഉണ്ടായിരിക്കുന്നതാണ്.

